
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2024 ഒക്ടോബർ
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**ദിയ മോളുടെ തൂവൽ**
എസ് ശാന്തി
(ചിത്രപുസ്തകം)
വില ₹60




**കിലുക്കിട്ടം**
എൻ കെ ദേശം
(ചിത്രപുസ്തകം)
വില ₹130





**രണ്ട് ഡൈനസോർ കുട്ടികൾ**
സൈജ എസ്
(ചിത്രപുസ്തകം)
വില ₹90




**മീശ**
ഷിനോജ് രാജ്
(ചിത്രപുസ്തകം)
വില ₹60




**ഓടിവായോ കീയോ**
ഡോ. ടി പി കലാധരൻ
(ചിത്രപുസ്തകം)
വില ₹90



**ഒരു പ്ലാവിലക്കഥ**
അനിത എസ്
(ചിത്രപുസ്തകം)
വില ₹60

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണ്ണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഒക്ടോബർ 2024
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

Vol:31, Issue: 10
October 2024

ഉള്ളടക്കം



## 18 നാസ്ക മരുഭൂമിയിലെ വിചിത്രചിത്രങ്ങൾ

**കെ സതീഷ്**

പെറുവിലെ നാസ്ക മരുഭൂമിയിൽ നിലത്ത് ചില ചിത്രങ്ങൾ കാണാം. നൂറ്റാണ്ടുകൾ മുമ്പ് വരയ്ക്കപ്പെട്ട അദ്ഭുതചിത്രങ്ങൾ. ആ ചിത്രങ്ങളെക്കുറിച്ചൊരു കഥ.

## പഴയ പിശാച് 12


**പേൾ എസ് ബക്ക്**
പുനരാഖ്യാനം: **ഉണ്ണികൃഷ്ണൻ പൂങ്കുന്നം**



പേൾ എസ് ബക്ക് രചിച്ച *ദ ഓൾഡ് ഡെമൺ* എന്ന കഥയുടെ പുനരാഖ്യാനം. യുദ്ധം ഒരു ജനതയെ എത്രമാത്രം അരക്ഷിതരാക്കുന്നു എന്ന് ഈ കഥ നമ്മെ ബോധ്യപ്പെടുത്തും.

## 22 സത്യഗ്രഹത്തിന് ഒരു വീട്

**സെബാസ്റ്റ്യൻ പള്ളിത്തോട്**



ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ നാം അധികം കേൾക്കാത്ത ഒരേട്, ജൊഹന്നാസ്ബെർഗിലെ സത്യഗ്രഹ ഹൗസ് സന്ദർശനത്തിലൂടെ ചുരുൾനിവരുന്നു.

തേനീച്ചയും ചിലന്തിയും..................6
ജോയ് വാഴയിൽ
ഭാഷാപരിചയം..................7
സാബു കോട്ടുക്കൽ
എലിഫന്റാ ഗുഹകൾ..................8
കെ രമ
അയാൾ പറഞ്ഞ കഥ..................26
സാകി (എച്ച് എച്ച് മൺറോ)
പുനരാഖ്യാനം: ജോസ് പ്രസാദ്
ബഹിരാകാശവും കാലാവസ്ഥയും..................30
ശ്യാം വി എസ്
ഇരുളും വെളിച്ചവും..................34
എം കൃഷ്ണദാസ്
ഭരണിയിലടച്ച വൈദ്യുതി..................37
പായിപ്ര രാധാകൃഷ്ണൻ
ബുദ്ധിയുള്ള ചിത്രകാരൻ..................38
പള്ളിയറ ശ്രീധരൻ
നമ്മുടെ വയനാട്..................39
നിഷാ കുമാരി പി
നീർക്കാട..................40
ഡോ. ഷീജാകുമാരി കൊടുവഴന്നൂർ
സ്വപ്നനദി..................41
മഞ്ജു പി എൻ
ഒരു സ്റ്റിക്കർച്ചിരി..................42
സൈജ എസ്
ഇളംതളിര്..................44

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജ്ജന സി ജി**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**ടി ആർ രാജേഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: ബോബി എം പ്രഭ

# ഗാന്ധിജിയും അഹിംസയും

അഹിംസ മുൻനിർത്തി സമരം ചെയ്യുക. അതും നൂറ്റാണ്ടുകൾ ഇന്ത്യയെ അടക്കിഭരിച്ചവർക്കെതിരെ. അംഹിസയിലൂന്നിയ ആ സ്വാതന്ത്ര്യസമരം വിജയം കൈവരിക്കുക. അത് നടന്നത് ഇന്ത്യയിലാണ്. അത്തരമൊരു ആശയം മുന്നോട്ടുവച്ചതോ, ഗാന്ധിജിയെന്ന് ലോകം മുഴുവൻ ആദരവോടെ വിളിക്കുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധിയും. അഹിംസയിലൂടെ സമരം ചെയ്യുക. ലോകത്തെ സംബന്ധിച്ചിടത്തോളം അതൊരു അദ്ഭുതമായിരുന്നു.

അഹിംസ മാത്രമായിരുന്നില്ല, മറിച്ച് സ്വതന്ത്രമായ പല സമരമുറകളും രീതികളും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. എന്നിരുന്നാലും ഗാന്ധി നേതൃത്വം നൽകിയ അംഹിസയിലൂന്നിയ പ്രതിഷേധസമരങ്ങൾക്കായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഏറെ പ്രാധാന്യം. നിസ്സഹകരണപ്രസ്ഥാനങ്ങളിലൂടെ, അക്രമമില്ലാത്ത സമരമാർഗ്ഗങ്ങളിലൂടെ ബ്രിട്ടീഷ് ആധിപത്യത്തിന് മറുപടിയാവാൻ ഗാന്ധിക്കു കഴിഞ്ഞു. ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 ഇന്ത്യയിൽ ഗാന്ധിജയന്തിയായി ആഘോഷിക്കുമ്പോൾ അന്നേദിവസം ലോകത്തിന് ലോകഅഹിംസാദിനമാണ്, ഗാന്ധിജി മുന്നോട്ടുവച്ച ആശയത്തെ ലോകം ഏറ്റെടുത്ത് ആചരിക്കുന്നു.

ബഹിരാകാശവും കാലാവസ്ഥാമാറ്റവും എന്ന ആശയത്തിലൂന്നിയാണ് ഇത്തവണത്തെ ബഹിരാകാശവാരം ആചരിക്കുന്നത്. ഒക്ടോബർ 4 മുതൽ 10വരെയാണ് വാരാചരണം. ആദ്യ കൃത്രിമോപഗ്രഹം, സ്പുട്നിക് 1 വിക്ഷേപിച്ചത് 1957 ഒക്ടോബർ 4നായിരുന്നു. പത്തു വർഷത്തിനുശേഷം ബഹിരാകാശം എല്ലാവരുടേതുമാണ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങൾ ബഹിരാകാശ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും അത് 1967 ഒക്ടോബർ 10നു പ്രാബല്യത്തിൽ വരികയും ചെയ്തു. ഈ രണ്ടു തീയതികളെയും ഉൾപ്പെടുത്തിയാണ് ലോകബഹിരാകാശവാരം ആചരിക്കുന്നത്.

ലോകാരോഗ്യദിനം, ലോക ദേശാടനപ്പക്ഷി ദിനം, ലോക തപാൽ ദിനം, ലോക അധ്യാപകദിനം തുടങ്ങിയവയും ഒക്ടോബറിൽത്തന്നെയാണ് ആചരിക്കുന്നത്. ഇത്തരം ദിനാചരണങ്ങളുടെ ഭാഗമാവാൻ നിങ്ങൾ ശ്രദ്ധിക്കണം. അവയെക്കുറിച്ച് കൂടുതൽ പഠിച്ച്, നിങ്ങളുടെതായ സംഭാവനകൾ അതതു മേഖലകളിൽ നൽകാനും നിങ്ങൾക്കാവും. ആശംസകൾ.

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറഞ്ഞയാളാണ് മഹാത്മാ ഗാന്ധി. ലോകത്തിനു മുഴുവൻ എന്നെന്നും പഠിക്കാനുള്ളത് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ ലോകത്തിനു നൽകി. അഹിംസയിലൂടെ മനുഷ്യമനസ്സിനെ കീഴടക്കി. 1869 ഒക്ടോബർ 2നു ജനിച്ച് 1948 ജനുവരി 30ന് കൊല്ലപ്പെടുന്നതുവരെ അദ്ദേഹം ലോകത്തോട് സംവദിച്ചുകൊണ്ടേയിരുന്നു. അദ്ദേഹം മുന്നോട്ടുവച്ച ആശയലോകം എക്കാലത്തും മനുഷ്യർ ചർച്ച ചെയ്യുകതന്നെ ചെയ്യും.**

## സാഹിത്യപ്രതിഭകളിലൂടെ ഒരു യാത്ര

# പൂന്താനം

**ജനനം: 1547**
**മരണം: 1640 (ഏകദേശകാലഘട്ടം)**
**ജനനസ്ഥലം: കീഴാറ്റൂർ, മലപ്പുറം**


വര: കുഞ്ഞിരാമൻ പുത്തൂർ

കേരളത്തിലെ ഭക്തകവികളെക്കുറിച്ച് പറയുമ്പോൾ ആദ്യം ഓർമ്മവരുന്നത് പൂന്താനം നമ്പൂതിരിയെക്കുറിച്ചാവും. ഇന്നത്തെ മലപ്പുറം ജില്ലയിൽ 1547ലാണ് അദ്ദേഹം ജനിച്ചതെന്നാണ് കരുതുന്നത്. പൂന്താനം എന്ന വീട്ടുപേരിലായിരുന്നു അദ്ദേഹം അറിയപ്പെട്ടത്. അതിനാൽ യഥാർത്ഥ പേര് ഇന്നും അജ്ഞാതമാണ്.

ജ്ഞാനപ്പാനയാണ് ഏറ്റവും പ്രസിദ്ധമായ കൃതി. ശ്രീകൃഷ്ണകർണ്ണാമൃതം, സന്താനഗോപാലം പാന തുടങ്ങിയവയാണ് മറ്റു കൃതികൾ. ഇതുകൂടാതെ നിരവധി കീർത്തനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. എഴുത്തുകാർ സംസ്കൃതഭാഷയിൽ രചനകൾ നടത്തിവന്ന കാലഘട്ടത്തിൽ മലയാളത്തിലായിരുന്നു പൂന്താനത്തിന്റെ കൃതികൾ.

മലയാളത്തിലെ സാഹിത്യപ്രതിഭകളെ അറിയാൻ ഒരു അവസരം.
ഓരോ മാസവും ഓരോ സാഹിത്യപ്രതിഭകളെ നമുക്കു പരിചയപ്പെടാം.





# തേനീച്ചയും ചിലന്തിയും

**ജോയ് വാഴയിൽ**

"പാറിപ്പറന്നു കുടുങ്ങിയോ ഞാൻ നെയ്ത
പാരതന്ത്ര്യത്തിൻ വലക്കെട്ടിലിന്നു നീ?
സ്നേഹിപ്പു കർഷകൻ നിന്നെ, നിനക്കൊരു
ഗേഹവും നൽകി,യവൻ മധുമക്ഷികേ!
ഇഷ്ടമല്ലെന്നെയവന്നു കുരുക്കുന്നി-
തഷ്ടിക്കു ഞാൻ കെണിയിൽ ശലഭങ്ങളെ.
എൻവലയെന്റെ സാമ്രാജ്യ,മതിങ്കലാ-
ണെന്റെയാനന്ദം രചിപ്പു ഞാൻ നിത്യവും.
എന്നെ ഗൗനിക്കാതെ  പായും ശലഭങ്ങൾ
വന്നു കുടുങ്ങുന്നതാണു ഹർഷോന്മദം.
എൻ വിഷം തീണ്ടി മരിക്കുവാനാണിന്നു
നിൻ വിധി, ജീവിതം നന്നായറിഞ്ഞു ഞാൻ."

തൻ വലയിൽ വീണ തേനീച്ചയോടിദം
വൻപു പറഞ്ഞു ചിലന്തി ചിരിക്കവേ,
ചൊല്ലിയാ മക്ഷിക: "നീ ജയിക്കുമ്പൊഴു-
മില്ലെനിക്കൊട്ടും നിരാശയീ  ജീവനിൽ
എൻ കുലത്തിനു തേൻ ശേഖരിച്ചേ,നതാ-
ണെൻ ചാരിതാർത്ഥ്യവുമെന്റെ സായൂജ്യവും.
തേൻ ഭുജിച്ചേവരും നൃത്തമാടുമ്പൊഴ-
തെന്നിലുണർത്തുന്നു സ്നേഹത്തുടിപ്പുകൾ.
ഈശ്വരൻ തന്നെനിക്കീ മന,സ്സായതിൽ
വിശ്വപ്രകൃതി വിളങ്ങുന്നിതുണ്മയായ്
എന്റെ ജീവൻ വിടചൊല്ലുന്ന വേളയിൽ
എന്നിലെയുണ്മയും ചേരുമാ ജ്വാലയിൽ."

വാക്കുകളീവിധം കേട്ടു പരിഹാസ-
വാക്കുകൾ വീണ്ടുമുരച്ചൂ ചിലന്തിയും:
"'നീയേറെയദ്ധ്വാനശീലനാം മണ്ടനാ-
ണായതെല്ലാരുമറിയുന്നു, മക്ഷികേ!
സംഭരിക്കുന്നു നീ തേ,നതു സർവവും
സമ്പാദ്യമാക്കുന്നു കർഷകചോരണം.
എന്റെ മഹത്വമറിയാത്ത നിന്നെ ഞാ-
നെൻ വിഷത്തിൻ കരുത്തിന്നറിയിച്ചിടും."

മുന്നോട്ടു പാഞ്ഞൂ ചിലന്തി, വിധിവശാൽ
വന്നെത്തി കർഷകനങ്ങൊരു ചൂലുമായ്.
പാറിപ്പറന്നുപോയ് തേനീച്ച, ചൂലിന്റെ
താഡനമായ് മൂതി വീണൂ ചിലന്തിയിൽ.

വര: വെങ്കി

# വിഭക്തിയും കാരകവും

സാബു കോട്ടുക്കൽ

വിഭക്തി എന്നാലെന്തെന്ന് മുമ്പു പറഞ്ഞത് ഓർക്കുന്നുണ്ടോ? വാക്യത്തിലെ നാമപദങ്ങൾക്ക് ക്രിയയോടുള്ള ബന്ധം സൂചിപ്പിക്കാൻ നാമപദങ്ങളിൽ വരുത്തുന്ന രൂപമാറ്റത്തിനാണ് വിഭക്തി എന്നു പറയുന്നത്. ഈ മാറ്റം സൂചിപ്പിക്കാൻ ചില ശബ്ദങ്ങൾ നാമപദത്തോട് കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഇങ്ങനെ ചേർക്കുന്ന ശബ്ദങ്ങൾക്ക് വിഭക്തി പ്രത്യയങ്ങൾ എന്ന് പേര്.

കാട് എന്ന നാമപദത്തോട് ഇൽ എന്ന ശബ്ദം ചേർത്ത് കാട്ടിൽ എന്നാക്കുന്നത് ഈ ആവശ്യം നിറവേറ്റാനാണ്. നാമപദങ്ങൾക്ക് ക്രിയയോടുള്ള ബന്ധത്തിനും ഒരു പേരുണ്ട്. കാരകം എന്നാണ് അത് അറിയപ്പെടുന്നത്. കാരകബന്ധം സൂചിപ്പിക്കാനാണ് വിഭക്തി ഉപയോഗിക്കുന്നത് എന്ന് ചുരുക്കം.

1 **സുമ വീട്ടിൽ പോയി.**

2 **അമ്മ പശുവിനെ അഴിച്ചു.**

3 **മീന മീരയോട് രഹസ്യം പറഞ്ഞു.**

4 **അനു വിമലിന് ഒരു പേന കൊടുത്തു.**

5 **ബാബു പെൻസിൽകൊണ്ട് ചിത്രം വരച്ചു.**

6 **അനന്യയുടെ പുസ്തകം നനഞ്ഞു.**

7 **പക്ഷി മരക്കൊമ്പിൽ ഇരുന്നു.**

കഴിഞ്ഞ ലക്കത്തിൽ ഉദാഹരിച്ച വാക്യങ്ങൾ തന്നെ നോക്കാം.

ഒന്നാമത്തെ വാക്യം നോക്കുക. ഈ വാക്യത്തിൽ രണ്ടു നാമപദങ്ങളാണുള്ളത്. സുമ, വീട് എന്നിവ. ഇവയ്ക്ക് രണ്ടിനും പോയി എന്ന ക്രിയയുമായി ബന്ധമുണ്ട്. പോയി എന്ന ക്രിയയാണ് ഇവിടെ നടന്നത്. അതു ചെയ്തത് സുമയാണ്. അതുകൊണ്ട്, ഈ വാക്യത്തിലെ കർത്താവാണ് (ക്രിയ ചെയ്യുന്നയാൾ) സുമ എന്നുവരുന്നു. ഈ ബന്ധത്തിന് (ക്രിയ ചെയ്യുന്ന ആളും ക്രിയയും തമ്മിലുള്ള ബന്ധത്തിന്) കർത്തൃകാരക ബന്ധം എന്നാണു പറയുന്നത്. കർത്താവായ നാമപദത്തെ സൂചിപ്പിക്കുന്ന കാരകമാണത് എന്നതിനാലാണ് ഈ പേര് വന്നത്. ഈ ബന്ധം വ്യക്തമാക്കാൻ നിർദേശികാ വിഭക്തിയാണ് ഉപയോഗിക്കുന്നത്.

നിർദേശികാ വിഭക്തിയെ സൂചിപ്പിക്കാൻ നാമത്തോട് പ്രത്യേകം പ്രത്യയമൊന്നും ചേർത്തിട്ടില്ല എന്നകാര്യം ശ്രദ്ധിക്കുക. മിക്കവാറും നിർദേശികയിലിരിക്കുന്ന കർത്തൃസൂചകമായ നാമപദം വാക്യത്തിന്റെ ആരംഭത്തിലാണ് വരുന്നത്.

**കുട്ടി** ഓടി എന്ന വാക്യം നോക്കുക. ഓടുക എന്ന ക്രിയ നിർവഹിച്ചത് കുട്ടിയാണ് എന്ന് വ്യക്തം.

**അമ്മ** കുട്ടിയെ താരാട്ടുപാട്ടു പാടി ഉറക്കി എന്ന വാക്യവും ഇതുപോലെയാണ്.

**കുട്ടി, അമ്മ** എന്നിവയാണ് ഈ വാക്യങ്ങളിലെ കർത്താക്കൾ. ആ പദങ്ങളിൽ പ്രത്യയമൊന്നും ചേർത്തിട്ടില്ല. ഇതാണ് നിർദേശികാ വിഭക്തിയുടെ രീതി.

ഈ രീതിയിൽ മറ്റു വാക്യങ്ങളും നിരീക്ഷിച്ച് കർത്താവിന്റെ സ്വഭാവം മനസ്സിലാക്കുക. ക്രിയയുമായി ബന്ധമുള്ള മറ്റൊരു നാമപദം കൂടി ഒന്നാമത്തെ വാക്യത്തിൽ ഉണ്ടല്ലോ. വീട് എന്നതാണ് അത്. വീട് എന്ന നാമപദത്തിന് പോയി എന്ന ക്രിയയുമായി മറ്റൊരുതരം ബന്ധമാണുള്ളത്. കർത്താവായ സുമ എവിടേക്കാണ് പോയത്? അതു വ്യക്തമാക്കാൻ വീട് എന്ന നാമപദത്തോട് ഇൽ എന്നൊരു പ്രത്യയം ചേർത്ത് വീട്ടിൽ എന്നാക്കിയിരിക്കുന്നു. പോവുക എന്ന ക്രിയ നിർവഹിക്കാൻ കർത്താവിന് ഒരു അധികരണം ആവശ്യമുണ്ട്. ആ അധികരണത്തെ സൂചിപ്പിക്കാനാണ് ഇൽ എന്ന പ്രത്യയം ചേർത്തിട്ടുള്ളത്. കാട്ടിൽ, നാട്ടിൽ, മരത്തിൽ, ബെഞ്ചിൽ, സ്കൂളിൽ, പുസ്തകത്തിൽ എന്നീ പദങ്ങളും ഈ അർത്ഥത്തിലാണ് ഉപയോഗിക്കാറുള്ളത്.



▲ എലിഫന്റാ ഗുഹാക്ഷേത്രത്തിന്റെ ഒരു ഭാഗം

Photo: Francesco Bandarin / UNESCO-

# എലിഫന്റാ ഗുഹകൾ

**കെ രമ**

കെ രമ

യുനെസ്കോയുടെ ലോകപൈതൃക പദവിയുള്ള മുംബൈയിലുള്ള എലിഫന്റാ ദ്വീപിലെ ഗുഹാക്ഷേത്രം. ഏഴ് ഗുഹകളാണ് ഇവിടെയുള്ളത്. ബി സി ഇ മൂന്നാം നൂറ്റാണ്ടിലെ നിർമ്മിതികളും ഇവിടെ കാണാം.

എലിഫന്റാ ദ്വീപിലേക്കുള്ള യാത്രയ്ക്കായി ന്യൂവാശിയിൽനിന്നു കാറിൽ ഗേറ്റ് വേ ഓഫ് ഇന്ത്യയിലേക്കു പോകവേ കാർത്തിയുടെ മുത്തശ്ശൻ മുംബൈ ചരിത്രം ചുരുൾ നിവർത്തി.

“ഇന്നത്തെ മുംബൈ പണ്ട് ഏഴ് ദ്വീപുകൾ ഉൾക്കൊള്ളുന്ന പ്രദേശമായിരുന്നു. മറാഠി സംസാരിക്കുന്ന കോലി ജനതയുടെ ആവാസകേന്ദ്രം. പോർച്ചുഗീസുകാരും പിന്നീട് ഇംഗ്ലീഷുകാരും ഇവിടം കൈയടക്കി. എന്നിട്ട് റോഡുകൾ, പാലങ്ങൾ, റെയിൽവേ തുടങ്ങിയവ നിർമ്മിച്ച് ഇതിനെ ഒന്നാന്തരമൊരു തുറമുഖമാക്കി. ഇന്ത്യയുടെ കവാടം അഥവാ ഗേറ്റ് വേ ഓഫ് ഇന്ത്യ എന്ന സ്മാരകം മുംബൈയിലെ കൊളാബയിൽ ഉണ്ട്. അവിടുന്നാണ് നമുക്ക് എലിഫന്റാ ദ്വീപിലേക്കുള്ള ബോട്ട്.”



കൊളാബയിലെ ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ മുമ്പിൽ സന്ദർശകരുടെ തിരക്കാണ്. 'ഫോട്ടോ എടുത്തു തരാം' എന്ന അഭ്യർത്ഥനയുമായി നിരവധി പേർ പുറകെ കൂടി. മൊബൈൽകാലത്ത് അവർക്ക് കാര്യമായ വരുമാനം കിട്ടുന്നുണ്ടാവില്ല. പുറകിൽ താജ് ഹോട്ടൽ, മുമ്പിൽ ഗേറ്റ് വേ ഓഫ് ഇന്ത്യ! രണ്ടും പശ്ചാത്തലമാക്കി ഓരോ ഫോട്ടോ എടുത്തു.

ഗേറ്റ് വേ ഓഫ് ഇന്ത്യയിൽനിന്ന് ബോട്ടിലാണ് എലിഫന്റാ ദ്വീപിലേക്കു പോകേണ്ടത്. സാധാരണ ബോട്ടിൽ ടിക്കറ്റ് എടുത്ത് ഞങ്ങൾ കയറി. 25 കിലോമീറ്ററോളം അകലെയാണ് എലിഫന്റാ ദ്വീപ്. കടലിലൂടെ ഏതാണ്ട് നാല്പത്തിയഞ്ച് മിനിട്ട് പോകണം.

"ബോട്ടിൽ കയറിയാൽ രണ്ടാളും അടങ്ങിയിരിക്കണം, കടലാണ് കളി വേണ്ട." മുത്തശ്ശൻ പറഞ്ഞു.

ഞാൻ ഉള്ളാലെ ചിരിച്ചു. എനിക്ക് പണ്ടേ വെള്ളം പേടിയാണ്. നീന്തൽ പഠിക്കാൻ പോയ കഥയൊക്കെ ഒരു കഥയാണ്. ബോട്ടിൽ ശ്വാസംപിടിച്ചാണ് ഞാൻ ഇരുന്നത്. കാർത്തി ചറപറാന്ന് എന്തൊക്കയോ പറയുന്നുണ്ടായിരുന്നു. ബോട്ട് ഇറങ്ങിയ ഉടനെ ഒരു കൊച്ചു ടോയ് ട്രെയിനിൽ കയറി. അത് നമ്മളെ ഗുഹകൾക്കു താഴെയുള്ള പടികളുടെ അടുത്ത് എത്തിക്കും. ഗുഹകൾ ഉള്ള കുന്നിൻമുകളിലെത്താൻ ഇനി നിരവധി പടികൾ കയറണം. പടികൾക്ക് ഇരുവശവും കളിപ്പാട്ടങ്ങളും കരകൗശലവസ്തുക്കളും വിൽക്കുന്ന നിരവധി കടകൾ. കാർത്തി അതൊക്കെ നോക്കിനിൽപ്പാണ്. ഞാൻ അവന്റെ കൈയും പിടിച്ച് മുന്നോട്ടുനടന്നു.

ഗുഹ കാണാനുള്ള ടിക്കറ്റ് വാങ്ങിവരുമ്പോൾ മുത്തശ്ശനോട് പോലീസുകാരൻ മറാഠിയിൽ എന്തോ പറഞ്ഞു.

"പോലീസുകാരൻ എന്താ പറഞ്ഞത് എന്നറിയോ? - ഗുഹയുടെ പരിസരത്ത് ധാരാളം കുരങ്ങന്മാർ ഉണ്ട്. എല്ലാം കുസൃതികളാണ്. കൈയിൽ തീറ്റസാധനങ്ങളോ ജ്യൂസോ കണ്ടാൽ പുറകെ കൂടും. കൈയിലുള്ളത് ഇട്ടുകൊടുക്കുകയാണ് നല്ലത്. അല്ലെങ്കിൽ അവ ആക്രമിക്കും."

മുൻവശത്തെ കവാടത്തിനപ്പുറം ഒരു വലിയ ഗുഹ. 39 മീറ്റർ നീളമുണ്ടെന്നാണ് ഗൈഡ് പറഞ്ഞത്. അവിടുത്തെ ഏറ്റവും വലിയ പ്രതിമ 'സദാശിവം', ആണ്. സൃഷ്ടി, സ്ഥിതി, സംഹാരഭാവമാണത്രെ ഈ ശില്പത്തിന് ഉള്ളത്. 5.45 മീറ്റർ ഉയരമുണ്ട്. സി ഇ അഞ്ച് ആറ് നൂറ്റാണ്ടുകളിലാണ് ഇവ നിർമ്മിച്ചത് എന്ന് ആർക്കിയോളജി വിദഗ്ധർ

"അറബിക്കടലിലെ എലിഫന്റാ ദ്വീപിന് ഘരാപുരി എന്നൊരു പേരുകൂടി ഉണ്ടല്ലേ?"

"ഉണ്ട്. ഘരാപുരിയെന്നാൽ ഗുഹകളുടെ നാട്. പോർച്ചുഗീസുകാരാണ് ദ്വീപിന് എലിഫന്റാ എന്ന പേരുനൽകിയത്. അവർ കല്ലിൽ തീർത്ത ആനയുടെ വലിയൊരു ശില്പം ദ്വീപിൽ സ്ഥാപിച്ചു. ഇത് ദ്വീപിന്റെ തെക്കേ തീരത്തായിരുന്നു. പിന്നീട് ബ്രിട്ടീഷുകാർ ഇവിടം കൈയടക്കിയപ്പോൾ അവർ ആ ശില്പത്തെ ഇംഗ്ലണ്ടിലേക്കു കൊണ്ടുപോകാൻ നോക്കി. പക്ഷേ അത് പൊട്ടിപ്പോയി. അതോടെ ആ ശ്രമം ഉപേക്ഷിച്ചു. പൊട്ടിയ കഷണങ്ങൾ ചേർത്തുവെച്ച ആന ഇന്ന് ജീജമാതാ ഉദ്യാനത്തിൽ ഉണ്ട്. എലിഫന്റാ ദ്വീപ് കുന്നിൻപ്രദേശമാണ്. രണ്ട് ചെറിയ കുന്നുകളും അവയെ വേർതിരിക്കുന്ന ചെറിയ താഴ്‌വരയും."



◀ ഒരു ഗുഹാകവാടം

Photo: Navaneeth Krishnan S/ Wikimedia commons

ഗുഹാഭിത്തികളിൽ കൊത്തിയെടുത്തിരിക്കുന്ന ശില്പങ്ങൾ.

Photo: Roland Lin / UNESCO ▼



പറയുന്നു. എല്ലോറ ഗുഹകളിലെ ശില്പങ്ങളെപ്പോലെ തോന്നിയത് എനിക്ക് മാത്രമാണോ?

പാറകൾ മുറിച്ച് നിർമ്മിച്ച വേറെയും ഗുഹകൾ ഉണ്ട്. ഒന്നാം ഗുഹ മുംബൈ തുറമുഖത്തെ അഭിമുഖീകരിച്ചാണ് നിൽക്കുന്നതെങ്കിൽ രണ്ടു മുതൽ അഞ്ചു വരെ ഗുഹകൾ തെക്കുകിഴക്കായി ഒരു നിരയിലാണ്. ആറും ഏഴും ഗുഹകൾ കുന്നിന്റെ കിഴക്കുഭാഗത്ത് ആണ്. പതിനഞ്ച് റിലീഫ് പ്രതിമകൾ ഇന്ത്യൻ ശില്പകലയുടെ വലിയ ഉദാഹരണമായി യുനെസ്കോ വിലയിരുത്തുന്നു എന്ന് നെറ്റിൽ കണ്ടത് ഞാൻ ഓർത്തു. കരിങ്കൽശില്പവേല പടിഞ്ഞാറൻ ഇന്ത്യയിൽ പഴയ കാലത്ത് വികസിച്ചിരുന്നു എന്നതിന് ഏറ്റവും വലിയ ഉദാഹരണങ്ങളാണ് അജന്ത, എല്ലോറ, എലിഫന്റാ ഗുഹകൾ.

“കിഴക്കൻ കുന്നിനെ സ്തൂപക്കുന്ന് എന്നും പടിഞ്ഞാറൻ കുന്നിനെ കാനൻ കുന്ന് എന്നുമാണ് വിളിക്കുന്നത്. ഈ ചെറിയ ദ്വീപിന് സമ്പന്നമായ ഒരു ഭൂതകാലം ഉണ്ടായിരുന്നു. ബുദ്ധന് ഒരു വലിയ സ്തൂപം നിർമ്മിക്കാനായി ഹീനയാന ബുദ്ധമതക്കാരാണ് ആദ്യം ദ്വീപ് കൈവശപ്പെടുത്തിയത്. പോർച്ചുഗീസുകാർ വലിയൊരു ആനയുടെ ശില്പം കല്ലിൽ കൊത്തിവച്ച് പേര് എലിഫന്റാ എന്നാക്കി മാറ്റി.”

ഇത്രയും ഗൈഡുപറഞ്ഞപ്പോൾ ആന പ്രതിമയുടെ കഥ മുത്തശ്ശൻ പറഞ്ഞത് ഞാൻ ഓർത്തു.

“വ്യവസായവൽക്കരണം ഉണ്ടാക്കുന്ന അന്ത

രീക്ഷമലിനീകരണവും ഉപ്പുകാറ്റ് ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും കണക്കിലെടുത്താണ് 1987 ൽ ഈ ഗുഹകളെ ലോക ഹെറിറ്റേജ് പട്ടികയിൽ ഉൾപ്പെടുത്തിയത്.” ഗൈഡ് പറഞ്ഞുനിർത്തി.

അതു നന്നായി - വൃത്തികേടാക്കുന്നതിലും നശിപ്പിക്കുന്നതിലും നമ്മുടെ ആളുകളും ഒട്ടും മോശമല്ല. കടൽയാത്രയ്ക്കിടയിൽ കണ്ട പ്ലാസ്റ്റിക്ക് കുപ്പികളും മാലിന്യങ്ങളും അത് നമുക്കു കാണിച്ചു തരുന്നു.

ഒന്നാം നമ്പർ ഗുഹയിൽനിന്നു ഞങ്ങൾ മുന്നോട്ടു നടന്നു. നിറയെ തൂണുകൾ ഉള്ള മറ്റൊരു ഗുഹാക്ഷേത്രം. കൃത്യമായ അളവുകളോടെ നിരനിരയായി തുണുകൾ - തുറന്ന വരാന്തയ്ക്ക് അപ്പുറം ചെറിയ അറ. അതിനു നടുവിലായി ഒറ്റ ശിലയിൽ തീർത്ത ശിവലിംഗം. ദ്വാരപാലകരായി രണ്ടു സിംഹങ്ങളെ കാണാം. ഹിന്ദു-ബൗദ്ധ നിർമ്മാണരീതികൾ ഇവിടുത്തെ ശില്പങ്ങളിൽ തെളിഞ്ഞുകാണാം. പകുതി മുറിഞ്ഞ നടരാജ വിഗ്രഹങ്ങൾ, നിർവാണത്തിലിരിക്കുന്ന ബുദ്ധനെ ഓർമ്മിപ്പക്കുന്ന ചില ശില്പങ്ങൾ എന്നിവ കണ്ടു.

പുറത്തിറങ്ങി നടക്കവേ വല്ലാതെ ദാഹിച്ചു. രണ്ടു സോഫ്റ്റ്ഡ്രിങ്ക് വാങ്ങി ഞാനും കാർത്തിയും കുടിച്ചു തുടങ്ങിയതേയുള്ളൂ, എവിടുന്നോ പാഞ്ഞെത്തിയ കുരങ്ങന്മാർ ഞങ്ങൾക്കു നേരെ ചാടിവന്നു. അപ്പോഴാണ് പോലീസുകാരൻ പറഞ്ഞത് ഓർമ്മവന്നത്. അതോടെ വേഗം കുപ്പി വലിച്ചെറിയേണ്ടിവന്നു. കുട്ടിക്കുരങ്ങന്മാർ അതു വലിച്ചുകുടിക്കുന്നത് സങ്കടത്തോടെ നോക്കിനിന്നു.

തിരിച്ചിറങ്ങവേ ആനയുടെ മനോഹരമായ ഒരു ശില്പം കാർത്തിയുടെ മുത്തശ്ശൻ വാങ്ങിത്തന്നു, എലിഫന്റായാത്രയുടെ ഓർമ്മയ്ക്ക്.

തിരിച്ച് ബോട്ടിൽ ഇരിക്കെ അടുത്ത യാത്ര മനസ്സിൽ പ്ലാൻചെയ്യുകയായിരുന്നു. സ്കൂൾ തുറക്കാറായി. പോകുന്നതിനു മുമ്പ് വിക്ടോറിയൻ ഗോത്തിക് ആന്റ് ആർട്ട് ഡികോ എൻസെംബിൾസ് ഓഫ് മുബൈ കൂടി കാണണം. അതോടെ മഹാരാഷ്ട്രയിലെ ഹെറിറ്റേജ് സൈറ്റുകൾ പൂർണ്ണമാവും.



ത്രിമൂർത്തി ശില്പം
Photo: Francesco Bandarin / UNESCO

ക്ലാസിക് കഥ

# പഴയ പിശാച്

**പേൾ എസ് ബക്ക്**
**പുനരാഖ്യാനം: ഉണ്ണികൃഷ്ണൻ പൂങ്കുന്നം**

1892ൽ, അമേരിക്കയിലെ പടിഞ്ഞാറൻ വിർജീനിയയിൽ ജനിച്ച പേൾ എസ് ബക്ക്, വളർന്നുവലുതായത് ചൈനയിലായിരുന്നു. ആ നാടിനെ അകമഴിഞ്ഞ് സ്നേഹിച്ച പേൾ ബക്ക് രചിച്ച നോവലാണ്, *ദ ഗുഡ് എർത്ത്. നല്ല ഭൂമി*യെന്ന പേരിൽ മലയാളത്തിലേക്ക് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കൃതിയ്ക്ക് ആദ്യം പുലിറ്റ്സർ പുരസ്കാരവും പിന്നീട്, നൊബേൽ പുരസ്കാരവും ലഭിക്കുകയുണ്ടായി. 1973 ൽ അവർ അന്തരിച്ചു. അവരെഴുതിയ 'ദ ഓൾഡ് ഡെമൺ' എന്ന നീണ്ട ചെറുകഥയുടെ സംഗ്രഹ–പുനഃരാഖ്യാനമാണ് ഈ രചന. യുദ്ധകാലത്തെ കെടുതികളും പരസ്പരമുള്ള യുദ്ധക്കൊതിയും സാധാരണക്കാരുടെ നിരാശയും പ്രതിഷേധവുമെല്ലാം ഈ ചെറുകഥയിൽ കാണാം.



വര: രശ്മി രാഘവൻ

വാങ് മുത്തശ്ശിക്ക് അറിയാമായിരുന്നു, യുദ്ധം നടന്നുകൊണ്ടിരിക്കുകയാണെന്നും ജപ്പാൻകാർ ചൈനക്കാരെ കൊന്നൊടുക്കുകയാണെന്നും. എന്നിട്ടും കേട്ടറിവ് എന്നതിൽ ക്കവിഞ്ഞ്, അവരെ സംബന്ധിച്ചിടത്തോളം, ആ സംഭവമൊരു യാഥാർത്ഥ്യമായിരുന്നില്ല. കാരണം, ആ കുടുംബത്തിൽ ആരുംതന്നെ അന്നുവരേക്കും ജപ്പാൻകാരെ കണ്ടിട്ടില്ല.

ആ വൈകുന്നേരവും അത്താഴത്തിനുശേഷം മുത്തശ്ശി തന്റെ ചെറുമകൻ മേങ്ങിനോടൊപ്പം അണക്കെട്ടിന്റെ പടവുകൾ കയറിച്ചെന്ന് അവിടെ തനിക്കായി ഒരുക്കിയ മുക്കാലിയിൽ ഇരുപ്പുറപ്പിച്ചു. അവിടെ നിന്ന് തന്റെ കാൽക്കീഴിലുള്ള പുഴയിലെ മഞ്ഞനിറമാർന്ന, ആരോടോ പക തീർക്കാനുള്ള വെമ്പലോടെ കുത്തിയൊഴുകുന്ന ജലപ്പരപ്പിലേക്കുതന്നെ നോക്കിയിരുന്നു. വാസ്തവത്തിൽ, ജപ്പാൻകാരെക്കാൾ അവർക്ക് പേടി ആ പുഴയോടായിരുന്നു. അപ്പോഴേക്കും ഗ്രാമവാസികളിൽ പലരും അവിടെ എത്തിച്ചേർന്നിരുന്നു.

“ഞാൻ ജപ്പാൻകാരെ ഒരിക്കലും വിശ്വസിക്കില്ല. അവർ യാത്രചെയ്യുന്നത് വിമാനത്തിലാണത്രേ. എങ്കിലും വിമാനമെന്നൊരു വസ്തുവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.” മുത്തശ്ശി പറഞ്ഞു. പക്ഷേ, ആരും യാതൊരു മറുപടിയും പറഞ്ഞില്ല.

എത്രയോ വർഷങ്ങളായി മുത്തശ്ശി അവരുടെ സായാഹ്നങ്ങൾ ആ അണക്കെട്ടിന്റെ വിശാലമായ മേല്പരപ്പിൽ ചിലവഴിക്കുന്നു! അവർ ആദ്യമായി അവിടേക്കു കയറിച്ചെന്നത്, ഒരു നവവധുവിന്റെ വേഷത്തിലായിരുന്നു. കൂടെ ഭർത്താവുമുണ്ടായിരുന്നു. പക്ഷേ, നിർഭാഗ്യംതന്നെ! ആ വിവാഹ

ജീവിതം ഏറെക്കാലം നീണ്ടുനിന്നില്ല. അദ്ദേഹം ആ പുഴയിൽ മുങ്ങിമരിച്ചു. അതിനുശേഷം, അദ്ദേഹത്തിന്റെ പ്രേതസാന്നിധ്യത്തിൽനിന്ന് എന്നെന്നേക്കുമായി മോചനം കിട്ടാൻ അവർ വർഷങ്ങളോളം ബുദ്ധവിഹാരങ്ങളിൽച്ചെന്ന്, അകംനൊന്ത് പ്രാർത്ഥനകൾ നടത്തി. എന്നാൽ, പല രാത്രികളിലും അവർ ഖിന്നതയോടെ ഓർക്കാറുണ്ട്, സത്യത്തിൽ, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിച്ചിരിക്കുമോ?

അന്നേരം, അവർ പുഴയിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവർക്കറിയാം, നദിയിലെ ജലനിരപ്പ് ഒരു അംഗുലംപോലും ഉയരാനിടയായാൽ, അതൊരു വ്യാളിയെപ്പോലെ ആർത്തട്ടഹസിച്ച്, അത്യാഘാതത്തോടെ പാഞ്ഞടുക്കുമെന്ന്. വാസ്തവത്തിൽ, അപ്രകാരമൊരു കുത്തിയൊഴുക്കിൽപ്പെട്ടായിരുന്നു, അവരുടെ ഭർത്താവ് മുങ്ങിമരിച്ചത്.

അപ്പോഴാണ്, മേങ്ങ് പറഞ്ഞത്:

"മുത്തശ്ശീ, സകലയിടത്തും നിലാവ് പരന്നിരിക്കുന്നു. രാത്രിയിലാണ്, ആകാശത്ത് ജപ്പാൻകാരുടെ വിമാനങ്ങൾ പൊതുവെ പ്രത്യക്ഷപ്പെടുക."

"നിനക്കെങ്ങിനെ അക്കാര്യം അറിയാം?" അടക്കാനാവാത്ത അദ്ഭുതത്തോടെ മുത്തശ്ശി ചോദിച്ചു.

പക്ഷേ, സകലരും നിശ്ശബ്ദരായിരുന്നു. മേങ്ങിന്റെ ഭാര്യയുടെ കൈപിടിച്ച്, മുത്തശ്ശി അണക്കെട്ടിന്റെ പടവുകളിറങ്ങി. പിന്നീട്, ഉറങ്ങാൻ കിടന്നപ്പോൾ, അവരുടെ ചിന്ത മുഴുവനും ജപ്പാൻകാരെക്കുറിച്ചായിരുന്നു. എന്തിനുവേണ്ടിയാണ് അവർ പോരാടുന്നത്?

അപ്പോഴാണ്, മേങ്ങിന്റെ ഭാര്യ ഒച്ചവയ്ക്കുന്നതു കേട്ടത്.

**വെള്ളിയിൽ തീർത്തൊരു വൻമുട്ടപോലെയെന്തോ മാനത്തുനിന്ന്, അകലത്തുള്ള വയലുകളിലൊന്നിൽ വന്നുവീണു. ഉടനെ, അവിടെ മണ്ണിന്റെ ഒരു വൻകൂമ്പാരം ഉയർന്നു. ഒരു നിമിഷംപോലും പാഴാക്കാതെ, ഗ്രാമീണരൊക്കെയും അവിടേക്ക് ഓടിച്ചെന്നു. അവരവിടെ കണ്ടത്, ഒരു കുളത്തോളം വലിപ്പമുള്ളൊരു പിളർപ്പായിരുന്നു.**

"...അവരെത്തിക്കഴിഞ്ഞു..., അവരെത്തിക്കഴിഞ്ഞു...!"

"എന്ത്? എവിടെ?"

അത്രയും ചോദിച്ച്, അവർ അത്യുച്ചത്തിൽ നിലവിളിച്ചു.

"മാനത്ത്..."

ഉടനെതന്നെ, അവരും ചുറ്റിനുമുള്ള ഗ്രാമീണരും പുറത്തേക്കോടി. അപ്പോഴേക്കും നേരം പുലർന്നിരുന്നു. ആകാശത്ത്, വൻകിളികളെപ്പോലെ, എന്തെല്ലാമോ വന്നുനിരന്നിരിക്കുന്നു!

"അക്കാണുന്നതൊക്കെയും എന്താണ്?" മുത്തശ്ശി പരിഭ്രാന്തയായി ചോദിച്ചു.

"വിമാനം...!"

പിന്നീട്, വെള്ളിയിൽ തീർത്തൊരു വൻമുട്ടപോലെയെന്തോ മാനത്തുനിന്ന്, അകലത്തുള്ള വയലുകളിലൊന്നിൽ വന്നുവീണു. ഉടനെ, അവിടെ മണ്ണിന്റെ ഒരു വൻകൂമ്പാരം ഉയർന്നു. ഒരു നിമിഷംപോലും പാഴാക്കാതെ, ഗ്രാമീണരൊക്കെയും അവിടേക്ക് ഓടിച്ചെന്നു. അവരവിടെ കണ്ടത്, ഒരു കുളത്തോളം വലിപ്പമുള്ളൊരു പിളർപ്പായിരുന്നു. വാ തുറക്കാൻപോലുമാകാതെ, അമ്പരപ്പോടെ നോക്കിക്കൊണ്ട്, അവർ അവിടെത്തന്നെ നിന്നു.

ഉടനെ, ആരെങ്കിലും എന്തെങ്കിലും ഉരിയാടാനായി തുനിയുന്നതിനുമ്പ്, ഒരു പേമാരിപോലെ, അത്തരം മുട്ടകൾ വയലിന്റെ പലയിടങ്ങളിലായി തുരുതുരെ വീഴാൻ ആരംഭിച്ചു! നിൽക്കക്കള്ളിയില്ലാതെ, കാണികളെല്ലാം അങ്ങിങ്ങായി ഓടിയൊളിച്ചു. മുത്തശ്ശിമാത്രം, ഓടാനാകാതെ, നിസ്സഹായയായി, അണക്കെട്ടിന്റെ ചുമരിൽ ചാരിയിരുന്നു.

ആ പ്രദേശമാകെ പരിപൂർണ്ണമായും നശിച്ചുകഴിഞ്ഞിരുന്നു. വൈക്കോൽക്കൂനകളും മരത്തിൽതീർത്ത വീടുകളും കത്തിയെരിയാൻ തുടങ്ങിയിരുന്നു. മറ്റ് പോംവഴിയില്ലാതെ ഗ്രാമവാസികളൊക്കെയും പലയിടങ്ങളിലേക്കും ഓടി രക്ഷപ്പെട്ടുകഴിഞ്ഞിരുന്നു.

ഉടനെ, എങ്ങുനിന്നെറിയില്ല, നിരവധി വിമാനങ്ങൾ പറന്നെത്തി മുമ്പത്തെ വിമാനങ്ങളെ ആക്രമിക്കാൻ ആരംഭിച്ചു. അപ്പോഴക്കും ഗോതമ്പ് വിളഞ്ഞുകിടക്കുന്ന വയലുകൾക്കുമീതെ സൂര്യൻ ഉദിച്ചുപൊങ്ങിയിരുന്നു. തെളിമയാർന്ന വേനൽക്കാലാകാശത്ത് വിമാനങ്ങൾ ചാട്ടുളികൾപോലെ പറന്നെത്തി പരസ്പരം തുപ്പിക്കൊണ്ടിരുന്നു.

ഒടുവിൽ, പൊടുന്നനെ സകല ഒച്ചകളും കെട്ടടങ്ങിയപ്പോൾ അവർ കരുതി, ഇനി ഗ്രാമത്തിലേക്ക് തിരികെച്ചെന്ന് വല്ലതുമൊക്കെ അവശേഷിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാമെന്ന്. അങ്ങിങ്ങായി മേല്പുരകളെ താങ്ങിക്കൊണ്ട് ചുമരുകൾ നിലകൊള്ളുന്നു. ആയിടത്തുനിന്ന് മുത്തശ്ശിക്ക് തന്റെ വീട് കാണാനായില്ല. ഉദരത്തിൽ കാളുന്ന വിശപ്പോടെ ചുറ്റിനും നോക്കിക്കൊണ്ട് അവർ അവിടെത്തന്നെ കുത്തിയിരുന്നു. അന്നേരമാണ് കാണാനിടയായത്, താണുപറന്നിരുന്നൊരു വിമാനം പൊടുന്നനെ മൂക്ക് കുത്തി കീഴോട്ടു കുതിക്കുന്നു. പിന്നീട്, മുറിവേറ്റൊരു

കിളിയെപ്പോലെ വട്ടംകറങ്ങിയും ചുറ്റിത്തിരിഞ്ഞും അത് നിലംപതിച്ചു!

മുത്തശ്ശി ഒരുവിധത്തിൽ ഇരുന്നയിടത്തുനിന്ന് എഴുന്നേറ്റുനിന്നു. ഉടനെത്തന്നെ അവർ തീരുമാനിച്ചു, നിലംപതിച്ചു കിടക്കുന്ന ആ വിമാനത്തെ കണ്ടേ തീരൂ. അതുകൊണ്ട്, അവർ വയലുകളിലൂടെ പതുക്കെപ്പതുക്കെ നടക്കാൻ തുടങ്ങി. ഒടുവിൽ, അവർ അതിന്റെ അരികിലെത്തി. എന്നിട്ട്, അതിന്റെ വശത്തൊന്ന് തട്ടിനോക്കി. പിന്നെ, ചുറ്റിനും അല്പനേരം നടന്നു. അതേ, അത് ഏതോ ലോഹത്തിൽ തീർത്തതാണ്! അപ്പോഴാണ്, അവർ ശ്രദ്ധിച്ചത്, ഒരു ചെറുപ്പക്കാരൻ ഇരിപ്പിടത്തിൽ യാതൊരു അനക്കവുമില്ലാതെ ഇരിക്കുന്നു! ആ കാഴ്ച പക്ഷേ, അയാളെ കണ്ടാൽ ഒരു ചൈനക്കാരനാണെന്ന് തോന്നിയിരുന്നില്ല.

അയാളൊരു ജപ്പാൻകാരനായിരിക്കണം. അവർ കരുതി. ചെറുപ്പക്കാരൻ എന്തോ പിറുപിറുത്തു.

“നിങ്ങളിപ്പോൾ എന്താണ് പറഞ്ഞത്?” അവർ ചോദിച്ചു.

പക്ഷേ, അയാൾ യാതൊന്നുംതന്നെ പറഞ്ഞില്ല.

ഉടനെ, അകത്തേക്കു കടന്ന്, അയാളുടെ അരക്കെട്ടിൽ മുറുകെപ്പിടിച്ച്, ഒരുവിധത്തിൽ അയാളെ പതുക്കെ അവർ പുറത്തിറക്കി. അവർ നന്നേ കിതയ്ക്കുന്നുണ്ടായിരുന്നു. ഭാഗ്യവശാൽ, അയാൾ തീരെ പൊക്കം കുറഞ്ഞ, ഒട്ടും ഭാരമില്ലാത്തൊരാളായിരുന്നു. അയാളെ നിലത്തിറക്കിയതും

**നിലംപതിച്ചുകിടക്കുന്ന ആ വിമാനത്തെ കണ്ടേ തീരൂ. അവർ വയലുകളിലൂടെ പതുക്കെപ്പതുക്കെ നടന്ന് അതിന്റെ അരികിലെത്തി. അതിന്റെ വശത്തൊന്ന് തട്ടിനോക്കി. അപ്പോഴാണ് അവർ ശ്രദ്ധിച്ചത്, ഒരു ചെറുപ്പക്കാരൻ ഇരിപ്പിടത്തിൽ യാതൊരു അനക്കവുമില്ലാതെ ഇരിക്കുന്നു!**

കണ്ടതും അവർ തന്നത്താൻ പറഞ്ഞു:

“ഇയാൾ ചത്തുപോയെന്ന് തോന്നുന്നു.”

അവരുടെ ശബ്ദം കേട്ടിട്ടായിരിക്കണം, ചെറുപ്പക്കാരൻ അല്പമൊന്നനങ്ങി. പക്ഷേ, ഒരക്ഷരംപോലും ഉരിയാടിയില്ല. അവർ മെല്ലെ നടന്നടുത്ത് അയാൾ ഇരുന്നിരുന്നയിടത്തേക്ക് എത്തിനോക്കി.

“പരിക്കു പറ്റിയിരിക്കുന്നു.” അവർ ഉറക്കെ നിലവിളിച്ചു.

അവർ അയാളുടെ മണികണ്ഠത്തിൽ തൊട്ടുനോക്കി. ഊഷ്മാവുണ്ടായിരുന്നെങ്കിലും മിടിപ്പ് ക്രമമല്ലായിരുന്നു. അയാൾക്ക് ചൈനക്കാരനെപ്പോലെ കറുത്ത തലമുടിയും ഇരുനിറവുമുണ്ടായിരുന്നു.

അയാൾ വേച്ചുവേച്ച് എഴുന്നേറ്റുനിന്ന്, അവരിലേക്കുതന്നെ ചാഞ്ഞു. അപ്പോൾ, അവർ അയാളെ അള്ളിപ്പിടിച്ചു.

“ഇനി നിങ്ങൾക്ക് എന്റെ വീട്ടിലേക്ക് നടക്കാനാവുമെങ്കിൽ...” അവർ പറഞ്ഞു.

എന്നിട്ട്, തുടർന്നു:

“...പക്ഷേ, അതവിടെത്തന്നെയുണ്ടോ എന്നറിയില്ല.”

അപ്പോൾ ഏറെ വ്യക്തമായിത്തന്നെ അയാളെന്തോ പറഞ്ഞു. എന്നാൽ, യാതൊന്നും തന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവർ അല്പം വിട്ടുമാറി, അയാളെത്തന്നെ തുറിച്ചുനോക്കിക്കൊണ്ട് നിന്നു.

പിന്നീട്, അയാളെ പാതി ചുമന്നും പാതി വലിച്ചിഴച്ചും ഒരുവിധത്തിൽ ഗ്രാമത്തിലെത്തിച്ച് പാതയിൽത്തന്നെ കിടത്തി. അതിനുശേഷം, അവർ തന്റെ വീടു തേടി പുറപ്പെട്ടു.

തന്റെ വീട് അവർക്ക് എളുപ്പത്തിൽത്തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞു. പക്ഷേ വീടാകെ കത്തിനശിച്ചിരുന്നു. വീട് പുതുക്കിപ്പണിയാൻ അത്രയ്ക്ക് വിഷമമുള്ള കാര്യമല്ല. അണക്കെട്ടിനും യാതൊരു കോട്ടവും തട്ടിയിട്ടില്ല.

നേരം കളയാതെ, അവർ ആ ചെറുപ്പക്കാരനെ കിടത്തിയ ഇടത്തേക്കുതന്നെ തിരികെ ച്ചെന്നു. അതേ അവസ്ഥയിൽത്തന്നെ അയാൾ കിടക്കുന്നുണ്ടായിരുന്നു. എങ്കിലും തന്റെ കോട്ടഴിച്ച് അയാൾ ഒരു ചെറിയ സഞ്ചി പുറത്തെടുത്തിരുന്നു. അതിനകത്തുനിന്ന് തുണിക്കഷ്ണങ്ങളും എന്തോ നിറച്ചൊരു കുപ്പിയും അയാൾ വെളിയിലെടുത്തു. വീണ്ടും അയാൾ സംസാരിച്ചു. പക്ഷേ, അയാൾ പറഞ്ഞതെന്തെന്ന് വീണ്ടും അവർക്കു മനസ്സിലായില്ല. പിന്നെ, അയാൾ കൈകൊണ്ട് ആംഗ്യങ്ങൾ കാണിച്ചു. അപ്പോഴാണ് അവർക്ക് അറിയാൻ കഴിഞ്ഞത്, അയാൾക്ക് ആവശ്യം വെള്ളമായിരുന്നെന്ന്.

നിരത്തിൽ ഉടഞ്ഞുതകർന്നു കിടന്നിരുന്ന നിരവധി പാത്രങ്ങളിൽനിന്ന് ഒരെണ്ണമെടുത്ത് അണക്കെട്ടിന്റെ മുകളിൽക്കയറി വെള്ളം നിറച്ച് കൊണ്ടുവന്ന് മുത്തശ്ശി അയാളുടെ മുറിവു കഴുകി. അയാളുടെ പക്കലുള്ള തുണിത്തുണ്ടുകൾ ചീന്തി ചിട്ടപ്പെടുത്തി മുറിവ് കെട്ടാൻ പാകത്തിനുള്ള നാടകൾ തീർത്തു. മുറിവിനുമീതെ തുണിവെച്ചുകെട്ടുന്ന വിദ്യ അയാൾക്കറിയാമായിരുന്നു. അയാൾ കാണിച്ച ആംഗ്യങ്ങളിലൂടെ അവർ നാടകൾ ഉപയോഗിച്ച് മുറിവ് ഭദ്രമായി കെട്ടി.

"നിങ്ങൾ തെക്കുനിന്നാണല്ലേ...?" അവർ ചോദിച്ചു. എന്നിട്ട് തുടർന്നു:

"...നിങ്ങളുടെ ഭാഷ ഞങ്ങളുടേതിനെക്കാൾ വ്യത്യസ്തമാണല്ലോ."

അയാൾ യാതൊരു മറുപടിയും പറഞ്ഞില്ല, കണ്ണുകൾ മിഴിച്ച് അവരെത്തന്നെ തുറിച്ചുനോക്കിക്കൊണ്ട് കിടക്കുകയായിരുന്നു. അപ്പോൾ അവർ പ്രസരിപ്പോടെ പറഞ്ഞു:

"ഇനി നമുക്ക് ഭക്ഷിക്കാനായി എനിക്കെന്തെങ്കിലും കണ്ടെത്താനായെങ്കിൽ..."

അയാൾ യാതൊന്നും പറഞ്ഞില്ല. കിതപ്പോടെ, വെട്ടിയിട്ടതുപോലെ അയാൾ അവിടെത്തന്നെ മലർന്നുകിടന്നു.

"അല്പം ആഹാരം കഴിച്ചാൽ വല്ലാത്തൊരു ആശ്വാസം കിട്ടും..." അവർ സംസാരിച്ചുകൊണ്ടേയിരുന്നു.

"...എനിക്കും അപ്രകാരം തന്നെ..." അടക്കാനാവാത്ത വിശപ്പ് അനുഭവപ്പെടാൻ തുടങ്ങിയിരുന്നു, അവർക്ക്.

അപ്പോഴാണ് അവർക്ക് ഓർമ്മവന്നത്, റൊട്ടിക്കടക്കാരൻ സാങിന്റെ പക്കൽ റൊട്ടിയുണ്ടാകും. പൊടിയണിഞ്ഞ്, കരിപുരണ്ടതാണെങ്കിലും അത് റൊട്ടിതന്നെയായിരിക്കുമല്ലോ. അങ്ങോട്ടു പോകുന്നതിനുമുമ്പ്, അവർ അയാളെ അല്പം നീക്കിക്കിടത്തി, അണക്കെട്ടിന്റെ തീരത്ത് വളർന്നുനിന്നിരുന്ന ഒരു അരളിച്ചെടിയുടെ നിഴലിലേക്ക്. പിന്നീടവർ റൊട്ടിക്കടയിലേക്കു തിടുക്കത്തോടെ നടന്നു.

റൊട്ടിക്കടയുടെ അവസ്ഥയും മറ്റുള്ള വീടുകളെപ്പോലെത്തന്നെയായിരുന്നു. ഉടഞ്ഞുതകർന്ന് നിലംപൊത്തിയ മൺചുമരുകളല്ലാതെ വേറെയൊന്നും അവർക്കാദ്യം കാണാൻ കഴിഞ്ഞില്ല.

അപ്പോഴാണ് അവർക്ക് ഓർമ്മവന്നത്, റൊട്ടി ചുടുന്ന ചൂള, വാതിലിനകത്താണ്. കട്ടിളകൾക്ക് യാതൊരു കേടും സംഭവിച്ചിട്ടില്ല. അത് മേൽക്കൂരയുടെ ഒരുവശത്തെ താങ്ങിക്കൊണ്ട് നിലകൊള്ളുന്നു.

അവൾ കട്ടിളയ്ക്കകത്തേക്ക് കടന്നുനിന്നു. അവിടെയുള്ള പാത്രത്തിന്റെ അടപ്പിലൂടെ കൈയോടിച്ചു. അതിന്റെയടിയിൽ റൊട്ടിയുണ്ടായിരിക്കും.

അവർ തന്റെ കൈത്തണ്ട കൊണ്ട് അതിശ്രദ്ധയോടെ പാത്രത്തിനകത്തേക്ക് പഴുതുതീർത്തു പരിശോധിച്ചു. പൊടിപടലം വല്ലാതെ കഷ്ടപ്പെടുത്തിയെങ്കിലും തിരച്ചിലിനായി ഏറെ സമയം വേണ്ടിവന്നുവെങ്കിലും അവരുടെ ഊഹം തെറ്റിയിരുന്നില്ല. ഉവ്വ്! മരപ്പലകയ്ക്കടിയിൽ, റൊട്ടിയിൽ അവരുടെ വിരലുകൾ തടഞ്ഞു. ഓരോന്നോരോന്നായി അവർ നാല് റൊട്ടികൾ പുറത്തെടുത്തു.

തിരിഞ്ഞുനടക്കുന്നതിനിടയിൽ ഒരു റൊട്ടിയെടുത്ത് അവർ കടിച്ചുതിന്നാൻ തുടങ്ങി.

വൈമാനികനരികിൽ എത്താറായപ്പോഴായായിരുന്നു, അവർ ഒരു ബഹളം കേട്ടത്. എവിടെനിന്നോ എത്തിയ ഒരുകൂട്ടം പട്ടാളക്കാർ അയാളെ വന്നു വളയുന്നു. മുറിവേറ്റ് കണ്ണുകളടച്ച് കിടക്കുന്ന അയാളെ തുറിച്ചുനോക്കിക്കൊണ്ട് അവർ നിൽക്കുകയായിരുന്നു. കൂട്ടത്തിലൊരാൾ മുത്തശ്ശിയെ നോക്കി അട്ടഹസിച്ചു:

"ഈ ജപ്പാൻകാരനെ നിങ്ങൾക്കെവിടെനിന്ന് കിട്ടി?"

"ഏത് ജപ്പാൻകാരൻ?" പട്ടാളക്കാരുടെ അരികിലേക്ക് നടന്നടുത്ത് അവർ ചോദിച്ചു.

"ഇതാ, ഈ കിടക്കുന്നവൻ!" പട്ടാളക്കാർ കൂട്ടത്തോടെ ആക്രോശിച്ചു.

"ഇയാൾ ഒരു ജപ്പാൻകാരനാണോ...?" ഒരു മഹാദ്ഭുതം സംഭവിച്ചതുപോലെ അവർ ഉച്ചത്തിൽ നിലവിളിച്ചു.

"...പക്ഷേ ഇയാളെ കണ്ടാൽ എല്ലാംകൊണ്ടും നമ്മളെപ്പോലെയിരിക്കുന്നല്ലോ... അയാളുടെ മുടി കറുത്തതാണ്... നിറം..."



"ജപ്പാൻകാരൻതന്നെ...!" പട്ടാളക്കാരിലൊരുവൻ നിന്നു കൊണ്ടലറി.

"എന്തോ...!" മുത്തശ്ശി പറഞ്ഞു. "...ഇയാൾ മാനത്തു നിന്ന് പൊട്ടിവീണതാണ്."

"അതേ, ഈ ഗ്രാമമൊരു ശവപ്പറമ്പുപോലെ വിജനമായിരിക്കുന്നു." ഒരു പട്ടാളക്കാരൻ പകപോക്കാനെന്നോണം ഇളിച്ചുകാട്ടിക്കൊണ്ട് പറഞ്ഞു.

"...നിങ്ങൾക്കറിയാമോ മുത്തശ്ശീ, ആരാണ് ഇവിടെയിത്രയും കെടുതികൾ വരുത്തിക്കൂട്ടിയതെന്ന്? ജപ്പാൻകാർ..."

"എനിക്കും അപ്രകാരം തന്നെ തോന്നുന്നു. പക്ഷേ, എന്തുകൊണ്ട്? അതാണ്, എനിക്ക് മനസ്സിലാകാത്ത കാര്യം."

**സമതലത്തിലൂടെ ജപ്പാൻകാർ കുതിച്ചെത്തുന്നു. അണക്കെട്ടിന്റെ കവാടം താൻ തുറന്നുകഴിഞ്ഞാൽ? അവർ ഓർത്തു. കുത്തിയൊഴുകുന്ന പുഴവെള്ളം അവരുടെ നേർക്ക് ആർത്തട്ടഹസിച്ചുകൊണ്ട് പാഞ്ഞടുക്കും! എന്നിട്ട് ഒഴുകി, ഒരു കൂറ്റൻ ജലാശയം തീർത്ത് അവരെയൊക്കെയും ഒഴുക്കിക്കൊണ്ടുപോകും!**

"എന്തുകൊണ്ടാണെന്നോ? എന്തുകൊണ്ടെന്നാൽ, അവർക്ക് നമ്മുടെ നാട് കൈക്കലാക്കണം. അതുകൊണ്ട്."

അപ്പോഴേക്കും പട്ടാളക്കാരൊക്കെയും അവരെ ഒറ്റയ്ക്കാക്കി, നടന്നകലുകയായിരുന്നു. അന്നേരം അവർ പറയുന്നുണ്ടായിരുന്നു:

"അവരിനിയും വരും. ആ കറുത്ത ജാപ്പനീസ് കുള്ളന്മാർ. ഞങ്ങൾക്കിനിയിവിടെ നിൽക്കാൻ പറ്റില്ല."

പക്ഷേ, അവരിലൊരു പട്ടാളക്കാരൻ പൊടുന്നനെ തിരിഞ്ഞുനിന്നു. മുഖംകുനിച്ച്, പരുക്കേറ്റ് കണ്ണുകൾചിമ്മി, യാതൊരനക്കവുമില്ലാതെ കിടക്കുന്ന ജപ്പാൻകാരനെ ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു:

"ഇവൻ ചത്തിരിക്കുന്നു."

അയാളൊരു ജപ്പാൻകാരനോ? ഒറ്റയ്ക്കായിത്തീർന്ന മുത്തശ്ശി അയാളെത്തന്നെ അല്പനേരം നോക്കിക്കൊണ്ട് നിന്നു. കണ്ണടച്ചുകൊണ്ടുള്ള ആ കിടപ്പ് കണ്ടപ്പോൾ അവർ ഉള്ളിലോർത്തു, അവൻ ചെറുപ്പമാണല്ലോ.

പിന്നീട് നടന്ന്, മുത്തശ്ശി പതുക്കെ അണക്കെട്ടിലേക്കുള്ള പടവുകൾ കയറി. അതിന്റെ മേല്പരപ്പിൽ ഇളംകാറ്റ് വീശിയിരുന്നു. കാറ്റേറ്റപ്പോൾ, അവർക്ക് ആശ്വാസം തോന്നി. പൊടുന്നനെ, അവർ അന്തംവിട്ട് നിന്നുപോയി. പുഴവെള്ളം പൊങ്ങി അണക്കെട്ടിന്റെ വക്കോളമെത്തിയിരിക്കുന്നു. എന്ത്! കഴിഞ്ഞ ഒരു മണിക്കൂറിനുള്ളിൽ ജലനിരപ്പ് അത്രത്തോളം ഉയർന്നെന്നോ?!

"എടീ, പഴയ പിശാചേ!" അവർ പുഴയോടൊരു എതിർപ്പിന്റെ സ്വരത്തിൽ പറഞ്ഞു. കാരണം, ഒരു വെള്ളപ്പൊക്കത്തിന്റെ ഭീഷണിയോടെ പുഴ നിലകൊള്ളുന്നു.

കുനിഞ്ഞുനിന്ന് അവർ തന്റെ കൈയും കവിളും കഴുകി. എങ്ങോ പെയ്ത മഴവെള്ളം ഒഴുകിയെത്തിയിട്ടെന്നതുപോലെ നദീജലത്തിന് പതിവിലേറെ കുളിർമ്മയുണ്ടായിരുന്നു. പിന്നീടവർ നിവർന്നുനിന്ന് ചുറ്റിനും ഉറ്റുനോക്കി. അതിദൂരത്ത് ഓടിയകന്നുകൊണ്ടിരുന്ന പട്ടാളക്കാരൊഴികെ യാതൊന്നുംതന്നെ കാണാനില്ലായിരുന്നു. അതിനപ്പുറത്ത്, അല്പമകലെ അടുത്ത ഗ്രാമത്തിന്റെ മങ്ങലാർന്ന രൂപം കാണാൻ കഴിയുന്നുണ്ട്. ഇനി അങ്ങോട്ട് പോവുന്നതായിരിക്കും ഉചിതം. മേങ്ങും ഭാര്യയും തനിക്കായി അവിടെ കാത്തിരിക്കുന്നുണ്ടാവും.

അണക്കെട്ടിൽനിന്ന് താഴോട്ടിറങ്ങാൻ തുടങ്ങുന്നതിനു മുമ്പ്, കിഴക്കെ ആകാശച്ചെരുവിൽ അവരെന്തോ കാണാനിടയായി. ആരംഭത്തിൽ അത് മാനംമുട്ടുന്നൊരു പൊടിപടലമായിരുന്നു. അവർ ആയിടത്തേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ട് നിന്നപ്പോൾ, അത്, ഒട്ടേറെ കറുത്ത പുള്ളികളായിത്തീരുന്നതും പിന്നീട്, തിളക്കമാർന്ന വസ്തുക്കളായി മാറുന്നതും കണ്ടു. അപ്പോഴാണ്, അതെന്താണെന്ന് അവർക്ക് വ്യക്തമായി കാണാൻ കഴിഞ്ഞത്! അതൊക്കെയും എണ്ണിയാൽ തീരാത്ത ആളുകളായിരുന്നു! അവർ പടയാളികളായിരുന്നു! അതേത് പട്ടാളമാണെന്ന് ഉടനെത്തന്നെ അവർക്ക് മനസ്സിലായി.

അവരൊക്കെയും ജപ്പാൻകാരായിരുന്നു. അവർക്കുമേലെ ഇരമ്പിപ്പായുന്ന തിളക്കമാർന്ന വെള്ളി നിറത്തിലുള്ള വിമാനങ്ങളുണ്ടായിരുന്നു. ആരേയോ തേടിയിട്ടെന്നോണം, അവ ചിട്ടയിൽ വട്ടംചുറ്റി.

അവർ ഒരിക്കൽകൂടി കിഴക്കോട്ട് കണ്ണോടിച്ചു. സമതലത്തിലൂടെ ജപ്പാൻകാർ കുതിച്ചെത്തുന്നു. അണക്കെട്ടിന്റെ കവാടം താൻ തുറന്നുകഴിഞ്ഞാൽ? അവർ ഓർത്തു. കുത്തിയൊഴുകുന്ന പുഴവെള്ളം അവരുടെ നേർക്ക് ആർത്തട്ടഹസിച്ചുകൊണ്ട് പാഞ്ഞടുക്കും! എന്നിട്ട് ഒഴുകി, ഒരു കൂറ്റൻ ജലാശയം തീർത്ത് അവരെയൊക്കെയും ഒഴുക്കിക്കൊണ്ടുപോകും! അപ്പോൾ, തീർച്ചയായും അവർക്ക് തന്റെ നേർക്കോ, നാടിന്റെ നേർക്കോ മുന്നേറാൻ കഴിയില്ല.





അണക്കെട്ടിന്റെ കവാടം തുറക്കുന്നതെങ്ങിനെയെന്ന് അവർക്ക് പൂർണ്ണമായും അറിയാമായിരുന്നു.

നിശ്ചയദാർഢ്യത്തോടെ അവർ കവാടത്തിനരികിലേക്കു നടന്നു. അതേ, ചിലർ പട പൊരുതിയത് വിമാനങ്ങൾ ഉപയോഗിച്ചായിരുന്നു. മറ്റു ചിലർ തോക്കുകളെക്കൊണ്ടും. പക്ഷേ, ഇതാ ഒരു പുഴ ഉപയോഗിച്ച് താനൊരു യുദ്ധത്തിൽ ഏർപ്പെടാൻ പോകുന്നു. ജയം നിശ്ചയം! നിവർന്നു നിന്ന്, അവർ ഒരു കൂറ്റൻ മരയാണി ഊരിയെടുത്തു. വെള്ളി നിറംകലർന്ന പച്ചപ്പേറിയ പായലുകൾകൊണ്ട് അതിന് വഴുവഴുപ്പുണ്ടായിരുന്നു. ഉടനെ, വെള്ളത്തിന്റെ ഒരു ധാരയുയർന്നു. ഇനിയൊരു മരയാണികൂടി ഊരിയെടുത്താൽ, മറ്റ് മരയാണികളൊക്കെയും തന്നത്താൻ അറ്റുവീഴും. അവർ സകല കരുത്തുമുപയോഗിച്ച്, അടുത്ത മരയാണി ഇളക്കിയെടുക്കാൻ ആരംഭിച്ചു. അതിന്റെ തുളയിൽനിന്ന് ആ മരയാണി അല്പാല്പമായി ഇളകുന്നുവെന്ന് അവർക്ക് തോന്നി. പൊടുന്നനെയത് തെറിച്ചുവീണു.

ഉടനെ, ആ കവാടം മലർക്കെ തുറന്നു!

“വാടീ നീ, പഴയ പിശാചേ...!”

അത് അവരെ കടന്നുപിടിച്ച്, ആകാശത്തോളം ഉയരത്തിലേക്ക് വലിച്ചെറിയുന്നുവെന്ന് തോന്നി! അത് അവരുടെ കാൽച്ചുവട്ടിലും ഉടലിനു ചുറ്റുമുണ്ടായിരുന്നു! അത് അവളെയിട്ട് അത്യാഹ്ലാദത്തോടെ അങ്ങോട്ടുമിങ്ങോട്ടുമിട്ടുരുട്ടിക്കൊണ്ടിരുന്നു! പിന്നീട്, അതവരെ തന്റെ നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട് ശത്രുവിന്റെ നേർക്ക് ഇരമ്പിയടുത്തു...

കഥ


# നാസ്ക മരുഭൂമിയിലെ വിചിത്രചിത്രങ്ങൾ

കെ സതീഷ്

പെറുവിലെ നാസ്ക മരുഭൂമിയിൽ ഒത്തുകൂടിയിരിക്കയാണ് കുറേയാളുകൾ. ഉദയസൂര്യന്റെ പ്രഭയേറ്റുവാങ്ങിയ അവരുടെ ശരീരങ്ങളുടെ ചലനങ്ങൾക്കൊത്ത് അവരുടെ നീളൻ നിഴലുകളും ചലിച്ചു.

അതിലൊരാൾ നിലത്തൊരു കുറ്റിനാട്ടി. മറ്റൊരാൾ വള്ളിനാരുകൾ പിരിച്ചുണ്ടാക്കിയ ഒരു നീളൻ കയറിന്റെ ഒരറ്റം അതിനോടു ചേർത്തു കെട്ടി. തുടർന്ന് ആ ആൾക്കൂട്ടം രണ്ടുപേർ വീതമായി പിരിഞ്ഞ് നാനാദിശകളിലേക്കും ദ്രുതഗതിയിൽ പാഞ്ഞുചെന്ന് വേറെയും കുറ്റികൾ പലയിടങ്ങളിലായി നാട്ടുകയും അവ ഓരോന്നിലും കയർ വലിച്ചു ചുറ്റി അവയെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്തു. ചിറകുകളനക്കാതെ ആ രംഗം സാകൂതം വീക്ഷിച്ചുകൊണ്ട് രണ്ട് ആൻഡിയൻ കഴുകന്മാർ അവർക്കു മുകളിൽ വട്ടമിട്ടു പറന്നു. തീക്ഷ്ണമായ മരുവെയിലിനെ കൂസാതെയും, പൈദാഹങ്ങൾ വകവെയ്ക്കാതെയും അനുഷ്ഠാന നൃത്തച്ചുവടുകളോടെ അവർ ദിനാന്ത്യംവരെ ആ കൃത്യം തുടർന്നു.

പിറ്റേന്നു കാലത്ത് അവർ തലേന്നു കെട്ടിയ വള്ളിക്കയറിനോടു ചേർത്ത് നീളെ



വര: കെ സതീഷ്

ഒട്ടൊരാഴവും വീതിയുമുള്ള ചാലുകൾ കൂന്താലികൾകൊണ്ട് കീറിത്തുടങ്ങി, ചുവന്ന ചരൽക്കല്ലുകളുടെ സ്ഥാനത്ത് വെൺമയുള്ള അടിമണ്ണ് തെളിയുന്നതു വരെ.

ഏതാനും ദിവസങ്ങൾക്കകം വക്രങ്ങളും കോണുകളും ഋജുരേഖകളും ചേർന്ന് അതൊരു പടുകൂറ്റൻ ചിത്രമായി രൂപം കൊണ്ടു, ചിറകു വിരിച്ച് പറക്കുന്ന ഒരു മൂളക്കുരുവി!

പിറ്റേന്ന് പ്രഭാതത്തിൽ അവരെല്ലാം വീണ്ടുമവിടെ ഒത്തുകൂടി. അനുഷ്ഠാനവസ്ത്രങ്ങളണിഞ്ഞ മുഖ്യപുരോഹിതൻ ചിത്രാലംകൃതമായ ഒരു മധുചഷകം സൂര്യന് അഭിമുഖമായി ഉയർത്തി. അയാളുടെ ശിരോകവചത്തിലെ നീണ്ട തൂവലുകൾ ഇളംകാറ്റിൽ വിറകൊണ്ടു. മറ്റുള്ളവരെല്ലാം പ്രാർത്ഥനാനിരതരായി മുട്ടുകുത്തി നിന്നു. കെച്ചുവാ എന്ന അവരുടെ ഭാഷയിൽ സൂര്യദേവനോടും ജലദേവതകളോടുമുള്ള പ്രാർത്ഥനാമന്ത്രങ്ങൾ അവർ ഉരുവിട്ടു:

> യാകു ദിയോസ് കുനാ
> കാഹ്വാച്ചിതാ കമാച്ചിക്!
> അമാഹിനാ കാസ്പാ
> പറാഫു യുകുനാത്താ
> കേമാൻപുസേ...
> അമാഹിനാ കാസ്പാ
> മായുകുന്നാത്താ
> ക്വാപാകിയാച്ചി...
> അമാഹിനാ കാസ്പാ
> മായുൻചിസ് കുന്നാത്താ
> കാപാകിയാ ചീയ് ചീസ്
> പുക്വിയോസ് നിക്യുതാ
> ഹുൻ തായ് ചിയ് ചിസ്
> കോയ്ക്കുകിയ് വാൻ....

(കാഹ്വാച്ചിയുടെ മുകളിൽ വാഴുന്ന സൂര്യദേവാ, ആകാശദൈവങ്ങളേ, ജലമേകിയാലും! പൊള്ളുന്ന ഭൂമിയിലേക്ക് മഴമേഘങ്ങളെ ഇതു വഴിയേ ആനയിച്ചാലും!

# നാസ്ക വരകൾ
## കഥയിലെ കാര്യം

ജിയോഗ്ലിഫുകൾ (geoglyphs) എന്നു കേട്ടിട്ടുണ്ടോ? ഭൂമിയുടെ ഉപരിതലത്തിൽ പൗരാണികമനുഷ്യർ ആവിഷ്കരിച്ച കൂറ്റൻ ചിത്രങ്ങളാണിവ. നാലു മീറ്ററിൽ കൂടുതൽ വലിപ്പമെങ്കിലും ഉള്ളവയെയാണ് ജിയോഗ്ലിഫ് ആയി പരിഗണിക്കുക. നൂറ്റാണ്ടുകളോളം നിലനിൽക്കുന്ന തരത്തിലുള്ള നിർമ്മിതികളായിരിക്കണം ഈ ചിത്രങ്ങൾ എന്നുമുണ്ട്. ഭൂതലത്തിൽനിന്ന് തോടുകൾപോലെ മണ്ണെടുത്തു നീക്കി ഇത്തരം ചിത്രങ്ങൾ

വലിയ പക്ഷിയുടെ ആകൃതിയിലുള്ള ചിത്രം
Photo: Diego Delso/ Wikimedia commons ▼



ഞങ്ങളുടെ പുക്വിയോസ് കിണറുകളിൽ കനിവായിത്തീർന്നാലും!)

തുടർന്ന് ഒരായിരം വർഷങ്ങളോളം നാസ്ക മരുഭൂമിയിൽ പല കാലങ്ങളിലായി അത്തരത്തിലുള്ള പലതരം അനുഷ്ഠാനചിത്രങ്ങൾ സൃഷ്ടിക്കപ്പെട്ടു പോന്നു. ചിലന്തി, തിമിംഗലം, കഴുകൻ, കൊറ്റി, വാനരൻ, പല്ലി, നായ, പൂച്ച, മനുഷ്യരൂപങ്ങൾ എന്നിവ കൂടാതെ ജ്യാമിതീയരൂപങ്ങൾ വരെ അനേകം!




ഭാവനാവിമാനത്തിലേറി നൂറ്റാണ്ടുകൾക്ക് പിറകിലേക്കു സഞ്ചരിച്ചുകൊണ്ട് ആ ചിത്രങ്ങളെല്ലാം സൃഷ്ടിക്കപ്പെടുന്നതിന് മഹി സാക്ഷിയാവുകയാവുകയായിരുന്നു അത്രയും നേരം. ആ ബൃഹദ്രചനകൾ ആകാശദൃശ്യങ്ങളായി അവന്റെ മനോമുകുരത്തിൽ തെളിഞ്ഞു.

'മഹീ...'

അവൻ ഒന്ന് ഞെട്ടി. അക്ബർമാമനെ നോക്കി അവൻ ഒട്ടൊരു ജാള്യതയോടെ ചിരിച്ചു.

"ഏട്ടനെപ്പോഴും സ്വപ്നലോകത്താ!"

അൻഷി കളിയാക്കി.

"നീയെന്താ ആലോചിച്ചുകൊണ്ടിരിക്കുന്നത്?" അക്ബർ മാമൻ ചോദിച്ചു.

മേശപ്പുറത്തിരുന്ന് ചെമ്മണ്ണിന്റെ നിറമുള്ള ചുവരിൽ വെളുത്ത ക്രയോൺകൊണ്ട് അക്ബർമാമന്റെ നാലു വയസ്സുകാരിയായ പേരക്കുഞ്ഞ് വരച്ചുകൊണ്ടിരുന്ന ചിത്രങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മഹി പറഞ്ഞു:

"ദയമോൾ വരച്ച നായയെയും കുരങ്ങനെയുമെല്ലാം കണ്ടപ്പോൾ നാസ്ക ചിത്രങ്ങൾ ഓർമ്മവന്നു."

"ഉം... ശരിയാണ്, ഏതാണ്ടൊക്കെ അതുപോലുണ്ട്!"

അക്ബർ മാമൻ തലകുലുക്കി. ദയമോൾ അതിനിടെ ഒരു മനുഷ്യരൂപം വരച്ചുതുടങ്ങി. അതിനു നാസ്ക ചിത്രവുമായി നല്ല സാമ്യം ഉണ്ടായിരുന്നു. അതു പൂർത്തിയായതോടെ അൻഷി മേശപ്പുറത്തുനിന്ന് ദയമോളെ എടുത്ത് താഴെ വെച്ചു. അവൾ അൻഷിയുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. അക്ബർ മാമനും മഹിയും ജിജ്ഞാസയോടെ ആ കാഴ്ച നോക്കിക്കൊണ്ടിരിക്കെ അൻഷി ചിരിയൊതുക്കിക്കൊണ്ട് ദയമോളുടെ കുഞ്ഞുസ്വകാര്യമെന്തെന്ന് വിശദീകരിച്ചു.

"അത് വല്ല്യുപ്പയാണത്രേ!"

"ഞാനോ? കൊള്ളാം...!"

അക്ബർ മാമൻ പൊട്ടിച്ചിരിച്ചു. തുടർന്ന് മഹിയും അൻഷിയും വാ പൊത്തിച്ചിരിച്ചു.

'എന്താണിത്ര ചിരിക്കാൻ?' എന്ന ഭാവത്തോടെ അവരെ കണ്ണുമിഴിച്ചു വീക്ഷിച്ചതിനു ശേഷം ദയമോളും ആ കൂട്ടച്ചിരിയിൽ പങ്കുചേർന്നു.

നിർമ്മിക്കാം, ഭൂതലത്തിൽ കല്ലുകളും മറ്റും നിരത്തിവച്ചും നിർമ്മിക്കാം.

ഇന്ത്യയടക്കം ലോകത്തെ പല ഭാഗങ്ങളിലും ഇവയുണ്ട്. രാജസ്ഥാനിലെ *ഗ്രേറ്റ് ഇന്ത്യൻ ഡെസർട്ട് ജിയോഗ്ലിഫ്* ഇത്തരത്തിൽ പ്രശസ്തമായ ഒരു ചിത്രമാണ്.

എന്നിരുന്നാലും ജിയോഗ്ലിഫിൽ സവിശേഷശ്രദ്ധ നേടിയ ഒന്നാണ് പെറുവിന്റെ തെക്കൻഭാഗത്തെ പാമ്പാ കോളറാഡോ ( Pampa Colorada) എന്ന വിശാലമരുപ്രദേശത്തെ ജിയോഗ്ലിഫുകൾ. 500 ചതുരശ്രകിലോമീറ്ററോളം സ്ഥലത്ത് പലയിടങ്ങളിലായി ജിയോഗ്ലിഫുകളുടെ സമൃദ്ധിതന്നെ അവിടെ നമുക്ക് കാണാം. അവയിൽ മിക്കതും 2000 വർഷം മുമ്പ് പാറാക്കാസ് സംസ്കാരത്തിന്റെ (Paracas Culture) കാലത്ത് രചിക്കപ്പെട്ടവയാണ്. അവയുടെ രചനയ്ക്ക് പുറകിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിഗൂഢവും അവ്യക്തവുമാണ്. എങ്കിലും ജലസംബന്ധമായ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായാണ് അവ രചിക്കപ്പെട്ടതെന്ന വാദം പ്രബലമാണ്. അവയ്ക്കു പുറകിലെ രചനാതന്ത്രങ്ങളെക്കുറിച്ചു നടന്നിട്ടുള്ള പഠനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ നിഗമനങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ കഥയിൽ അവയുടെ നിർമ്മിതിയെക്കുറിച്ച് വിവരിച്ചിരിക്കുന്നത്.

1994 ൽ യുനെസ്കോയുടെ ലോക സംസ്കൃതി പട്ടികയിൽ നാസ്ക ചിത്രങ്ങൾ ഇടംപിടിച്ചിട്ടുണ്ട്.



ചിലന്തി ▲

Photo: Diego Delso/ Wikimedia commons

ഹമ്മിങ് ബേർഡ്

Photo: Diego Delso/ Wikimedia commons ▼



കൈ

Photo: Diego Delso/ Wikimedia commons ▼



# സത്യഗ്രഹത്തിന് ഒരു വീട്

സെബാസ്റ്റ്യൻ പള്ളിത്തോട്

**ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ നാം കേട്ടുപഴകിയ ഒരുപാടു കഥകളുണ്ട്. എന്നാൽ ജൊഹന്നാസ്ബെർഗിൽ ആത്മ സുഹൃത്തും വാസ്തുശില്പിയുമായ ഹെർമൻ കല്ലൻബാക്കിനൊപ്പം അദ്ദേഹം പണികഴിപ്പിച്ച ഒരു ചെറുവീട്ടിൽ താമസിച്ച കഥ നാം കേട്ടിട്ടുണ്ടാവില്ല. ഗാന്ധിജിയുടെ ആശയങ്ങളിൽ ആകൃഷ്ടനായ കല്ലൻബാക്ക് പണിത കളപ്പുരയെ അനുസ്മരിപ്പിക്കുന്ന ക്രാൾ എന്ന വീട്ടിൽ ഗാന്ധി ഏറെക്കാലം താമസിച്ചിട്ടുണ്ട്. ഇന്ന് ആ വീട് ഒരു മ്യൂസിയമാണ്. ജൊഹന്നാസ്ബെർഗിലെ സത്യഗ്രഹ ഹൗസ് എന്ന ആ മ്യൂസിയം സന്ദർശിച്ച യാത്രാനുഭവത്തിലൂടെ ഒരു യാത്ര.**




സുഖകരമല്ലാത്തൊരു ചാറ്റൽമഴ അലോസരപ്പെടുത്തിക്കൊണ്ട് തുടരുന്നതിനിടയിലാണ് മഹാത്മജിയുടെ 'സത്യഗ്രഹ ഹൗസ്' അന്വേഷിച്ച് ഞങ്ങൾ ഇറങ്ങിത്തിരിക്കുന്നത്. മോണിങ് സൈഡിലെ(Morning side, Sandton) ഗാർഡൻ കോർട്ടിൽനിന്ന് 21 കി. മീറ്റർ ദൂരമേയുള്ളു അവിടേക്ക്. മനോഹരമായ നടക്കാവുകൾ നിറഞ്ഞ പ്രശാന്തമായ വഴിത്താര. എങ്കിലും ഓർക്കിഡ് സ്ട്രീറ്റിലെ ആ ഭവനം കണ്ടെത്താൻ, മൂക്കിൽ തൊടാൻ തലയ്ക്കുചുറ്റും വിരൽ തിരിക്കുന്നതു പോലെ ഞങ്ങളൊന്നു ചുറ്റിത്തിരിഞ്ഞു. ഒടുവിൽ അനാർഭാടമായ അതിന്റെ പൂമുഖത്തെത്തി കവാടങ്ങൾ തുറന്നുകിട്ടുംവരെ ഞങ്ങൾ മഴ നനഞ്ഞു നിന്നു.

പുതുതായി പണിതീർത്ത സ്വീകരണമുറി. അതിലൂടെ വേണം പച്ചപ്പിന്റെ ഒരു കൊച്ചു തുരുത്തെന്നു വിശേഷിപ്പിക്കാവുന്ന അകത്തളത്തിലെ സത്യഗ്രഹഹൗസിലേക്കും അതിനുള്ളിലെ കാഴ്ചകളിലേക്കും പ്രവേശിക്കാൻ. ഒരു ഗൈഡിന്റെ ആവശ്യമേയില്ല. എങ്കിലും ഗൈഡിന്റെ ജോലി ചെയ്യേണ്ട ഖാഞ്ചി (Khanji) യെന്ന കറുത്ത സുന്ദരിയുടെ മുഖം പ്രസന്നമല്ല. നിങ്ങൾക്കു വേണമെങ്കിൽ നടന്നു കണ്ടോളൂ എന്ന ഭാവം!

പുല്ലുമേഞ്ഞ വൃത്താകാരത്തിലുള്ള ഒരു പ്രധാന മന്ദിരം. അതിനോടു ചേർന്ന് ഇടതും വലതുമായി അർദ്ധവൃത്തമായ ഓരോ ചെറിയ എടുപ്പുകൾ. ആകെ ഏഴുമുറികൾ. ഇത്തരം പുല്ലുമേഞ്ഞ മേൽക്കൂരകൾ ആഫ്രിക്കൻ ജീവിതത്തിന്റെ



സത്യഗ്രഹ ഹൗസിലെ ഗാന്ധിജിയുടെ കിടക്കറ



▲

ഗാന്ധിയും കല്ലൻബാക്കും. നിൽക്കുന്നത് സോൻജ ഷെൽസിൻ. 1913ൽ എടുത്ത ചിത്രം. കല്ലൻബാക്ക് ഈ ചിത്രം ഇംഗ്ലണ്ടിലേക്ക് കൊണ്ടു വന്നത് തന്റെ കോളറിനകത്ത് തുന്നിച്ചേർത്താണ് എന്നൊരു കഥയുണ്ട്. ചിത്രത്തിലെ മടക്കുകളും മറ്റും അങ്ങനെ വന്നതാണത്രേ.

പ്രാചീനതകളിലേക്കുള്ള ഒരു നേർക്കാഴ്ച കൂടിയാണ്, അരനൂറ്റാണ്ടിനു മുമ്പുവരെ നമ്മുടെ നാട്ടിലും സാധാരണമായിരുന്ന കളപ്പുരകൾ പോലെ.


പ്രശസ്ത വാസ്തുശില്പിയും ജർമൻ യഹൂദ നുമായിരുന്ന ഹെർമൻ കല്ലൻബാക്കി (Hermann Kallenbach) ന്റെ നിർമ്മിതിയാണിത്. റിച്ചാർഡ് അറ്റൻബറോയുടെ 'ഗാന്ധി' സിനിമ കണ്ടിട്ടുള്ള വരിൽ ചിലരെങ്കിലും ഈ കല്ലൻബാക്കിനെ ശ്രദ്ധിച്ചിട്ടുണ്ടാകും. അങ്ങനെയുള്ള ഒരാത്മബന്ധ മായിരുന്നു ഗാന്ധിജിയും കല്ലൻബാക്കും തമ്മിൽ. ആര് ആരെ സ്വാധീനിച്ചു, ആര് ആർക്ക് ഉത്തേജ നവും പ്രചോദനവുമായി എന്നു വിവരിക്കുക പ്രയാസം. ഒരുപക്ഷേ മഹാത്മാവിന്റെ ദക്ഷിണാ ഫ്രിക്കൻ ജീവിതകാലത്ത് ഏറ്റവും തുണയായി രുന്നത് കല്ലൻബാക്കായിരുന്നു എന്നു വിചാരി ക്കാൻ തക്ക തെളിവുകളുണ്ട്.

1871 മാർച്ച് ഒന്നിനാണു കല്ലൻബാക്കിന്റെ ജനനം, ലിത്വാനിയയിലെ ഒരു യഹൂദകുടുംബ ത്തിൽ. ജർമനിയിലെ സ്റ്റ്യൂട്ഗാർട്ടിലും മ്യൂണി ക്കിലും വാസ്തുവിദ്യ അഭ്യസിച്ച കല്ലൻബാക്ക് അയാളുടെ 25-ാം വയസ്സിൽ ദക്ഷിണാഫ്രി ക്കയിലെത്തി. അമ്മയുടെ സഹോദരന്മാർ അവിടെയുണ്ട് എന്നതായിരുന്നു ഹെർമന്റെ ഏറ്റവും വലിയ കൈത്താങ്ങ്. വേറിട്ട നിർമ്മാ ണശൈലികൊണ്ട് വളരെ പെട്ടെന്നുതന്നെ ഒരു ആർക്കിടെക്റ്റ് എന്ന നിലയിൽ ദക്ഷിണാഫ്രിക്കയിൽ അയാൾക്കു തന്റെ തട്ടകം ഉറപ്പിക്കാൻ കഴിഞ്ഞു. കണക്കില്ലാത്ത സമ്പാദ്യം ആ യുവാവിന്റെ കീശയിലേക്ക് ഒഴുകിയെത്താൻ അധികകാലം വേണ്ടിവന്നില്ല. താമസിയാതെ അയാൾ അവിടത്തെ പൗരനുമായി.

ഗാന്ധിജി അന്ന് ദക്ഷിണാഫ്രിക്കയിലുണ്ട്. 1893 മേയ് 24 നാണല്ലോ അദ്ദേഹം ഡർബനിൽ കപ്പലിറങ്ങുന്നത്. ഒരു ബാരിസ്റ്റർ എന്ന നിലയിൽ മോശമല്ലാത്ത ഖ്യാതി നേടിയിരുന്ന ഗാന്ധിജിയും വാസ്തുശില്പിയായ കല്ലൻബാക്കും തമ്മിൽ കണ്ടുമുട്ടാൻ കഴിഞ്ഞതിനെ ചരിത്രപരമായ ഒരു നിയോഗം എന്നേ പറയേണ്ടു. 1903 ലായിരുന്നു അവരുടെ ആദ്യസമാഗമം.

ഗാന്ധിജിയുടെ വിശ്വസ്തസുഹൃത്തും അനു യായിയുമായി മാറാൻ കല്ലൻബാക്കിന് അധിക കാലം വേണ്ടിവന്നില്ല. ആ ആദർശങ്ങൾ, കാഴ്ച പ്പാടുകൾ എല്ലാം അയാൾക്ക് പുതിയ അനു ഭവമായിരുന്നു, സമഭാവനയും സാഹോദര്യവും അടിച്ചമർത്തലിനെതിരായ സമാധാനപൂർണ്ണ മായ പോരാട്ടവുമെല്ലാം. അവർക്കൊരുമിച്ചു പ്രവർത്തിക്കാനും സഹിഷ്ണുതയോടെ പോരാ ടാനും ഒരിടം കൂടിയേ തീരൂ എന്ന് കല്ലൻബാക്കിനു തോന്നി. അങ്ങനെയാണ് ഇന്നത്തെ ഓർച്ചഡി ലുള്ള 15, പൈൻ റോഡിൽ (15, Pine Road, Orchards) ൽ തന്റേതായ ഭൂമിയിൽ തന്റെ ഭാവന യിൽ വിരിഞ്ഞ ഈ ഭവനത്തിന് 1907 ൽ ജന്മം നൽകുന്നത്. സത്യത്തിൽ ഇതിന് ഒരു കളപ്പുര യുടെ രൂപഭാവങ്ങളാണുള്ളത്. ക്രാൾ (Kraal) എന്നു പേരിട്ടു വിളിക്കുന്ന ഈ നിർമ്മിതിക്ക് ഇംഗ്ലീഷിലും ആഫ്രിക്കാൻസ് (Afrikaans) ഭാഷ യിലും കളപ്പുര എന്നുതന്നെയാണ് അർഥം.

ഗാന്ധിഹൗസ് എന്നുകൂടി പേരുള്ള ഈ കളപ്പുരയിൽ 1908-09 കാലത്ത് മഹാത്മജിയും കല്ലൻബാക്കും ഒരുമിച്ച് താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിന്റെ അടയാളങ്ങൾ ഒന്നര നൂറ്റാണ്ടിനിപ്പുറവും അവിടെ തെളിഞ്ഞു



കാണാം. ആ രണ്ടു വർഷക്കാലയളവിൽത്തന്നെ ഒന്നിലേറെ പ്രാവശ്യം ഗാന്ധിജിയെ അറസ്റ്റു ചെയ്യുകയും വിട്ടയ്ക്കുകയും ചെയ്തതായി നാം വായിക്കുന്നു. കറുത്തവർഗക്കാരായവർ കൈവശം കരുതേണ്ട തിരിച്ചറിയൽരേഖയ്ക്കു (Pass) വേണ്ടി രജിസ്റ്റർ ചെയ്യാതിരുന്നതിന്റെ പേരിൽ 1908 ജനുവരി 10 നായിരുന്നു ആദ്യത്തെ അറസ്റ്റ്. ട്രാൻസ്‌വാൾ വിട്ടുപോകരുതെന്ന കല്പനയോടെ രണ്ടുമാസത്തെ വെറും തടവിനായിരുന്നു ശിക്ഷിക്കപ്പെട്ടതെങ്കിലും ചില വ്യവസ്ഥകൾക്കു വിധേയമായി ഇരുപതു ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തെ വിട്ടയച്ചു.

ഗാന്ധിയെന്ന ആ യുവകലാപകാരിയുടെ മോഹങ്ങൾക്കു പിന്നിലെ നിർണ്ണായകശക്തിയായി വർത്തിച്ചിട്ടുണ്ട്.

ഹെർമ്മൻ കല്ലൻബാക്കിനെക്കുറിച്ചും ഗാന്ധിയുമൊരുമിച്ചുള്ള അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും അറിവുതരുന്ന മനോഹരമായൊരു ജീവചരിത്രകൃതിയുണ്ട്. അദ്ദേഹത്തിന്റെ അനന്തിരവളുടെ മകളായ ഇസ സരിദാണ് ആ ജീവചരിത്രകാരി. *ഗ്രേറ്റ് സോൾ: മഹാത്മാഗാന്ധി ആൻഡ് ഹിസ് സ്ട്രഗിൾ വിത്ത് ഇന്ത്യ* (***Great Soul: Mahatma Gandhi and His Struggle with India***). കല്ലൻബാക്കിന്റെ അവസാനനാളുകൾ ഇസ്രാ



◀

സത്യഗ്രഹ ഹൗസ്. അവശ്യംവേണ്ട പുതുക്കിപ്പണിയലുകൾ നടത്തി സൂക്ഷിച്ചിരിക്കുകയാണ് ഇപ്പോൾ ഈ വീട്.

Photo: James Ball / Wikimedia commons

അധികം വൈകാതെ നതാളി (Natal) ൽ നിന്നു മടങ്ങുംവഴി ഒക്ടോബർ 7 ന് ഗാന്ധിജി വീണ്ടും അറസ്റ്റിലാകുന്നു. ഉദ്യോഗസ്ഥന്മാരെ കാണിക്കാൻ തിരിച്ചറിയൽ രേഖ കൈവശമുണ്ടായിരുന്നില്ല. വെളുത്തവർഗക്കാർ കാണിക്കുന്ന വിവേചനത്തോടുള്ള പ്രതിഷേധസൂചകമായി 'പാസ്' അദ്ദേഹം നേരത്തെതന്നെ തീയിലെറിഞ്ഞിരുന്നു. അതേ കാരണത്തിനുതന്നെ അടുത്ത വർഷം ഫെബ്രുവരി 25 ന് ട്രാൻസ്‌വാളിൽ വച്ച് ഗാന്ധിജിയെ അറസ്റ്റുചെയ്യുകയും തടവിൽ പാർപ്പിക്കുകയുമുണ്ടായി. ഇപ്രാവശ്യം ശിക്ഷ മൂന്നുമാസം തടവായിരുന്നു. ഈ അവസരങ്ങളിലെല്ലാം കല്ലൻബാക്കിന്റെ സന്ദർഭോചിതമായ ഇടപെടലുകൾ മോഹൻദാസ് കരംചന്ദ്

യേലിലായിരുന്നു. 1945 മാർച്ച് 25 ന് നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതികശരീരം മറവുചെയ്തിരിക്കുന്നത് അവിടത്തെ ഡെഗാനിയ (Degania) എന്ന കിബ്ബൂട്ട്സി (Kibutz) (കൃഷിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കൂട്ടായ്മ) ലാണ്. ആ ജീവിതകഥയിൽനിന്നു ഞങ്ങൾ അദ്ദേഹം രൂപകൽപ്പനചെയ്ത ക്രാളിന്റെ പ്രാചീന ഭംഗികളിലേക്ക് മഴയെ കാര്യമാക്കാതെ നടന്നുകയറി. പ്രവേശനകവാടത്തിൽത്തന്നെ കാണാം പുറംചുവരിൽ പ്രധാനവാതിലിന് ഇരുവശങ്ങളിലുമായി ഗാന്ധിജിയുടെയും കല്ലൻബാക്കിന്റെയും വലിയ ചിത്രങ്ങൾ.

ഗാന്ധിജിയുടെ ജീവിതസമരങ്ങൾക്കു തുടക്കം കുറിച്ച ആ ഭവനത്തിന് അതിന്റേതായ പവിത്ര



▲

ഭഗവദ്ഗീതയും ഗാന്ധിജിയുടെ കണ്ണടയും

Photo: Sebastian Pallithode

തയും ശാന്തിയുമുണ്ടായിരുന്നു. വിശുദ്ധമായ ആരുടെയൊക്കെയോ അദൃശ്യസാന്നിധ്യങ്ങൾ. ആ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന വീട്ടുപകരണങ്ങളിൽ പലതും അവിടെ ശേഖരിച്ചു വച്ചിട്ടുണ്ട്. ആട്ടുകല്ലും ഉണ്ണിയപ്പം (അതോ ഇഡ്ഡലിപോലുള്ള മറ്റെന്തെങ്കിലും പലഹാരമോ) വാർക്കാനുള്ള ഓട്ടുപാത്രവുമെല്ലാം. ചിലതെല്ലാം പിൽക്കാലത്ത് ശേഖരിച്ച റപ്ലിക്കകൾ ആണെന്നും വരാം.

വെറുതെ ചാരിയിട്ടിരുന്നൊരു വാതിൽ ഞങ്ങൾ തള്ളിത്തുറന്നു. അതൊരു ഊണുമുറിയായിരുന്നു. ഭക്ഷണമേശയിൽ അച്ഛനും അമ്മയും രണ്ടു മക്കളുമടങ്ങുന്ന ഒരു യൂറോപ്യൻ കുടുംബം നിശ്ശബ്ദമായിരുന്ന് ഭക്ഷണം കഴിക്കുന്നുണ്ട്. അവരെ കഴിഞ്ഞ ദിവസം മാരോപെങ്ങി (Maropang)ലെ 'മാനവരാശിയുടെ പിള്ളത്തൊട്ടി'ലി (Cradle of Humankind) ലെ ഹെറിറ്റേജ് മ്യൂസിയത്തിൽ വച്ച് താൻ കണ്ടിരുന്നുവെന്ന് എന്റെ പേരക്കുട്ടി ഓർമ്മിപ്പിച്ചെങ്കിലും എനിക്ക് മുഖങ്ങളൊന്നും തിരിച്ചറിയാൻ കഴിഞ്ഞില്ല. മുൻകൂട്ടി അറിയിച്ചെത്തുന്ന സന്ദർശകർക്ക് താമസ-ഭക്ഷണ സൗകര്യങ്ങൾ അവിടെ ഒരുക്കാറുണ്ടെന്ന് (അല്ലെങ്കിൽ അതിൽ മാത്രമാണ് അവർക്ക് താത്പര്യം) മിസ് ഖാഞ്ചി പറഞ്ഞത് ഞാൻ ഓർക്കുകയും ചെയ്തു. മാത്രമല്ല യോഗയും ധ്യാനവുമെല്ലാം അവിടെ അഭ്യസിപ്പിക്കുന്നുമുണ്ട്.

കസ്തൂർബയുടെയും മണിലാലിന്റെയും ഗാന്ധിജിയുടെ സുഹൃത്തും പത്രപ്രവർത്തകനുമായിരുന്ന ഹെൻട്രി പോളക്കിന്റെയും പേരുകൾ വാതിലിനു മുകളിൽ എഴുതിവച്ചിരിക്കുന്ന മുറികൾ. അപ്പുറത്ത് ഒരാൾക്കുമാത്രം കയറിപ്പോകാൻ കഴിയുന്ന, കുത്തനെയുള്ള, കയറുമ്പോൾ ഞരങ്ങുന്ന, മരയേണിയിലൂടെ ബദ്ധപ്പെട്ട് മുകളിലെത്തിയാൽ മഹാത്മജി ഉറക്കറയായി ഉപയോഗിച്ചിരുന്ന മുറിയാണ്. പലകകൾ നിരത്തിയ മേൽത്തട്ടിന്റെ തറയിൽ ചുമരിനോടു ചേർത്ത് നിവർത്തിയിട്ടിരിക്കുന്ന ഒരു വെളുത്ത കിടക്ക. അരികെ പുസ്തകപീഠത്തിൽ തുറന്നു വച്ചിരിക്കുന്ന ഭഗവദ്ഗീത, അതിനുമീതേ ഗാന്ധിജിയെക്കാൾ പ്രസിദ്ധമായ ആ കണ്ണട, ചെറിയൊരു റാന്തലിൽനിന്നുള്ള വെളിച്ചം മാത്രമുള്ള ആ മുറി അലൗകികതയുടെ ഇടം കൂടിയാണല്ലോ!

പതിനൊന്നോളം ജീവനക്കാർ അവിടെയുണ്ടെന്ന് ഖാഞ്ചി പറഞ്ഞുവെങ്കിലും അതിൽ പകുതിപ്പേർപോലും അവിടെ ഉണ്ടായിരുന്നില്ല, ഉള്ളവരാകട്ടെ ഒരു മുറിയിൽ കൂട്ടം കൂടിയിരുന്ന് സൊറ പറയുകയും. എന്തായാലും യുവസുന്ദരിയായ റിസെപ്ഷനിസ്റ്റ് മിസ് ഖാഞ്ചിയുടെ കേശഭാരം എനിക്കിഷ്ടമായി. ഉച്ചിയിലേക്ക് ഉയർത്തിക്കെട്ടിയ സ്പ്രിംഗുകൾപോലുള്ള ആ മുടിയിഴകളോരോന്നിൽനിന്നും ഞാന്നുകിടക്കുന്ന വെള്ളിമണികൾ!

ഗാന്ധിജി തന്റെ പ്രക്ഷോഭങ്ങൾക്കു തുടക്കമിട്ട ദക്ഷിണാഫ്രിക്കൻ ഗവൺമെന്റോ ഇന്ത്യൻ സർക്കാരോ സത്യഗ്രഹഹൗസിന്റെ നിലനിൽപ്പിനും പ്രവർത്തനത്തിനുംവേണ്ടി യാതൊരു സഹായവും ചെയ്യുന്നില്ലെന്ന് അവർ പറഞ്ഞു. ഫ്രാൻസ് ആസ്ഥാനമായുള്ള ഒരു സന്നദ്ധസംഘടനയാണ് ഈ ഗാന്ധിഭവനത്തിനെ ലോകത്തിനു മുമ്പാകെ തുറന്നുകൊടുക്കുന്നതിനാവശ്യമായ ധനം സമാഹരിക്കുന്നത്!

ഗാന്ധിജിയുടെയും കല്ലൻബാക്കിന്റെയും കാലശേഷം ഓർച്ചഡ് റോഡിലുള്ള ഈ ക്രാൾ ഒരു ദക്ഷിണാഫ്രിക്കൻ കുടുംബം അവകാശമാക്കി. ആ കാലയളവിൽ അവിടെയുണ്ടായിരുന്ന വിലപ്പെട്ടവ പലതും അപഹരിക്കപ്പെടുകയോ നഷ്ടമാവുകയോ ചെയ്തു. പുതിയ കൈവശക്കാരിൽനിന്ന് ഏറ്റെടുത്തതിനുശേഷമാണ്, വിദഗ്ധരായ രണ്ട് എഞ്ചിനീയർമാരുടെയും ഒരു ക്യൂറേറ്ററുടെയും നേതൃത്വത്തിൽ സത്യഗ്രഹഹൗസിനെ നാമിന്നു കാണുന്ന നിലയിലേക്ക് എത്തിക്കുന്നത്.

മിസ് ഖാഞ്ചിക്ക് മഹാത്മാഗാന്ധിയെക്കുറിച്ച് വിവരമൊന്നുമില്ല, ദക്ഷിണാഫ്രിക്കയിൽ എവിടെയൊക്കെ അദ്ദേഹത്തിന്റെ പേരിൽ സ്മാരകങ്ങൾ ഉണ്ടെന്നുപോലും! അദ്ദേഹത്തിന്റെ ആത്മകഥയെങ്കിലും ഒരു തവണയൊന്നു വായിച്ചുനോക്കാൻ ഞാനാ യുവതിയോട് അഭ്യർഥിച്ചു.

പുറത്ത് പന്ത്രണ്ടു ഡിഗ്രി തണുപ്പുണ്ട്. മഴയും. എന്റെ യാത്രകളിലെല്ലാം സഹയാത്രികനായി ഒപ്പം കൂടാറുള്ള എന്റെ പ്രിയപ്പെട്ട മഴ.

# അയാൾ പറഞ്ഞ കഥ


**സാകി (എച്ച് എച്ച് മൺറോ)**

പുനരാഖ്യാനം: **ജോസ് പ്രസാദ്**





യാത്രയ്ക്ക് പറ്റിയ ദിവസമായിരുന്നില്ല അത്, നല്ല ചൂടുള്ള ദിവസം. സഹയാത്രികരായ മൂന്നു കുട്ടികളിലും അവർ അമ്മച്ചിയെന്നു വിളിക്കുന്ന വൃദ്ധയിലുമായിരുന്നു അയാളുടെ ശ്രദ്ധ. ആ രണ്ട് പെൺകുട്ടികളും അവരെക്കാൾ ചെറിയ ആൺകുട്ടിയും അടങ്ങിയിരിക്കുന്ന സ്വഭാവക്കാരായിരുന്നില്ല. ട്രെയിൻ കംപാർട്ട്മെന്റിലെ സീറ്റുകൾക്കിടയിലൂടെ വായിൽത്തോന്നിയതൊക്കെ വിളിച്ചുപറഞ്ഞും പരസ്പരം പ്രോത്സാഹിപ്പിച്ചും അവർ ഓടിനടന്നു.

അമ്മച്ചി എപ്പോഴും കുട്ടികളോട് 'അരുത് ' എന്ന് പറഞ്ഞുകൊണ്ടിരിക്കും. അപ്പോൾ കുട്ടികൾ 'അതെന്താ' എന്നു ചോദിക്കും. അതുമാത്രമല്ല ആ ആൺകുട്ടി സീറ്റുകളിലെ കുഷ്യനിൽ ശക്തിയായി കൈകൊണ്ടടിക്കും. അപ്പോൾ പറക്കുന്ന പൊടിപടലങ്ങളിൽ നിന്ന് രക്ഷപ്പെടാൻ മൂക്കു പൊത്തുകയേ അയാൾക്കു നിർവാഹമുണ്ടായിരുന്നുള്ളൂ.

അയാളുടെ അസ്വസ്ഥത കണ്ടപ്പോൾ അമ്മച്ചി അവനോടു പറഞ്ഞു; "അരുത് സിറിൽ, അങ്ങനെ ചെയ്യരുത്. ജനാലയ്ക്കരികിൽ വന്നിരുന്ന് കാഴ്ചകൾ കാണ്."

ചെക്കൻ എന്തായാലും അത് അനുസരിച്ചു. പുറത്തെ കാഴ്ച കണ്ട് അവൻ അമ്മച്ചിയോടു ചോദിച്ചു; "ഈ ആളുകൾ ഈ ആടുകളെ എവിടേക്കാണ് തെളിച്ചുകൊണ്ടുപോവുന്നത്?"

"ചിലപ്പോൾ വേറൊരു പാടത്തേക്കായിരിക്കും." അമ്മച്ചി പറഞ്ഞു.

"ഇവിടെ ഇഷ്ടംപോലെ പുല്ലുണ്ടല്ലോ."

"ചിലപ്പോൾ ആ പാടത്തെ പുല്ല് കൂടുതൽ നല്ലതായിരിക്കും."

"എങ്ങനെയാണത് കൂടുതൽ നല്ലതാവുന്നത്?" ചെക്കൻ വീണ്ടും ചോദിച്ചു.

വിഷയം മാറ്റാനായി അമ്മച്ചി പറഞ്ഞു;

"എത്ര പശുക്കളാണ് അവിടെ നിരന്നുനിൽക്കുന്നതെന്നു നോക്കൂ."

യാത്രയിലുടനീളം അവർ ഒരുപാട് പശുക്കളെയും കാളകളെയും കണ്ടിട്ടുണ്ടായിരുന്നു. എന്നിട്ടും കുട്ടികൾ അസാധാരണമെന്ന മട്ടിൽ അവ നോക്കിക്കൊണ്ടിരുന്നു. എങ്കിലും കുറച്ചുകഴിഞ്ഞ് ചെക്കൻ വീണ്ടും ചോദിച്ചു; "എങ്ങനെയാണ് ഒരു പാടത്തെ പുല്ല് കൂടുതൽ നല്ലതാവുന്നത്?"

'ഇവൻ വല്യമ്മയെ വെറുതെ വിടുന്ന ലക്ഷണമില്ലല്ലോ.' ചെക്കന്റെ ചോദ്യം കേട്ട് അയാൾക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. വൃദ്ധയ്ക്ക് അയാളുടെ ചിരി മര്യാദകേടായാണ് അനുഭവപ്പെട്ടത്.

പെൺകുട്ടികളിൽ ഇളയവൾ 'കുഞ്ഞേടത്തിയെ തന്നെയല്ലോ ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം...' എന്നു തുടങ്ങുന്ന ഒരു പാട്ടു മൂളിക്കൊണ്ടിരുന്നു. അടുത്ത വരികൾ അറിയാത്തതിനാൽ അവൾ ആ വരിതന്നെ വീണ്ടും വീണ്ടും ആവർത്തിച്ചു.

ആ പാട്ടുകേട്ട് അയാൾ അസ്വസ്ഥനായി. അകാലത്തിൽ വേർപിരിഞ്ഞ മൂത്ത ചേച്ചിയെക്കുറിച്ച് ആ കവിത അയാളെ ഓർമ്മിപ്പിച്ചു. കവിതയിലെ കഥയുടെ അവസാനമോർത്ത് അയാൾ കരച്ചിലിന്റെ വക്കത്തെത്തി. എന്നാൽ പെൺകുട്ടിയുടെ പാട്ടുകേട്ടുള്ള അസ്വസ്ഥതയായാണ് വൃദ്ധ അത് വായിച്ചെടുത്തത്.

"വാ മക്കളേ, അമ്മച്ചി നിങ്ങൾക്ക് ഒരു കഥ പറഞ്ഞുതരാം."

വൃദ്ധ കുട്ടികളുടെ ശ്രദ്ധ ക്ഷണിച്ചു. അത്ര ഇഷ്ടത്തോടെയല്ലെങ്കിലും കുട്ടികൾ അരികിലേക്കുവന്നു.

ഒത്തിരി കൂട്ടുകാരുണ്ടായിരുന്ന, നന്മയുടെ നിറകുടമായ ഒരു സുന്ദരിപ്പെണ്ണിന്റെ കഥയാണ് വൃദ്ധ പറഞ്ഞുതുടങ്ങിയത്. അവളെ ഒരു കാള കുത്താൻ വന്നു. അപ്പോൾ അവളെ രക്ഷിക്കാനായി കൂട്ടുകാർ ഓടിവന്നു.

"അവൾ നന്മയും സൗന്ദര്യവും ഉള്ളവളായിരുന്നില്ലെങ്കിൽ കൂട്ടുകാർ രക്ഷിക്കാൻ വരുമായിരുന്നില്ലേ?" ചെക്കൻ ചോദിച്ചു.

"വരുമായിരിക്കും. പക്ഷേ അത്ര വേഗം വരില്ല. സാവധാനത്തിലേ വരൂ." വൃദ്ധ പറഞ്ഞു.

"ഞാൻ കേട്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മണ്ടൻ കഥയാണിത്." മൂത്ത പെൺകുട്ടി പറഞ്ഞു.

"അറുബോറൻ കഥയായതുകൊണ്ട് ആദ്യഭാഗത്തിനു ശേഷം എനിക്ക് ശ്രദ്ധിക്കാനേ കഴിഞ്ഞില്ല." ചെക്കൻ പറഞ്ഞു.

**"എങ്ങനെയാണ് ഒരു പാടത്തെ പുല്ല് കൂടുതൽ നല്ലതാവുന്നത്?" 'ഇവൻ വല്യമ്മയെ വെറുതെ വിടുന്ന ലക്ഷണമില്ലല്ലോ.' ചെക്കന്റെ ചോദ്യം കേട്ട് അയാൾക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. വൃദ്ധയ്ക്ക് അയാളുടെ ചിരി മര്യാദകേടായാണ് അനുഭവപ്പെട്ടത്.**

പെൺകുട്ടികളിൽ ഇളയവൾ ഒന്നും പറഞ്ഞില്ല. ഒരു വരി മാത്രം അറിയാവുന്ന തന്റെ പാട്ട് അവൾ വീണ്ടും പാടാൻ തുടങ്ങി.

"നിങ്ങൾ ഒരു നല്ല കഥ പറച്ചിലുകാരിയല്ല." അയാൾ വൃദ്ധയോട് പറഞ്ഞു.

"കൊള്ളാം, എങ്കിൽ നിങ്ങൾ ഇവർക്ക് നല്ലൊരു കഥ പറഞ്ഞുകൊടുക്ക്."

അല്പം അനിഷ്ടത്തോടെയാണ് വൃദ്ധ അത് പറഞ്ഞതെങ്കിലും മൂത്ത കുട്ടി അത് ഏറ്റുപിടിച്ചു.

"പറയൂ അങ്കിൾ, ഞങ്ങൾക്ക് നല്ലൊരു കഥ പറഞ്ഞു തരൂ."

വലതു കൈയുയർത്തി അവരെ സമാധാനിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞുതുടങ്ങി;

"ബെർത്ത എന്നു പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ വളരെ വളരെ നല്ലവളായിരുന്നു."

വിശന്നിരിക്കുമ്പോൾ കുടിക്കാൻ കിട്ടിയ പാലിന് മധുരമില്ലെന്നറിഞ്ഞപ്പോഴെന്നതുപോലെ കുട്ടികളുടെ മുഖം ചുളിഞ്ഞു.

"അവൾ സത്യം മാത്രമേ പറയുകയുള്ളൂ. നിയമങ്ങളെല്ലാം അവൾ അനുസരിച്ചു. സ്കൂളിൽനിന്ന് മടങ്ങിയെത്തുമ്പോൾ അവളുടെ വസ്ത്രങ്ങളിൽ ചെളി പറ്റിയിരുന്നില്ല. അകാരണമായി സ്കൂളിൽ പോകാതിരിക്കുകയോ ഹോംവർക്ക് ചെയ്യാതിരിക്കുകയോ ചെയ്തിട്ടില്ല. അവൾ എപ്പോഴും ആരോഗ്യദായകമായ ഭക്ഷണം മാത്രം കഴിച്ചു, പിസ്സയോ പൊറോട്ടയോ ചിപ്സോ ഐസ്ക്രീമോ ഒന്നും കഴിച്ചില്ല. അവൾ നേർവഴിയിൽ മാത്രം നടന്നു. എല്ലാവരോടും വിനയത്തോടുകൂടി മാത്രം പെരുമാറി.."

"അവൾ സുന്ദരിയായിരുന്നോ?"

മൂത്ത പെൺകുട്ടി ഇടയ്ക്കു കയറി ചോദിച്ചു.

"നിന്റെയത്ര സുന്ദരിയൊന്നുമായിരുന്നില്ല. എങ്കിലുമവൾ 'ഭയങ്കരമായി നല്ലവളാ'യിരുന്നു!"

'നല്ലവൾ' എന്ന വാക്കിനൊപ്പം 'ഭയങ്കരം' എന്ന് അയാൾ ചേർത്തത് കുട്ടികളെ ആശയക്കുഴപ്പത്തിലാക്കി. അവർ കേട്ടിട്ടുള്ള കഥകളിലൊന്നും

അങ്ങനെയില്ലാതിരുന്നതിനാൽ അവർ കൂടുതൽ താൽപര്യത്തോടെ അയാളെ ശ്രദ്ധിച്ചു.

“ബെർത്ത അതിശയകരമാം വിധം നല്ലവളായിരുന്നതിനാൽ മൂന്ന് മെഡലുകൾ അവൾക്കു ലഭിച്ചിട്ടുണ്ടായിരുന്നു. കൃത്യനിഷ്ഠയുള്ളതാണ് ഒന്നാമത്തേത്, ഒരിക്കലും നിയമങ്ങൾ തെറ്റിക്കാത്തതിനാണ് രണ്ടാമത്തേത്, നല്ല സ്വഭാവത്തിനുള്ളതായിരുന്നു മൂന്നാമത്തേത്. മൂന്നു മെഡലുകളും അവൾ അഭിമാനത്തോടെ എപ്പോഴും കഴുത്തിൽ തൂക്കി നടന്നു. രാജ്യത്ത് അവളെപ്പോലെ നല്ലവളായ മറ്റൊരു കുട്ടി ഇല്ലാത്തതിനാൽ രാജാവ് അവളെ തന്റെ പൂന്തോട്ടം സന്ദർശിക്കാനായി ക്ഷണിച്ചു.”

“ഭയങ്കരമായി നല്ലവൾ!” ചെക്കൻ പറഞ്ഞു.

തായി ഒരു സ്വപ്നം കണ്ടിട്ടുണ്ടായിരുന്നു. വേറൊരു സ്വപ്നത്തിൽ ക്ലോക്ക് തലയിൽവീണ് രാജാവ് മരിക്കുന്നതായും കാണുകയുണ്ടായി. അതിനാൽ ആ കൊട്ടാരത്തിൽ ക്ലോക്കുകളോ ആ പരിസരത്തെവിടെയെങ്കിലും ആടുകളെയോ അനുവദിച്ചില്ല.”

അയാൾ പറഞ്ഞതുകേട്ട് വൃദ്ധ വായ പൊളിച്ചിരുന്നുപോയി!

“എന്നിട്ട് രാജാവ് മരിച്ചോ?” ചെക്കൻ വീണ്ടും ചോദിച്ചു.

“ഇല്ല, ജീവനോടെയുണ്ട്. രാജാവിന്റെ മരണം എങ്ങനെയായിരിക്കുമെന്ന് നമുക്ക് പ്രവചിക്കാൻ കഴിയില്ല. പക്ഷേ രാജാവിന്റെ പൂന്തോട്ടത്തിൽ പന്നികളുണ്ടായിരുന്നു.”

“പന്നികളുടെ നിറം എന്തായിരുന്നു?”

**“നിന്റെയത്ര സുന്ദരിയൊന്നുമായിരുന്നില്ല. എങ്കിലുമവൾ ഭയങ്കരമായി നല്ലവളായിരുന്നു!” ‘നല്ലവൾ’ എന്ന വാക്കിനൊപ്പം ‘ഭയങ്കരം’ എന്ന് അയാൾ ചേർത്തത് കുട്ടികളെ ആശയക്കുഴപ്പത്തിലാക്കി. അവർ കേട്ടിട്ടുള്ള കഥകളിലൊന്നും അങ്ങനെയില്ലാതിരുന്നതിനാൽ അവർ കൂടുതൽ താൽപര്യത്തോടെ അയാളെ ശ്രദ്ധിച്ചു.**

“ആ ക്ഷണം അവൾക്ക് വലിയൊരു അംഗീകാരമായിരുന്നു. കാരണം കുട്ടികളെ ആ പൂന്തോട്ടത്തിൽ കയറ്റുമായിരുന്നില്ല.”

“ആ പൂന്തോട്ടത്തിൽ ആടുകളുണ്ടായിരുന്നോ?” ചെക്കൻ ചോദിച്ചു.

“ഇല്ല, ആ പൂന്തോട്ടത്തിൽ ആടുകളൊന്നും ഇല്ലായിരുന്നു.” അയാൾ പറഞ്ഞു.

“എന്തുകൊണ്ടാണ് അവിടെ ആടുകളൊന്നും ഇല്ലാതിരുന്നത്?” ചെക്കൻ വീണ്ടും ചോദിച്ചു.

അയാൾക്ക് ഉത്തരം മുട്ടിപ്പോവുമല്ലോ എന്നോർത്ത് വൃദ്ധ ഊറിച്ചിരിച്ചു.

“രാജാവിന്റെ അമ്മ, ആടിന്റെ കുത്തേറ്റ് രാജാവ് മരിക്കുന്ന

“കറുത്ത ഉടലും വെളുത്ത മുഖവും ഉള്ളവ, വെളുപ്പിൽ കറുത്ത പുള്ളികളുള്ളവ, ഉടൽ മുഴുവൻ പിങ്ക് നിറമോ ചാര നിറമോ ഉള്ളവ... ഒക്കെ ഉണ്ടായിരുന്നു.”

കുട്ടികളെ ആ പൂന്തോട്ടം ഭാവനയിൽ കാണാൻ സമയം നൽകാനായി അല്പനേരം നിർത്തിയശേഷം അയാൾ തുടർന്നു;

“ആ പൂന്തോട്ടത്തിൽ മരങ്ങളും കുറ്റിച്ചെടികളുമല്ലാതെ പൂക്കളൊന്നും ഇല്ലെന്നു കണ്ട് ബെർത്ത അതിശയിക്കുകയും സങ്കടപ്പെടുകയും ചെയ്തു. തോട്ടത്തിലെ പൂക്കൾ പറിക്കില്ലെന്ന് മാതാപിതാക്കൾക്ക് വാക്കുകൊടുത്തിട്ടാണ് അവൾ അവിടേക്കു വന്നത്.”

“എന്താണ് അവിടെ പൂക്കളൊന്നും ഇല്ലാത്തത്?” മൂത്ത പെൺകുട്ടിയാണ് അത് ചോദിച്ചത്.

“പൂക്കളൊക്കെ പന്നികൾ തിന്നും. ഒന്നുകിൽ പൂക്കൾ, അല്ലെങ്കിൽ പന്നികൾ, രണ്ടും കൂടി തോട്ടത്തിൽ സംരക്ഷിക്കാൻ പറ്റില്ല, എന്ന് തോട്ടം സൂക്ഷിപ്പുകാരൻ രാജാവിനോട് പറഞ്ഞിട്ടുണ്ടായിരുന്നു. പന്നികൾ മതിയെന്ന് രാജാവ് തീരുമാനിച്ചു.”

കുട്ടികൾക്ക് അസാധാരണമായ ആ തിരഞ്ഞെടുപ്പു കേട്ട് സന്തോഷമായതുപോലെ തോന്നി.

“മനോഹരമായ മറ്റു പലതും ആ പൂന്തോട്ടത്തിലുണ്ടായിരുന്നു. സംഗീത ജലധാരകൾ, സംസാരിക്കുന്ന വർണ്ണത്തത്തകൾ, ചുവപ്പ്-നീല-സ്വർണ്ണ നിറങ്ങളിലുള്ള മത്സ്യങ്ങൾ നീന്തിക്കളിക്കുന്ന കുളങ്ങൾ, ഹൃദ്യമായി പാടുന്ന പക്ഷികൾ... ഒക്കെ അവിടെ ഉണ്ടായിരുന്നു.

ഞാനിത്രയ്ക്കും നല്ലവളായതുകൊണ്ടാണല്ലോ തനിക്കിവിടേക്കു വരാൻ സാധിച്ചത് എന്നോർത്ത് ബെർത്ത അത്യധികം ആഹ്ലാദിച്ചു. അവളുടെ മാറിൽ തൂങ്ങിക്കിടന്നിരുന്ന മെഡലുകൾ കൂട്ടിമുട്ടി സംഗീതമുണ്ടായി.

എന്നാൽ രാജാവിനോ തോട്ടക്കാരനോ ബെർത്തയ്ക്കോ, ആർക്കുമറിയാത്ത, വേറൊരു ജീവി കൂടി ആ പൂന്തോട്ടത്തിൽ ഒളിച്ചിരിപ്പുണ്ടായിരുന്നു. പന്നികളെ പിടിക്കാൻ വന്ന മാംസക്കൊതിയനായ ഒരു ചെന്നായ!”

പെട്ടെന്ന് കുട്ടികളുടെ മുഖം ജീവസ്സുറ്റതായിത്തീർന്നു. കഥ കാര്യമായിത്തീരുകയാണ്!

“എന്താണ് അതിന്റെ നിറം?” കുട്ടികൾ ഒരുമിച്ച് ചോദിച്ചു.

"ചാരനിറം. രോമങ്ങൾ നിറഞ്ഞ നീണ്ട വാലും പിങ്കു നിറമുള്ള നാവും കൂർത്ത പല്ലുകളും ചുവന്ന കണ്ണുകളും അതിനുണ്ടായിരുന്നു.

അഴുക്കു പറ്റാത്ത തിളങ്ങുന്ന വെളുത്ത ഉടുപ്പായിരുന്നു ബെർത്ത ധരിച്ചിരുന്നത്. അതിനാൽ ചെന്നായ പെട്ടെന്നു തന്നെ അവളെ കണ്ടു. നല്ലൊരു ഇര കിട്ടിയ സന്തോഷത്തിൽ അത് അവളുടെ അടുത്തേക്കു നീങ്ങി."

"ഇനി ബെർത്ത എന്തു ചെയ്യും?" ചെക്കൻ ചോദിച്ചു.

"അവൾ പേടിച്ചോടി. അത്രയ്ക്കു നല്ലവളായതുകൊണ്ട് ഞാൻ അപകടത്തിൽ പെട്ടല്ലോ എന്ന് ഓട്ടത്തിനിടയിൽ അവൾ ഓർത്തു. ചെന്നായയിൽനിന്ന് രക്ഷപ്പെടാനായി ലോറൽച്ചെടികളുടെ കുറ്റിക്കാടിനുള്ളിലേക്ക് അവൾ എടുത്തുചാടി. ലോറൽച്ചെടിയുടെ രൂക്ഷഗന്ധത്തിൽ മണം കിട്ടാതെ, ചെന്നായ കുഴങ്ങിനിന്നു."

"പക്ഷേ, ഭയങ്കരമായി നല്ലവളായതിന് കിട്ടിയ മെഡലുകൾ ബെർത്തയെ ചതിച്ചു! ശ്വാസമെടുക്കുമ്പോൾ അവ കൂട്ടിമുട്ടി ശബ്ദമുണ്ടാക്കി. മടങ്ങിപ്പോവാൻ തുടങ്ങിയ ചെന്നായ തിരിഞ്ഞുനിന്ന് കുറ്റിക്കാട്ടിലേക്ക് കുതിച്ചുചാടി. അത് അവളെ കുറ്റിക്കാട്ടിൽനിന്ന് കടിച്ചെടുത്ത് വലിച്ചിഴച്ച് പുറത്തേക്കു കൊണ്ടുവന്നു. കുറച്ചുസമയത്തിനുശേഷം കീറിയ വസ്ത്രങ്ങളും ഷൂവും മൂന്ന് മെഡലുകളും മാത്രമേ ബെർത്തയുടെതായി അവിടെ അവശേഷിച്ചുള്ളൂ!"

ശ്വാസമടക്കിപ്പിടിച്ചിരുന്ന കുട്ടികൾ ഒരു ദീർഘശ്വാസമെടുത്തു.

"ചെന്നായ പന്നികളെ തിന്നില്ലേ?" ചെക്കൻ ചോദിച്ചു.

"ഇല്ല, അവയെല്ലാം ഓടി രക്ഷപ്പെട്ടു." അയാൾ പറഞ്ഞു നിർത്തി.

"തുടക്കം ബോറടിപ്പിച്ചു, എന്നാൽ ഒടുവിൽ കഥ ഗംഭീരമായി."

ഞെട്ടൽ വിട്ടുമാറി സന്തോഷം വീണ്ടെടുത്ത് പെൺകുട്ടികളിൽ ഇളയവൾ പറഞ്ഞു.

"ഇത്ര നല്ലൊരു കഥ ഞാൻ ഇതുവരെ കേട്ടിട്ടേയില്ല." മൂത്ത പെൺകുട്ടി പറഞ്ഞു.

"അതെ, ഞാനും ഇത്ര നല്ലൊരു കഥ ഇന്നേവരെ കേട്ടിട്ടില്ല. നന്ദി അങ്കിൾ!" ചെക്കൻ പറഞ്ഞു.

"എനിക്കങ്ങനെ തോന്നുന്നില്ല." വൃദ്ധ പറഞ്ഞു,

"ഞാൻ കേട്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വൃത്തികെട്ട കഥയാണിത്. വർഷങ്ങളെടുത്ത് കുട്ടികളെ പഠിപ്പിച്ച കാര്യങ്ങൾക്കൊക്കെ നിങ്ങൾ വിലയില്ലാതാക്കി."

അത്രയ്ക്കും ആത്മാർത്ഥമായാണ് വൃദ്ധ അത് പറഞ്ഞത്.

"ആയിരിക്കും, എന്തായാലും പതിനഞ്ചു മിനിറ്റുനേരം ഞാനവരെ അടക്കിയിരുത്തിയല്ലോ, നിങ്ങളുടെ അധ്യാപനം കൊണ്ട് സാധിക്കാത്തത്!"

ഇതും പറഞ്ഞ് സ്റ്റേഷനിൽ നിർത്താൻ വേഗത കുറച്ച ട്രെയിനിൽനിന്ന് തന്റെ ബാഗുമെടുത്ത് അയാൾ വാതിലിനടുത്തേക്കു നീങ്ങി.



# ബഹിരാകാശവും കാലാവസ്ഥയും

**ശ്യാം വി എസ്**

ലോക ബഹിരാകാശ വാരം
ഒക്ടോബർ 4 മുതൽ 10 വരെ

ചന്ദ്രന്റെ ഉടമസ്ഥാവകാശം ഏതു രാജ്യത്തിനാണ്? ഇങ്ങനെയൊരു ചോദ്യം കേട്ടാൽ നാം അമ്പരക്കും, മൂക്കത്തു വിരൽവയ്ക്കും. കാരണം ചന്ദ്രനെ ഏതെങ്കിലും ഒരു രാജ്യത്തിന്റെ മാത്രം സ്വത്തായി മാറ്റാൻ കഴിയില്ലല്ലോ. അത് എല്ലാവരുടെയും പൊതുസ്വത്തല്ലേ.


ഇപ്പോൾ നമ്മൾ ഇങ്ങനെ ചിന്തിക്കുന്നുണ്ടെങ്കിലും ബഹിരാകാശ പര്യവേക്ഷണങ്ങൾ തുടങ്ങുന്ന കാലത്ത് പല രാജ്യങ്ങളും ബഹിരാകാശം തങ്ങളുടെ സ്വത്താക്കി മാറ്റണമെന്ന് ആഗ്രഹിച്ചിരുന്നു. ബഹിരാകാശം ആരുടെയും സ്വന്തമാകാൻ പാടില്ലെന്നും അത് മനുഷ്യജനതയുടെ മുഴുവൻ സ്വന്തമാണെന്നുമുള്ള തിരിച്ചറിവ് പക്ഷേ ശാസ്ത്രലോകത്ത് അന്നും പ്രബലമായിരുന്നു. അങ്ങനെയാണ് 1967 ആയപ്പോഴേക്കും ലോകരാജ്യങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ ഒരു ഉടമ്പടിയിലേക്ക് എത്തിച്ചേരുന്നത്.

ആ ഉടമ്പടിപ്രകാരം ഇന്ന് ബഹിരാകാശവും ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും എന്നുവേണ്ട പ്രപഞ്ചത്തിലെ എല്ലാം എല്ലാവരുടെയും പൊതുസ്വത്താണ്. ആർക്കും ഇതിലൊന്നും തങ്ങളുടേതു മാത്രമാക്കി വയ്ക്കാൻ അവകാശമില്ല!



ബഹിരാകാശപര്യവേക്ഷണത്തിന്റെ ആഗോളപ്രാധാന്യം തിരിച്ചറിഞ്ഞ്, ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1999-ൽ ഒക്ടോബർ 4 മുതൽ 10 വരെയുള്ള ആഴ്ച ലോക ബഹിരാകാശവാരമായി പ്രഖ്യാപിച്ചു. 1957 ഒക്ടോബർ 4-ന് ആദ്യത്തെ കൃത്രിമോപഗ്രഹം സ്പുട്നിക് 1 വിക്ഷേപിച്ചതിന്റെയും 1967 ഒക്ടോബർ 10-ന് അന്താരാഷ്ട്ര ബഹിരാകാശ ഉടമ്പടി ഒപ്പുവെച്ചതിന്റെയും സ്മരണാർത്ഥമാണ് ഈ പരിപാടി നടക്കുന്നത്.

ബഹിരാകാശ പര്യവേക്ഷണത്തിന്റെ നേട്ടങ്ങൾ ആഘോഷിക്കുന്നതിനും ഭാവിതലമുറകളെ പ്രചോദിപ്പിക്കുന്നതിനുമൊക്കെയായി നിരവധി പരിപാടികളാണ് ലോക ബഹിരാകാശവാരത്തിൽ ലോകമെമ്പാടും നടക്കുന്നത്.



ആധുനിക ബഹിരാകാശ യുഗത്തിന് തുടക്കം കുറിച്ചത് സ്പുട്നിക് 1 എന്ന ഉപഗ്രഹത്തിന്റെ വിക്ഷേപണത്തോടെയാണ്. ഈ ഉപഗ്രഹത്തിന്റെ മാതൃകയുടെ ചിത്രം.

Photo: Steve Jurvetson / Wikimedia Commons

### ബഹിരാകാശ പര്യവേക്ഷണത്തിന്റെ പ്രാധാന്യം

ബഹിരാകാശ പര്യവേക്ഷണം മനുഷ്യ സമൂഹത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശാസ്ത്രം, സാങ്കേതികവിദ്യ, ഗവേഷണരംഗം എന്നിവയ്ക്ക് പുറമെ രാജ്യങ്ങൾ തമ്മിലുള്ള അന്താരാഷ്ട്ര സഹകരണത്തിലും ഉണ്ടായ വലിയ പുരോഗതിക്ക് ബഹിരാകാശ മേഖലയിലെ പ്രവർത്തനങ്ങൾ സംഭാവന നൽകി. ബഹിരാകാശ പര്യവേക്ഷണത്തിന്റെ ചില പ്രധാന നേട്ടങ്ങളെന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

### ശാസ്ത്ര-സാങ്കേതിക രംഗത്തെ മുന്നേറ്റം

ജ്യോതിശാസ്ത്രം, പ്രപഞ്ചവിജ്ഞാനീയം തുടങ്ങിയ മേഖലകളിലെ നിരവധി കണ്ടെത്തലുകളിലേക്ക് ബഹിരാകാശപര്യവേക്ഷണം നമ്മെ നയിച്ചു. പ്രപഞ്ചത്തിന്റെയും അതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളുടെയും രൂപീകരണം - പരിണാമം - ഘടന - പ്രവർത്തനം എന്നിവയെക്കുറിച്ചുള്ള അമൂല്യവിവരങ്ങൾ നമുക്ക് ലഭ്യമായത് നാം വിക്ഷേപിച്ച ദൂരദർശിനികളും ബഹിരാകാശ പേടകങ്ങളും വഴി ശേഖരിച്ച വിവരങ്ങളിൽ നിന്നാണ്.

ബഹിരാകാശ സാങ്കേതികവിദ്യയുടെ വികസനം ഇലക്ട്രോണിക്സ്, വാർത്താവിനിമയം, വൈദ്യശാസ്ത്രം തുടങ്ങി വിവിധ മേഖലകളിലും പുതിയ കണ്ടെത്തലുകൾക്ക് വഴിതെളിച്ചു. നാം ഉപയോഗിക്കുന്ന പലതരം ആശുപത്രി ഉപകരണങ്ങൾ, ജിപിഎസ്, സാറ്റലൈറ്റ് ടെലിവിഷൻ, കാലാവസ്ഥാപ്രവചനം തുടങ്ങി നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായ നിരവധി സാങ്കേതികവിദ്യകൾ ബഹിരാകാശപര്യവേക്ഷണത്തിന്റെ ഭാഗമായി രൂപംകൊണ്ടവയാണ്.

### അന്താരാഷ്ട്ര സഹകരണം

രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾക്കിടയിലും പൊതുലക്ഷ്യങ്ങൾ നേടിയെടുക്കാൻ വിവിധ രാജ്യങ്ങൾക്ക് എങ്ങനെ ഒരുമിച്ച് പ്രവർത്തിക്കാം എന്നതിന്റെ മികച്ച ഉദാഹരണമാണ്

ഇപ്പോഴും ഭൂമിയെ ചുറ്റിക്കറങ്ങുന്ന അന്താരാഷ്ട്ര ബഹിരാകാശ നിലയം (ഐ എസ് എസ്). ഇങ്ങനെ പലതരത്തിൽ അന്താരാഷ്ട്രരംഗത്തെ സഹകരണം ഊട്ടിയുറപ്പിക്കാൻ ബഹിരാകാശ ഗവേഷണത്തിനു കഴിയുന്നു.

# ബഹിരാകാശപര്യവേക്ഷണവും കാലാവസ്ഥയും

ഈ വർഷത്തെ ലോക ബഹിരാകാശ വാരാചരണത്തിന്റെ പ്രമേയം 'ബഹിരാകാശവും കാലാവസ്ഥാ വ്യതിയാനവും' എന്നതാണ്. ആഗോള താപനവും ഭൗമകാലാവസ്ഥയിൽ വന്ന മാറ്റങ്ങളും മനസ്സിലാക്കുന്നതിലും നേരിടുന്നതിലും ബഹിരാകാശ സാങ്കേതികവിദ്യ വലിയ പങ്കുവഹിക്കുന്നുണ്ട്. ഈ നിർണായകപങ്കിനെ എടുത്തുകാണിക്കുന്നതിനാണ് ഇത്തവണത്തെ ശ്രമം.

മനുഷ്യൻ ഇന്നോളം നടത്തിയിട്ടുള്ള ബഹിരാകാശപര്യവേക്ഷണദൗത്യങ്ങളും നമ്മുടെ കാലാവസ്ഥാപ്രവചനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. സൗരവികിരണം, അന്തരീക്ഷഘടന, സമുദ്രപ്രവാഹങ്ങൾ എന്നിവയുൾപ്പെടെ വിവിധ ഘടകങ്ങളാൽ സ്വാധീനിക്കപ്പെട്ട സങ്കീർണ്ണ സംവിധാനമാണ് ഭൂമിയുടെ കാലാവസ്ഥ. ഈ ഘടകങ്ങളെ പഠിക്കുന്നതിനും കാലക്രമേണയുള്ള മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനും ഒക്കെ ബഹിരാകാശത്തുനിന്നുള്ള നിരീക്ഷണങ്ങൾ വലിയ പങ്കുവഹിക്കുന്നു. വിലമതിക്കാനാവാത്ത വിവരശേഖരണമാണ് നാം ഉപഗ്രഹങ്ങളിലൂടെ നടത്തിയിട്ടുള്ളത്.

### ഭൗമനിരീക്ഷണ ഉപഗ്രഹങ്ങൾ

ഭൂമിയുടെ ഉപരിതലം, അന്തരീക്ഷം, സമുദ്രങ്ങൾ എന്നിവയുടെ ഉയർന്ന മിഴിവുള്ള സൂക്ഷ്മമായ ചിത്രങ്ങളും അറിവുകളും നമുക്ക് എത്തിച്ചുതരുന്നതിൽ ഭൗമനിരീക്ഷണ ഉപഗ്രഹങ്ങൾ നടത്തിയ പങ്ക് വളരെ വലുതാണ്. സമുദ്രനിരപ്പ്, മഞ്ഞുമലകൾ, വനങ്ങൾ, മറ്റ് പാരിസ്ഥിതികസൂചകങ്ങളിലെ മാറ്റങ്ങൾ ഒക്കെ നാം കൃത്യമായി അറിയുന്നത് ഈ ഉപഗ്രഹങ്ങൾ വഴിയാണ്.

കാലാവസ്ഥനിരീക്ഷണത്തിനു വേണ്ടി മാത്രമായുള്ള ഉപഗ്രഹങ്ങളുമുണ്ട്. ഇവ കാലാവസ്ഥാ പാറ്റേണുകൾ നിരീക്ഷിക്കുകയും മഴ, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയെക്കുറിച്ച് മുൻകൂട്ടി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. നമ്മുടെ കാർഷികരംഗവും സമ്പദ് വ്യവസ്ഥയും ഈ വിവരങ്ങളോട് ഏറെ കടപ്പെട്ടിരിക്കുന്നു.

### കാലാവസ്ഥാ മോഡലിങ്ങ്

കാലാവസ്ഥാ മാതൃകകൾ വികസിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ബഹിരാകാശത്തുനിന്നുള്ള ഡാറ്റയാണ് നാം ഉപയോഗിക്കുന്നത്. ഇത് ഭാവിയിലെ കാലാവസ്ഥ പ്രവചിക്കാൻ ശാസ്ത്രജ്ഞരെ സഹായിക്കുന്നു. അതുവഴി വേണ്ട മുന്നൊരുക്കങ്ങൾ കൈക്കൊള്ളാൻ നമുക്ക് സാധിക്കും.

ഇങ്ങനെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് വിലപ്പെട്ട വിവരങ്ങളും മനസ്സിലാക്കുന്നതിനു പുറമേ, ബഹിരാകാശ സാങ്കേതികവിദ്യയ്ക്ക് അതിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിലും നിർണ്ണായക പങ്കുവഹിക്കാനാകും.

### പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജം

സൗരോർജ്ജ-കാറ്റ് വൈദ്യുത നിലയങ്ങൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ തിരിച്ചറിയാനും അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും ബഹിരാകാശ അധിഷ്ഠിത സാങ്കേതിക വിദ്യകൾക്ക് കഴിയും.

### കാർബൺ നിരീക്ഷണം

ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ നിരീക്ഷിക്കാൻ ഉപഗ്രഹങ്ങൾക്ക് കഴിയും. മാറുന്ന കാലാവസ്ഥയും പരിസ്ഥിതിയും കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ഉള്ള നടപടികളും നയങ്ങളും സ്വീകരിക്കാൻ ഇത് നമ്മെ സഹായിക്കുന്നു.

### ദുരന്തനിവാരണം

ബഹിരാകാശത്തെ അടിസ്ഥാനമാക്കിയുള്ള ആശയവിനിമയ സംവിധാനങ്ങൾക്ക് പ്രകൃതി ദുരന്തങ്ങളുടെ സമയത്ത് ആവശ്യമായ പിന്തുണ നൽകാൻ കഴിയും. ദുരിതാശ്വാസ പ്രവർത്തനങ്ങൾ വളരെവേഗം ഏകോപിപ്പിക്കാൻ ഉപഗ്രഹഡാറ്റ സഹായിക്കും. വയനാട് ഉരുൾപൊട്ടൽപോലെയുള്ള സംഭവങ്ങളിൽ ഉപഗ്രഹചിത്രങ്ങൾ ഉപയോഗിച്ചത് കൂട്ടുകാർ ശ്രദ്ധിച്ചിട്ടില്ലേ?

### ബഹിരാകാശപര്യവേക്ഷണത്തിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതം

കാലാവസ്ഥാ വ്യതിയാനം കൈകാര്യം ചെയ്യുന്നതിൽ സ്പേസ് പദ്ധതികൾ നമ്മെ സഹായിക്കുമ്പോൾത്തന്നെ കാലാവസ്ഥാമാറ്റങ്ങൾ ബഹിരാകാശ പര്യവേക്ഷണത്തിന് കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നുമുണ്ട്. മഴ, കാറ്റ്, ചൂട് ഇവയിലെയൊക്കെ മാറ്റം വിക്ഷേപണമടക്കം പല ബഹിരാകാശഗവേഷണ പ്രവർത്ത

നങ്ങളെയും തടസ്സപ്പെടുത്തുകയും അപകട സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. മാത്രമല്ല, മാറുന്ന കാലാവസ്ഥ ഉപഗ്രഹങ്ങളുടെ പരിക്രമണ പഥത്തെപ്പോലും ബാധിക്കാം. ഭൂമിയിലെ സമുദ്ര നിരപ്പ് ഉയരുന്നത് തീരദേശത്തു സ്ഥാപിച്ചിട്ടുള്ള വിക്ഷേപണസൗകര്യങ്ങൾക്ക് ഭീഷണിയാകുന്ന അവസ്ഥ വന്നിട്ടുണ്ട്.

### അന്താരാഷ്ട്ര സഹകരണത്തിന്റെ പ്രാധാന്യം

കാലാവസ്ഥാ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നത് ഒരു ആഗോള വെല്ലുവിളിയാണ്. അതിന് അന്താരാഷ്ട്ര സഹകരണം ആവശ്യമാണ്. ഈ വെല്ലുവിളികളെ നേരിടാൻ, ബഹിരാകാശ ഏജൻസികളും ഗവേഷകരും സ്ഥാപനങ്ങളും ഒന്നുചേർന്നാണ് പ്രവർത്തിച്ചുവരുന്നത്. കാലാവസ്ഥയെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കാലാവസ്ഥാ പ്രവചനശേഷി മെച്ചപ്പെടുത്തുക, ബദൽ വിക്ഷേപണമാർഗങ്ങൾ വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഊന്നിയാണ് ഇപ്പോൾ ബഹിരാകാശരംഗം മുന്നോട്ടുനീങ്ങുന്നത്. ബഹിരാകാശപര്യവേക്ഷണം, കാലാവസ്ഥാ ശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട അറിവും വൈദഗ്ധ്യവും വിഭവങ്ങളും പങ്കിടുന്നതിനുള്ള ഒരു വേദിയായി ലോക ബഹിരാകാശവാരം മാറുകയാണ്. ഒരുമിച്ച് പ്രവർത്തിക്കുന്നതിലൂടെ, ഭൂമിയും മനുഷ്യരും കാലാവസ്ഥയും അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കാൻ കഴിയും.

### ബഹിരാകാശപര്യവേക്ഷണത്തിന്റെ ഭാവി

ഭാവിയിലേക്കു നോക്കുമ്പോൾ, ബഹിരാകാശ പര്യവേക്ഷണത്തിനുള്ള സാധ്യതകൾ വളരെ വിശാലമാണ്. നമ്മുടെ രാജ്യത്തിന്റെ ഉൾപ്പെടെ ബഹിരാകാശ മനുഷ്യദൗത്യങ്ങൾ, ചൊവ്വയിലേക്കുള്ള മനുഷ്യദൗത്യങ്ങൾ, ചന്ദ്രന്റെ കോളനിവൽക്കരണം, മറ്റ് സൗരയൂഥങ്ങളുടെ പര്യവേക്ഷണം, വലിയ ബഹിരാകാശ നിലയങ്ങൾ, ദൂരദർശിനികൾ, ഉപഗ്രഹങ്ങൾ എന്നിവയെല്ലാം നാം ഏറെ ആവേശത്തോടെ ഉറ്റുനോക്കുന്ന പദ്ധതികളാണ്. ഭിന്നതകളും നിക്ഷിപ്തതാല്പര്യങ്ങളും മാറ്റിവച്ചുകൊണ്ടുള്ള അന്താരാഷ്ട്ര സഹകരണത്തിലൂടെയാവും ഇവ പ്രാവർത്തികമാവുക.

ലോകരാജ്യങ്ങൾ തമ്മിലുള്ള ബഹിരാകാശ സഹകരണത്തിന്റെ ഏറ്റവും വലിയ പ്രതീകമാണ് അന്താരാഷ്ട്ര ബഹിരാകാശനിലയം.
2018 ഒക്ടോബർ 4ന് റോസ്കോസ്മോസിന്റെയും നാസയുടെയും യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തോടു വിടപറയുമ്പോൾ പകർത്തിയ ചിത്രം. Photo: NASA/Roscosmos



# ഇരുളും വെളിച്ചവും

**എം കൃഷ്ണദാസ്**

ക്ലാസിൽ, പിൻബെഞ്ചിനോടു ചേർന്നുള്ള ജനലിലൂടെയാണ് നയനയെ ഞാൻ ആദ്യമായി കാണുന്നത്. വാതിൽക്കൽ അവൾ വന്നുനിന്നപ്പോൾ ഒരു ഇംഗ്ലീഷുകാരിക്കുട്ടിയാണെന്നാണ് ആദ്യം തോന്നിയത്. അത്രയ്ക്കു വെളുപ്പായിരുന്നു അവൾക്ക്. അവളുടെ തലമുടിക്കും വെളുപ്പായിരുന്നു. ശരിക്കും ഒരു വെള്ളക്കാരി. ക്ലാസിൽ അപ്പോഴുണ്ടായിരുന്ന ഗോപൻമാഷ് ഒട്ടും താത്പര്യമില്ലാതെയാണ് അവളെ ക്ലാസിലേക്ക് കയറ്റിയത്. പതിവുപോലെ, പുതിയ കുട്ടിയെ അടുത്തിരുത്താൻ മുന്നിലെ ബഞ്ചുകാരാരും താത്പര്യം കാട്ടാതിരുന്നതുകൊണ്ട് അവൾ പെൺകുട്ടികളിരിക്കുന്ന സൈഡരികിലൂടെ നടന്നുനടന്ന് ഞാനിരിക്കുന്ന ബഞ്ചിനടുത്തെത്തി എന്തു ചെയ്യണമെന്നറിയാതെ അന്തിച്ചുനിന്നു. അത്തരം അകൽച്ചയും വേർതിരിവും എത്രയോ തവണ അനുഭവിച്ച മട്ടിലായിരുന്നു പുസ്തകസഞ്ചി നെഞ്ചിനോട് ചേർത്തുപിടിച്ചുള്ള അവളുടെ ആ നിൽപ്പ്. ഒരു അഭയാർത്ഥി പടിപ്പുറത്ത് വന്നു നിൽക്കുന്നപോലെയാണ് എനിക്കു തോന്നിയത്. പക്ഷേ, അവളുടെ കണ്ണിലെ സൂര്യത്തെളിച്ചം കണ്ട് ഞാൻ അവളെപ്പിടിച്ച് അടുത്തിരുത്തി.

സാധാരണ പുതിയൊരു കുട്ടി ക്ലാസിൽ വന്നാൽ അപ്പോൾ ക്ലാസിലുള്ള അധ്യാപകർ നവാതിഥിയെ ക്ലാസിനു മൊത്തം പരിചയപ്പെടുത്തുന്ന പതിവുണ്ട്. എന്നാൽ, ഗോപൻ മാഷ് അതുവരെ എടുത്തിരുന്ന ക്ലാസ് ഭാവഭേദമില്ലാതെ തുടരുക മാത്രമാണു ചെയ്തത്. അതറിഞ്ഞിട്ടെന്നപോലെ ഞാൻ അവളോടു ചോദിച്ചു:

"എന്താ കുട്ടീടെ പേര്?"

"നയന..." പുസ്തകസഞ്ചിയിൽനിന്നു ഗോപൻമാഷുടെ വിഷയത്തിന്റെ ടെക്സ്റ്റ് എടുക്കുന്നതിനിടയിൽ അവൾ പതിയെപ്പറഞ്ഞു.

"ഏത് സ്ക്കൂളിൽനിന്നാ വരുന്നത്?"

എനിക്ക് അവളെക്കുറിച്ചറിയാൻ എന്തോ കൂടുതൽ താത്പര്യം തോന്നി.

"കറുത്തിടം ഹൈസ്ക്കൂളിൽനിന്ന്..." മാഷ് അപ്പോൾ എടുക്കുന്ന പാഠം മറിക്കുന്ന തിരക്കിലായിരുന്നു അവളപ്പോൾ.

"അവിടുന്ന് പോരാനെന്താ കാരണം?"





എനിക്ക് ക്ലാസിനെക്കാൾ അവളെ അറിയാനായിരുന്നു ആഗ്രഹം.

"അവർക്ക് എന്നെ വേണ്ടാ അതന്നെ."

അതു പറയുമ്പോൾ അവളുടെ കൺകോണിൽ അല്പം നനവുണ്ടായോയെന്ന് സംശയം തോന്നി.

"അതെന്താ കാരണം?" ഞാൻ വിടാതെ ചോദിച്ചു.

"എന്റെ നിറം, അതന്നെ...." അവൾക്ക് എന്റെ ചോദ്യങ്ങൾ ഇഷ്ടപ്പെടുന്നില്ലെന്നു മറുപടി കേട്ടപ്പോൾ തോന്നി.

"വെളുപ്പ് നല്ല നിറമല്ലേ?" എന്റെ സംശയം തീർന്നില്ല.

"അതുകൊണ്ടായിരിക്കും ആ സ്കൂളിലെ പല കുട്ടികളും എന്നെ മദാമ്മ എന്നു വിളിച്ചിരുന്നത്..."

അവളുടെ കണ്ണിലെ നനവ് കൂടിയപോലെ തോന്നി.

"എട്ടാം ക്ലാസുവരെ ആ സ്കൂളിലല്ലേ കുട്ടി പഠിച്ചത്?" എനിക്ക് ഗോപൻമാഷുടെ ക്ലാസിനെക്കാൾ അവളെക്കുറിച്ചറിയാനായിരുന്നു ആകാംക്ഷ.

"അതെന്റെ നാലാമത്തെ സ്കൂളായിരുന്നു, ഇത് അഞ്ചാമത്തെയും..." അവൾ ഗോപൻമാഷ് എന്താണ് പറയുന്നതെന്നറിയാൻ ശ്രമിക്കുന്നതിനിടയിൽ പറഞ്ഞു.

"നീ വല്ല കുഴപ്പവും ഉണ്ടാക്കിയോ?"

"ഇല്ല. എല്ലായിടത്തും എന്റെ നിറമായിരുന്നു പ്രശ്നം..."

"എന്താ നിറത്തിനിത്ര പ്രശ്നം?" ഞാൻ സംശയം ചോദിച്ചു.

"എനിക്കെന്തോ മാരകരോഗമാണെന്നാണ് എല്ലാവരുടെയും വിചാരം. അതു പകരുമെന്ന് കരുതി ആരും എന്നെ അടുത്തിരുത്താറുകൂടിയില്ല."

എന്തോ ഓർത്തിട്ടെന്നപോലെ നയന എന്നിൽനിന്നു കുറച്ച് നിങ്ങിയിരുന്നുകൊണ്ടാണ് മറുപടി പറഞ്ഞത്.

"ഇപ്പോൾത്തന്നെ നോക്കൂ, മുൻബെഞ്ചുകാർ പേടിച്ചു പേടിച്ച് എന്നെ ഒളികണ്ണിട്ടു നോക്കുന്നത് കണ്ടില്ലേ?"

നയന പറഞ്ഞപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. ക്ലാസിലെ ആൺകുട്ടികളും പെൺകുട്ടികളും ഇത്തിരി ഭയത്തോടെയും ഇത്തിരി അദ്ഭുതത്തോടെയും ഞങ്ങളിരിക്കുന്ന ബഞ്ചിലേക്ക് ഇടയ്ക്കിടെ നോക്കുന്നുണ്ട്.

"അത് കുട്ടിക്കെങ്ങനെയാ മനസ്സിലായത്?"

ഞാൻ അദ്ഭുതത്തോടെ ചോദിച്ച സമയത്ത് രണ്ടാം പിര്യേഡിന് ബെല്ലടിച്ചു. ഗോപൻമാഷ് അതുവരെ ബോർഡിലെഴുതിയതെല്ലാം മായ്ച്, ഡസ്റ്ററിലെ ചോക്കുപൊടി തട്ടിക്കളയാൻ ജനാലയ്ക്കരികിൽ വന്ന സമയത്ത് നയനയെ ഒന്നു നോക്കിയെങ്കിലും, അവളോട് ഒന്നു മിണ്ടുകപോലും ചെയ്തില്ല. ക്ലാസിനു മുന്നിലേക്കു ചെന്ന് ഡസ്റ്റർ മേശപ്പുറത്തുവെച്ച് പുസ്തകങ്ങളുമായിറങ്ങുമ്പോൾ മാഷ് നയനയെ നോക്കി ചിരിച്ചോ എന്ന് തോന്നിയെന്നു മാത്രം.

അപ്പോഴേക്കും മിനി ടീച്ചർ ക്ലാസിലേക്ക് വന്നു.

മിനി ടീച്ചർ വരികയെന്നു പറഞ്ഞാൽ ക്ലാസിൽ ഒരു ആഘോഷം വരുന്നതുപോലെയാണ് ഞങ്ങൾക്ക്. ഓരോ കുട്ടിയെയും ടീച്ചർക്കറിയാം. ഞങ്ങളുടെ വീട്ടുകാരെക്കുറിച്ചും ടീച്ചർക്കറിയാം. പാൽപ്പായസംപോലെ സയൻസ്, ഇഷ്ടത്തോടെ കുട്ടികളെ പഠിപ്പിക്കാൻ ടീച്ചറെപ്പോലെ മറ്റാർക്കും കഴിയില്ല. കവിതപോലെ സുന്ദരമാണ് ടീച്ചറുടെ ക്ലാസ്.

"എല്ലാർക്കും സുഖമല്ലേ കൊച്ചുങ്ങളേ?"

ഞങ്ങളുടെ ഗുഡ് മോണിങ്ങോ, എഴുന്നേറ്റുനിൽക്കലോ ടീച്ചർക്കാവശ്യമില്ല. ഇഷ്ടപ്പെട്ട ഒരാൾ വീട്ടിലേക്ക് കയറിവരും പോലെയാണ് ടീച്ചറുടെ വരവ്.

"ഇവിടെയൊരു പുതിയ അതിഥി വന്നെന്നറിഞ്ഞു. അവളെവിടേ...?" ടീച്ചർ ക്ലാസ് മുഴുവൻ നോക്കി.

പിൻബെഞ്ചിൽ എന്റെയടുത്തിരിക്കുന്ന നയനയെ കണ്ട് വീണ്ടും ടീച്ചർ ചോദിച്ചു:

"നിങ്ങളെല്ലാം ഈ നയനക്കുട്ടിയെ പരിചയപ്പെട്ടുവോ?"

നയനയെ അടുത്തേക്കു വിളിച്ച്, അവളെ സ്വന്തം ശരീരത്തോടു ചേർത്തുനിർത്തിക്കൊണ്ട് ടീച്ചർ ചോദിച്ചു.

കുട്ടികൾ ഒരു വെള്ളപ്പാറ്റയെ കാണുന്നതുപോലെ നയനയെ അമ്പരപ്പോടെ, സംശയംനിറഞ്ഞ കണ്ണുകളോടെ നോക്കുന്നതുകണ്ട് ടീച്ചർ തുടർന്നു,

"നയനയെപ്പോലെ ചിത്രം വരക്കുന്ന കുട്ടിയില്ല. അവൾ നന്നായി പാട്ടുപാടും. അവളുടെ ബയോഡാറ്റ കണ്ടപ്പോഴാണ് ഞാൻ അദ്ഭുതപ്പെട്ടത്. അവൾക്ക് എല്ലാ വിഷയത്തിലും എല്ലാ ക്ലാസിലും ഫുൾ മാർക്കാ."

**മിനി ടീച്ചർ വരികയെന്നു പറഞ്ഞാൽ ക്ലാസിൽ ഒരു ആഘോഷം വരുന്നതുപോലെയാണ് ഞങ്ങൾക്ക്. ഓരോ കുട്ടിയെയും ടീച്ചർക്കറിയാം. ഞങ്ങളുടെ വീട്ടുകാരെക്കുറിച്ചും ടീച്ചർക്കറിയാം. പാൽപ്പായസംപോലെ സയൻസ്, ഇഷ്ടത്തോടെ കുട്ടികളെ പഠിപ്പിക്കാൻ ടീച്ചറെപ്പോലെ മറ്റാർക്കും കഴിയില്ല. കവിതപോലെ സുന്ദരമാണ് ടീച്ചറുടെ ക്ലാസ്.**

ടീച്ചർക്ക് അവളെക്കുറിച്ചു പറഞ്ഞു മതിയാവുന്നില്ല. ക്ലാസു മുഴുവൻ അമ്പരപ്പോടെ അവളെ, ഒരു അദ്ഭുതജീവിയെ കാണുന്നതുപോലെ നോക്കിയിരിക്കുമ്പോൾ ടീച്ചർ തുടർന്നു:

"പിന്നെ, അവളുടെ ഈ നിറം... നമ്മുടെ ശരീരത്തിന് നിറം നൽകുന്നതെന്താണെന്നറിയാമോ?"

"മെലാനിൻ." മുൻബെഞ്ചുകാർ വിളിച്ചു പറയുന്നതിനു മുമ്പ് ഞാൻ പറഞ്ഞു.

"മെലാനിൻ ഇല്ലാതെ ജനിക്കുന്ന കുട്ടികൾക്കാണ് ഇങ്ങനെ വെളുപ്പുനിറമുണ്ടാവുക. അതിനു പറയുന്ന പേരെന്താണെന്നറിയാമോ?"

ടീച്ചർ ഇതുതന്നെ ഒരു തഞ്ചമെന്നു കരുതി സയൻസ് ക്ലാസെടുക്കുകയായിരുന്നു.

"ആൽബനിസം."

ഞാൻ വീണ്ടും വിളിച്ചു പറഞ്ഞു.

"നമ്മുടെ ശരീരത്തിൽ മെലാനിൻ ഉള്ളതുകൊണ്ട് സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികളെ തടയും. നയനയുടെ തൊലിപ്പുറത്ത് മെലാനിൻ ഇല്ലാത്തതുകൊണ്ട് സൂര്യപ്രകാശം തട്ടിയാൽ പൊള്ളും. അപ്പോൾ നല്ല വെയിലത്തു നിന്ന് ഒഴിഞ്ഞുനിൽക്കണമെന്നു മാത്രം." നയനയെ ഒന്നുകൂടി ചേർത്തുനിർത്തിക്കൊണ്ട് ടീച്ചർ പറഞ്ഞു.

"അൽബനിസം പകരുകയൊന്നുമില്ല. ഒപ്പം കളിക്കാനോ, കെട്ടിപ്പിടിക്കാനോ, ഒരു പാത്രത്തിൽനിന്നു കഴിക്കാനോ, ഒരേ സോപ്പ് തേക്കാനോ മടിക്കേണ്ടതില്ല. മുത്തശ്ശിമാർ പറയുന്നതുപോലെ ഇത് ശാപമോ, രോഗമോ അല്ല. ശരീരത്തിൽ മെലാനിൻ ഇല്ലാത്ത കുറവു മാത്രമാണ്."

തങ്ങളുടെ പ്രിയപ്പെട്ട മിനി ടീച്ചർ അത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ കുട്ടികളുടെ മനസ്സിലെ ഇഷ്ടക്കേടുകളെല്ലാം എവിടെയോ പോയൊളിച്ചു, എന്നിട്ട് കുറച്ചുകൂടി ഇഷ്ടത്തോടെ നയനയെ നോക്കി.

"എല്ലാ സ്കൂളിലും നിറം കാരണം കുട്ടികൾ അവളെ അവഗണിച്ചെങ്കിലും അവൾ നന്നായി പഠിച്ചു. എല്ലാ മത്സരങ്ങളിലും വാശിയോടെ പങ്കെടുക്കുകയും ചെയ്തു. എല്ലാറ്റിലും ഇന്നവൾ ഒന്നാമതാണ്"

ടീച്ചർ അത്രയും പറഞ്ഞപ്പോഴേക്കും ഞാനവളെ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു. പിറകെ, ക്ലാസിലെ കുട്ടികളെല്ലാം എഴുന്നേറ്റുവന്ന് അവളെ തൊട്ടു. അതോടെ ക്ലാസിലാകെ ഒരു സംഗീതം നിറഞ്ഞു...



# ഭരണിയിലടച്ച വൈദ്യുതി

പായിപ്ര രാധാകൃഷ്ണൻ



ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
Photo: Joseph-Siffred Duplessis

വൃദ്ധനായ ഒരു ആട്ടിടയൻ തന്റെ ആട്ടിൻപറ്റത്തെയും തെളിച്ചുകൊണ്ട് ഒരു മലയടിവാരത്തിലൂടെ പോകുകയായിരുന്നു. ഒരു പാറക്കൂട്ടത്തിനിടയിലൂടെ കടന്നുപോകുമ്പോൾ തന്റെ ഇരുമ്പുവടി പാറയിൽ തട്ടിയപ്പോൾ ഉറച്ചുപോകുന്നതായി തോന്നി. അതിന്റെ കാരണം തേടിയെങ്കിലും കണ്ടെത്താനായില്ല. കാന്തികതമൂലം ആട്ടിടയന് ഉണ്ടായ ആ അനുഭവത്തിന്റെ പൊരുൾ നൂറ്റാണ്ടുകൾക്കു ശേഷം ഥെയിൽസ് എന്ന ശാസ്ത്രജ്ഞനാണ് കണ്ടെത്തുന്നത്.

കല്ലുപോലെ തോന്നിക്കുന്ന ഇരുണ്ട സ്വർണ്ണനിറമുള്ള ആംബർ എന്ന വസ്തു കനം കുറഞ്ഞ തൂവൽ, കടലാസ്സ് എന്നിവയെ ആകർഷിച്ചിരുന്നു. സൂര്യപ്രകാശത്തിൽ ഓറഞ്ചുനിറത്തിൽ തിളങ്ങുന്ന ഇത് മരത്തിന്റെ അവശിഷ്ടമായ ഫോസിലാണ്. പുരാതന ഗ്രീക്കുകാർ ആഭരണമായും ഇത് ഉപയോഗിച്ചിരുന്നു. കമ്പിളിത്തുണിയിൽ കുറെനേരം ഉരസിയാൽ ഇതിന് ആകർഷകമായ ശക്തി കൈവരുമായിരുന്നു. ആംബറിന്റെ ഗ്രീക്കുപേരായ ഇലക്ട്രിക് (Electric) ൽനിന്നുമാണ് ഇലക്ട്രിസിറ്റി എന്ന വാക്കുണ്ടായത്. ഘർഷണം മൂലം ആംബറിൽനിന്നുണ്ടായത് എന്നർഥമുള്ള Electrics എന്ന ലാറ്റിൻ പദത്തിൽനിന്ന് Electricity ഉണ്ടായിയെന്നും അഭിപ്രായഭേദമുണ്ട്.

ശാസ്ത്രരംഗത്ത് വലിയ കണ്ടുപിടിത്തങ്ങൾ നടത്തിയവരൊന്നും സൗകര്യങ്ങൾക്ക് നടുവിൽനിന്നല്ല ഉയർന്നുവന്നത്. ദരിദ്രരായ മാതാപിതാക്കളുടെ പതിനഞ്ചാമത്തെ പുത്രനായി ജനിച്ച ബഞ്ചമിൻ ഫ്രാങ്ക്ളിൻ കൈയിൽ കിട്ടിയ എന്തും ആർത്തിയോടെ വായിക്കുന്ന പ്രകൃതക്കാരനായിരുന്നു. ഹോളണ്ടിലെ സർവകലാശാലയിൽ തയ്യാറാക്കിയ ഒരു ചില്ലു ഭരണിയിൽ വൈദ്യുതി സൂക്ഷിച്ചുവയ്ക്കാം എന്ന വാർത്ത അങ്ങനെയാണ് ഫ്രാങ്ക്ളിൻ അറിഞ്ഞത്. അകത്തും പുറത്തും ടിൻ ഷീറ്റുകൊണ്ട് പൊതിഞ്ഞ സ്ഫടികപ്പാത്രത്തിലെ വെള്ളത്തിൽ ഒരു ലോഹഗോളം. ഇതു ചാർജുചെയ്തശേഷം സ്പർശിച്ചാൽ ഷോക്കടിക്കുമായിരുന്നു. ഫ്രാങ്ക്ളിൻ ഇത്തരമൊരു ഭരണി സ്വന്തമാക്കി.

കാര്യമായ വിദ്യാഭ്യാസമൊന്നും ലഭിക്കാത്ത ഫ്രാങ്ക്ളിൻ അപകടകരമാം വിധം അന്വേഷണങ്ങളും ഗവേഷണങ്ങളുമായി മുന്നോട്ടുപോയി. ഇടിമിന്നലിലെ വൈദ്യുതിയുടെ സാന്നിധ്യം അദ്ദേഹം മനസ്സിലാക്കി. ഭൂമിയും മേഘവും തമ്മിലുള്ള വൈദ്യുതഡിസ്ചാർജാണ് മിന്നലെന്ന ഫ്രാങ്ക്ളിന്റെ വാദഗതിയെ അന്നത്തെ പല ശാസ്ത്രജ്ഞരും പരിഹസിച്ചിരുന്നു. പക്ഷേ വൈദ്യുതിയുടെ ചരിത്രപാതയിൽ നിർണ്ണായകമായിരുന്നു ആ കണ്ടുപിടിത്തമെന്ന് പിന്നീട് കാലം മനസ്സിലാക്കി.



ലെയ്ഡൻ ജാർ എന്നറിയപ്പെടുന്ന ഭരണി.
Photo:
Rama / Wikimedia commons

കഥ

# ബുദ്ധിയുള്ള ചിത്രകാരൻ

പള്ളിയറ ശ്രീധരൻ


നന്ദികേശൻ എന്ന രാജാവുണ്ടായിരുന്നു. നല്ല ആരോഗ്യവും തടിമിടുക്കുമുള്ള സുമുഖനുമായ രാജാവ്. അയൽരാജ്യങ്ങളുമായി യുദ്ധം ചെയ്ത് അദ്ദേഹം തന്റെ രാജ്യം വലുതാക്കിക്കൊണ്ടിരുന്നു. ധാരാളം വീരയോദ്ധാക്കൾ സൈന്യത്തിൽ ഉണ്ടായിരുന്നതിനാൽ യുദ്ധങ്ങൾ ജയിക്കുക എളുപ്പമായിരുന്നു.

ഒരിക്കൽ അയൽരാജ്യവുമായുള്ള യുദ്ധത്തിൽ രാജാവിന്റെ കണ്ണിന് ചെറിയ പരിക്കുപറ്റി. നല്ല ചികിത്സകൾ നടത്തിയെങ്കിലും ആ കണ്ണിന്റെ കാഴ്ചശക്തി പൂർണ്ണമായി തിരിച്ചുകിട്ടിയില്ല; കണ്ണിന്റെ വൈരൂപ്യം മാറ്റാനും സാധിച്ചില്ല.

കലാകാരരെ രാജാവ് നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. സംഗീതത്തിൽ രാജാവിന് നല്ല താൽപര്യമായിരുന്നു. ഇടയ്ക്കിടയ്ക്ക് സംഗീതക്കച്ചേരികൾ നടത്തും. നന്നായി പാടുന്ന പാട്ടുകാരെ ക്ഷണിച്ചുവരുത്തി പാട്ടു പാടിക്കും. അവർക്ക് നല്ല സമ്മാനങ്ങൾ കൊടുക്കും.

നൃത്തം പഠിപ്പിക്കാൻ രാജ്യത്ത് നല്ല നൃത്താധ്യാപകർ ഉണ്ടായിരുന്നു. അവർ കുട്ടികളെ നൃത്തം പഠിപ്പിക്കും. ഇടയ്ക്ക് നൃത്തോത്സവമുണ്ടാകും. നന്നായി നൃത്തംചെയ്യുന്നവർക്ക് സമ്മാനങ്ങൾ നൽകും.

തന്റെ ഒരു നല്ല ചിത്രം വരപ്പിക്കണമെന്ന് രാജാവിനു തോന്നി. അഞ്ചു ചിത്രകാരന്മാരെ അതിനായി ചുമതലപ്പെടുത്തുകയും ചെയ്തു.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

അവർ രാജാവിനെ നോക്കി ചിത്രങ്ങൾ വരച്ചു. യാഥാർത്ഥ്യം മാനിക്കണമല്ലോ, ഒരു കണ്ണ് മറ്റേ കണ്ണുപോലെയല്ല. അല്പം വൈരൂപ്യമുണ്ട്. അതനുസരിച്ച് അഞ്ചു ചിത്രകാരന്മാരും കണ്ണിന് അല്പം പിശകുള്ളതായിത്തന്നെ വരച്ചു.

രാജാവ് ചിത്രങ്ങളെല്ലാം പരിശോധിച്ചു. എല്ലാവരും വരച്ച ചിത്രത്തിലും ഈ വൈരൂപ്യമുണ്ട്. അതുകൊണ്ടു തന്നെ രാജാവിന് ആ ചിത്രങ്ങളൊന്നും ഇഷ്ടമായില്ല.

രാജ്ഞിയും മറ്റു പരിവാരങ്ങളും ചിത്രം നോക്കി, രാജാവിന്റെ അനിഷ്ടം മാനിച്ച്, ചിത്രം അത്ര പോരാ എന്ന് അഭിപ്രായപ്പെട്ടു.

രാജാവിന് ചിത്രം തൃപ്തിയായില്ല എന്ന് എല്ലാവർക്കും മനസ്സിലായി. രാജാവ് അത് തുറന്നുപറയുകയും ചെയ്തു. യാതൊരു തകരാറുമില്ലാത്ത രീതിയിൽ രണ്ടു കണ്ണും ഒരു പോലെ വരച്ചാൽ രാജാവിന്റെ ശരിയായ ചിത്രമാവില്ല എന്ന് അവർക്കു തോന്നി.

ചിത്രങ്ങൾ കണ്ട ഒരു ചിത്രകാരൻ രാജാവിനെ കണ്ട് ഇങ്ങനെ പറഞ്ഞു:

"മഹാരാജാവേ അങ്ങയുടെ ചിത്രം ഇതിലും ഭംഗിയായി ഞാൻ വരയ്ക്കാം. അങ്ങ് അനുമതി തന്നാലും."

"നിനക്ക് അവസരം തരുന്നു. എനിക്ക് ഇഷ്ടപ്പെട്ട രീതിയിൽ ചിത്രം വരച്ചാൽ നിനക്ക് ഒരു സ്വർണ്ണനാണയം സമ്മാനം തരും." രാജാവ് സമ്മതിച്ചു.

ആ ചിത്രകാരൻ രാജാവിന്റെ ചിത്രം വരയ്ക്കാൻ തുടങ്ങി. രാജാവ് യുദ്ധക്കളത്തിൽ യുദ്ധം ചെയ്യുകയാണ്. ഒരു യോദ്ധാവിനു നേരെ തോക്കുപിടിച്ച് വെടിവെയ്ക്കാൻ ഒരുങ്ങുന്ന ചിത്രം!

രാജാവ് ലക്ഷ്യം നോക്കിക്കൊണ്ട് ഒരു കണ്ണടച്ചിരിക്കുന്നു!

രാജാവിന് ചിത്രം വളരെ ഇഷ്ടപ്പെട്ടു. കണ്ണിന് യാതൊരു അഭംഗിയുമില്ല. തികച്ചും സ്വാഭാവികമായ ചിത്രം.

ആ ചിത്രകാരന് രാജാവ് ഉടൻതന്നെ സ്വർണ്ണനാണയം സമ്മാനമായി നൽകി. ചിത്രകാരൻ സന്തോഷത്തോടെ അഭിമാനത്തോടെ ആ സമ്മാനം സ്വീകരിച്ചു.

കവിത

# നമ്മുടെ വയനാട്

## നിഷാ കുമാരി പി

മഴ മഴ വന്നു വയനാട്ടിൽ
മലയിൽ നിറയെ പെയ്തു
മല മല ചൂരൽമലയുടെ ഉള്ളിൽ
വെള്ളം നിറയെ കെട്ടി

ഉരുൾ ഉരുൾപൊട്ടി രാവിൽ
താഴോട്ടൊഴുകി മണ്ണും പാറയും
പൊലിഞ്ഞു പൊലിഞ്ഞു പോയി
നൂറുകണക്കിന് പ്രിയ ജീവനുകൾ

പോയി പോയി ഒലിച്ചു പോയി
പുഞ്ചിരിമട്ടോം മുണ്ടക്കൈയും
കഥ കഥ മാറിപ്പോയൊരു വയനാട്ടിൽ
ഇരുവഞ്ഞിപ്പുഴ കണ്ണീരായൊഴുകുന്നിപ്പോൾ


കൈകൾ കൈകളിൽ കോർക്കാം
ആവുന്നത് നാം ചെയ്യുമ്പോൾ
നിലവിളി ഉയർന്നൊരു വയനാട്ടിൽ
പുതു ജീവിതഗീതം ഉയരട്ടെ!


വര: സചീന്ദ്രൻ കാറഡ്ക്ക

# നീർക്കാട

**ഡോ. ഷീജാകുമാരി കൊടുവഴന്നൂർ**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *നീർപ്പക്ഷികളുടെ ലോകം* എന്ന പുസ്തകത്തിലെ ഒരു ഭാഗം.



**ഭാരം:** 40-60 ഗ്രാം

**നീളം:** 19-21 സെ. മീ.

വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

**ലോക ദേശാടനപ്പക്ഷി ദിനമാണ് 2024 ഒക്ടോബർ 12**

കേരളത്തിൽ തണുപ്പുകാലത്ത് വിരുന്നുവരുന്ന ഒരു ദേശാടനപ്പക്ഷിയാണ് നീർക്കാട. പേരുപോലെ, ഇത് വെള്ളത്തിനടുത്തുതന്നെയാണു കാണുക. കടലോരം മുതൽ പർവതശിഖരം വരെ വെള്ളം കാണുന്നയിടങ്ങലളിലെവിടെയും കാണാൻ കഴിയുന്ന ഒരു പക്ഷിയാണ് ഇത്.

കടൽ, കായൽ, തടാകങ്ങൾ, പുഴ എന്നിവയുടെ തീരത്തോ അല്ലെങ്കിൽ കുളക്കരയിലോ, ചതുപ്പിലോ, എന്തിന്, ചെളിവെള്ളം കെട്ടിക്കിടക്കുന്ന ഇടങ്ങളിൽപ്പോലും ഇവയെ കണ്ടെത്തിയെന്നുവരാം. ഏറെസമയവും മണ്ണിൽ ചെലവഴിക്കാനിഷ്ടപ്പെടുന്ന ഇവർ സെപ്റ്റംബർ മുതൽ മെയ് മാസം വരെയാണ് കേരളത്തിൽ കാണപ്പെടുന്നത്. മെയ് മാസമാകുന്നതോടെ ഇവയുടെ കൂടൊരുക്കൽ കാലമാകും. ഇവ സാധാരണായി കൂടൊരുക്കുന്നത് ഹിമാലയത്തിനു വടക്കുള്ള പ്രദേശങ്ങളിലാണ്. അതിനാൽ ഇവ ആ പ്രദേശങ്ങളിലേക്ക് പറന്നുപോകും.

കാലുകൾക്ക് നീളം കുറവാണ്. ചെറിയ തലയും കുറിയ കഴുത്തും ആണ് ഇവയ്ക്ക്. കൊക്കുകൾ മഞ്ഞനിറത്തിൽ അല്പം നീണ്ടതാണ്. തല, ചിറകുകൾ, പുറംഭാഗം, പുറംകഴുത്ത് എന്നിവ ഇരുണ്ട തവിട്ടുനിറം. അടിഭാഗം വെളുപ്പുനിറം. ചിറകിന്റെ നടുക്കായി നീളത്തിൽ ഒരു വെളുത്ത പട്ട കാണാം.

'പ്ലീ... പ്ലീ.. പ്ലീ...' എന്ന സവിശേഷശബ്ദത്തിനൊപ്പം ഇടയ്ക്കിടെ 'ച്വീ ച്വീ' എന്നും ഇവ ശബ്ദിക്കുന്നുണ്ട്. പിറകുഭാഗം ഇടയ്ക്കിടെ മേലോട്ടും കീഴോട്ടും ഉയർത്തിയും താഴ്ത്തിയും ചലിപ്പിക്കുന്നത് ഇവയുടെ പ്രത്യേകതയാണ്. ഈ ചലനം കൊണ്ടുതന്നെ ഇവയെ തിരിച്ചറിയാനാകും.

ചെറുമീനുകളും ചെറുപ്രാണികളും കക്കകളും ഒക്കെയാണ് ആഹാരം. ഒറ്റയ്ക്ക് ഇരതേടുന്നതാണ് ഇവയ്ക്കിഷ്ടം.

ചെളിവെള്ളത്തിലും പൊടിയിലുമൊക്കെയാണ് ജീവിക്കുന്നതെങ്കിലും നല്ല വൃത്തിയും വെടിപ്പും ഉള്ളവയാണ് ഇവ. തീറ്റയൊക്കെ കഴിച്ച് വയർ നിറഞ്ഞു കഴിഞ്ഞാൽ അവ കുളിച്ചു വൃത്തിയാകും. കുളി ഒരു പ്രത്യേകരീതിയിലാണ്. ആദ്യം കരയിൽനിന്ന് വെള്ളത്തിലേക്കിറങ്ങിനിന്ന് മുതുകുവരെ വെള്ളത്തിൽ മുക്കും. എന്നിട്ട് ശക്തിയായി കുടഞ്ഞ് തൂവലുകൾ വൃത്തിയാക്കും. ഇങ്ങനെ പലവട്ടം വെള്ളത്തിൽ മുക്കലും കുടയലും നടത്തും. പിന്നീട് കൊക്ക് വെള്ളത്തിൽ നനച്ച് തൂവലുകൾ ചീകി വൃത്തിയാക്കും. വൃത്തിയായി എന്നു ബോധ്യമായിക്കഴിഞ്ഞാൽ കരയ്ക്കു കയറി വെയിലത്ത് ചിറകുകൾ നിവർത്തി ഉണക്കും. നന്നായി ഉണങ്ങുവാൻ ഇടയ്ക്കിടെ തൂവലുകൾ ഇളക്കി വിറപ്പിക്കുകയും ചുണ്ടുകൊണ്ട് ചീകിച്ചീകി ജലാംശം കളയുകയും ചെയ്യും. കുളിക്കു ശേഷമുള്ള ആ പക്ഷിയുടെ കസർത്ത് കാണാൻ നല്ല രസമാണ്.

# സ്വപ്നനദി

മഞ്ജു പി എൻ

നിലാമുറ്റത്തു
തട്ടിമറിഞ്ഞ നിഴലിനെ
വെളുത്ത തൂവാല
വെളിച്ചത്തിൽ മുക്കി
തുടയ്ക്കുകയാണൊരു
മെല്ലിച്ച പെൺകുട്ടി

കുനിഞ്ഞു നിൽക്കുമവളുടെ
ചുവന്നപാവാടയിൽ വിരിഞ്ഞ
വെളുത്ത പൂക്കളിലൊന്ന്
കാറ്റിന്റെ കൈതട്ടി
ഉതിർന്നു വീഴുന്നുണ്ട്

അതു കണ്ടോടിച്ചെന്നൊരു
വികൃതിക്കുട്ടി, പാവാടപ്പൂമരം
നിർത്താതെ കുലുക്കുന്നു,
പൂക്കൾ കൊണ്ടുടൽ മൂടിയൊരു
പൂക്കുട്ടിയായ് ചിരിക്കുന്നു

അവളിതൊന്നുമറിയാതെ,
കറുത്തുപോയല്ലോ, തൂവാലയെ-
ന്നലക്കുവാനേതോ
സ്വപ്നനദിയുടെ
ഒഴുക്കിലേക്ക്
നിവരാൻ തുടങ്ങുന്നു.



വര: ബോബി എം പ്രഭ

# ഒരു സ്റ്റിക്കർച്ചിരി

**സൈജ എസ്**

ആദ്യാ ദീപു വരയ്ക്കുകയാണ്. എപ്പോഴും അങ്ങനെയാണ്. തലയിൽ തെങ്ങിൻതൈ വച്ച ഒരു പാവയെപോലെയാണവൾ! എങ്ങനെയാണ് മുടി ഇത്രയും കുത്തനെ കെട്ടിവയ്ക്കാനാവുന്നത്!

ടീച്ചർ പഠിപ്പിക്കുമ്പോഴും അവൾ വരയ്ക്കും. ടീച്ചർ ചോദ്യം ചോദിച്ചാലോ ആദ്യ തന്നെ ആദ്യം ഉത്തരവും പറയും. പക്ഷേ, ആദ്യ മെല്ലെയേ ടീച്ചറോട് സംസാരിക്കൂ. അവളോട് ഉറക്കെപ്പറയാൻ ടീച്ചർ എപ്പോഴും പറയും. എന്നിട്ടെന്താ, ഒരു കാര്യവുമില്ല.

ടീച്ചർക്ക് ഇന്ന് ആദ്യയെക്കുറിച്ച് രണ്ടു പരാതികൾ കിട്ടി. ഇന്നലെ മയൂഖയ്ക്ക് കൊടുത്ത സ്റ്റിക്കർ നാളെ തിരികെ കൊണ്ടുവന്നില്ലെങ്കിൽ മയൂഖയുടെ കഴുത്തു വെട്ടുമെന്ന് ആദ്യ പറഞ്ഞത്രെ! ഇതായിരുന്നു ഒന്നാം പരാതി. ഉച്ചഭക്ഷണം കഴിച്ച് കൈ കഴുകാൻ പോകുംവഴി അതീവ രഹസ്യമായാണ് ശ്രീനന്ദ അത് ടീച്ചറോട് പറഞ്ഞത്.

അവർ പോയിക്കഴിഞ്ഞ് ടീച്ചറിന്റെ നേരെ എതിർവശത്തിരുന്ന് വായിൽ വയ്ക്കുന്ന വറ്റുകൾക്ക് നോവുമെന്നോർത്തെന്നപോലെ പതിയെ ചവയ്ക്കുന്ന ആദ്യയെ നോക്കി ടീച്ചർ ചോദിച്ചു:



വര: ബാസി മറിയം

"സ്റ്റിക്കർ കൊണ്ടുവന്നില്ലെങ്കിൽ കഴുത്ത് വെട്ടോ?"

ഒരു പൂവ് വിടരുംപോലെ ആദ്യ ചിരിച്ചു.

'ഏ..! ഞാനൊന്ന് തള്ളിയതാ. ഇവര് അത് വിശ്വസിച്ചോ?' എന്ന മട്ടിലുള്ള കളങ്കമില്ലാത്ത ചിരിയിൽ ടീച്ചറും ഒപ്പം ചേർന്നു.

രണ്ടാം പരാതി ആദ്യയുടെ കൂട്ടുകാരുടേതായിരുന്നു.

"ടീച്ചറേ, ആദ്യാ ദീപു കരയുന്നു."

കൂട്ടമായാണ് അവരതു വിളിച്ചുപറഞ്ഞത്.

ശരിയാണ് ആദ്യാ ദീപു വാവിട്ട് നിലവിളിക്കുകയാണ്. ഇടയ്ക്ക് ആരവിന്റെ പേരും പറയുന്നുണ്ട്. ആരവ്, ആദ്യയുടെ തോളറ്റം വരെയേ ഉള്ളൂ. ഊർജ്ജസ്വലതയുള്ള കുട്ടി.

ടീച്ചർ ആരവിനോട് കാര്യം അന്വേഷിച്ചു. ആരവ് സ്റ്റിക്കറിനായി ആദ്യയുടെ കൈ പിടിച്ചു വലിച്ചു. കൈ ജനൽ ക്കമ്പിയിൽ ഉരഞ്ഞു. ടീച്ചർ വേഗത്തിൽ കാര്യം മനസ്സിലാക്കി ആദ്യയുടെ അടുത്തു ചെന്ന് കൈ നോക്കി.

ശരിയാണ് ഇത്തിരി പോറിയിട്ടുണ്ട്. ടീച്ചർ തടവിക്കൊടുത്തു. ആദ്യയുടെ കവിളിൽ ബ്രാക്കറ്റുപോലെ കണ്ണീർ വരകൾ ഒലിച്ചിറങ്ങിയിട്ടുണ്ടായിരുന്നു.

ടീച്ചർ ആദ്യയോട് സ്റ്റിക്കർ ബുക്ക് ചോദിച്ചു. ഞങ്ങളുടെ ക്ലാസിൽ പണിപ്പെട്ട് ഉണ്ടാക്കിയ പൂമ്പാറ്റപ്പുസ്തകംപോലെ ഒരു കുഞ്ഞുപുസ്തകം! നിറയെ പലതരം സ്റ്റിക്കറുകൾ ഒട്ടിച്ചിരുന്നു. മനോഹരം!

"ആദ്യാ, ആർക്കെല്ലാം സ്റ്റിക്കർ കൊടുത്തു?" ടീച്ചർ ചോദിച്ചു.

"അമേയയ്ക്ക് കൊടുത്തു."

ടീച്ചർ: "ആർക്ക്?"

ആദ്യ: "അമേയയ്ക്ക്..."

ടീച്ചർ കേൾക്കാത്ത മട്ടിൽ വീണ്ടും. "ആദ്യേ... ആർക്ക്?"

ആദ്യ: "അമേയയ്ക്ക്."

ടീച്ചർ വീണ്ടും, "ആർക്ക് യമുനയ്ക്കോ?"

സംഭവം എങ്ങനെ പരിഹരിക്കുമെന്നറിയാൻ സാകൂതം കേട്ടുനിന്ന ശിവാനി ക്ഷമ നശിച്ച് ഉറക്കെ കൂവിവിളിച്ചു:

"അമേയയ്ക്ക്."

ടീച്ചർ ശിവാനിയോടു ചോദിച്ചു:

"നീയാണോ ആദ്യ?"

ശിവാനി: "അല്ല."

ടീച്ചർ വീണ്ടും ചോദിച്ചു:

"പിന്നെ ആർക്കു കൊടുത്തു."

"അതിഥിക്ക് കൊടുത്തു. മയൂഖയ്ക്ക് കൊടുത്തു, അസ്ബയ്ക്കു കൊടുത്തു."

ടീച്ചർ: "ഇത്രയും പേർക്ക് കൊടുത്തിട്ട് നീയെന്തേ ആരവിനൊന്ന് കൊടുത്തില്ല? അതുകൊണ്ടല്ലേ അവനത് വാങ്ങാൻ വന്നത്."

അപ്പോഴാണ് എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആരവത് പറഞ്ഞത്.

"അല്ല, ടീച്ചർ. ഞാൻ സ്റ്റിക്കർ വാങ്ങാൻ ചെന്നതല്ല. താഴെ കിടന്ന ഒരു സ്റ്റിക്കർ അവളുടെ കൈയിൽ വച്ചു കൊടുക്കാൻ പോയതാ!" ആദ്യയുടെ കണ്ണീർവരകൾ ഫുൾ സ്റ്റോപ്പിട്ടതുപോലെ നിന്നു.

ടീച്ചർ ആരവിനെ ചേർത്തുപിടിച്ചു. എല്ലാവരും ആരവിനോട് ആദരവോടെ ചിരിച്ചു.

ആദ്യാ ദീപു പൊട്ടിച്ചിരിച്ചു.

ഏറ്റവും ഒടുവിൽ ടീച്ചർ ആദ്യയോട് ഒരു രഹസ്യം ചോദിച്ചു:

"രണ്ട് ചിറകുകൾ മേലെ മേലെ ഇരിക്കുന്ന ആ പക്ഷിയുടെ സ്റ്റിക്കർ എനിക്ക് തരുമോ?"

രഹസ്യം പരസ്യമായതുപോലെ മയൂഖ ഉറക്കെ വിളിച്ചു പറഞ്ഞു:

"അത് ടീച്ചർ ആ പക്ഷി സ്റ്റിക്കറിൽ തടവുന്നതു കണ്ടപ്പോഴേ എനിക്ക് തോന്നിയിരുന്നു."

ക്ലാസിൽ വീണ്ടും കൂട്ടച്ചിരി മുഴങ്ങി. ഒരു സ്റ്റിക്കർച്ചിരി!



# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## മായാ മഴവില്ല്

**സ്വാതി വി**
ക്ലാസ് 6, ജി യു പി എസ് പുത്തൂർ, പാലക്കാട്

എനിക്കുണ്ടൊരു മഴവില്ല്
വിലപ്പെട്ടൊരു മഴവില്ല്
പകരംവയ്ക്കാൻ കഴിയാത്ത
പല പല നിറമേഴും മഴവില്ല്

അടുക്കളയിലെ യന്ത്രമാകും
വിദ്യതരും പുസ്തകമാകും
നിറഞ്ഞൊഴുകും കുളിരാകും
സുന്ദരിയാം ദേവതയാകും

നന്മമനസ്സിൻ മഴവില്ല്
മായാത്തൊരു മഴവില്ല്
ചെറുതായ് മങ്ങും നേരത്ത്
ശൂന്യത നിറയും വീട്ടകം

മഴവില്ലുള്ളൊരു കാലം മുഴുവൻ
മരിക്കാനെനിക്കും പേടിയാ
മഴവില്ലില്ലാ കാലം വന്നാൽ
തിരിച്ചറിയും നാം അതിൻ വില.



വര: സചീന്ദ്രൻ കാറഡ്ക്ക

## വര



**ഇഷ നായർ**
ക്ലാസ് 4
അമൃത കൈരളി വിദ്യാഭവൻ
നെടുമങ്ങാട്, തിരുവനന്തപുരം

# ഒറ്റനേരങ്ങൾ

ആശ്വാസമുള്ള
മനസ്സുണ്ടാക്കാനാണ്
എന്നെ യാത്രയ്ക്കയച്ചത്
യാത്രകളൊന്നും
ആശ്വാസമേകുന്നില്ലെങ്കിൽ
ഒറ്റയായിരിക്കുന്ന
നേരങ്ങളിലേക്കുതന്നെ
എന്നെ തുറന്നുവിടൂ.





വര: സചീന്ദ്രൻ കാറഡ്ക്ക

**ശിവഗംഗ ബി ആർ**
ക്ലാസ് 7
നരിക്കുന്ന് യു പി സ്കൂൾ, എടച്ചേരി
വടകര, കോഴിക്കോട്

# പാലൈസ്

**അലിഡ കെ എം**
ക്ലാസ് 10
ജി എച്ച് എസ് എസ് കാരാകുറുശ്ശി
പാലക്കാട്

അഞ്ചാറു ദിവസമായി ഒന്ന് തമ്മിൽ മിണ്ടിയിട്ട്. വാശി മാറ്റാൻ അവനും തയ്യാറല്ല.

പതിവുപോലെ ഐസ് വണ്ടി എത്തി. ഞാൻ വേഗം അടുത്തേക്കോടി, ഏന്തി വലിച്ച് എത്തിനോക്കി. ഞാനും അവനും സ്ഥിരം വാങ്ങാറുള്ള പാലൈസ് തന്നെയാണ് വാങ്ങിയത്.
പക്ഷേ, എന്തെന്നറിയില്ല.
ഇന്നതിന് തീരെ രുചിയുണ്ടായിരുന്നില്ല!



വര: സചീന്ദ്രൻ കാറഡ്ക്ക

# നല്ല കൂട്ടുകാർ

**ഉത്തര നിഖിൽ പി**
ക്ലാസ് 4
സേക്രട്ട് ഹാർട്ട് കോൺവെന്റ്
എൽ പി സ്കൂൾ, തൃശ്ശൂർ


വര: സചീന്ദ്രൻ കാറഡുക്ക

ഒരു കാട്ടിൽ നാല് കൂട്ടുകാർ ഉണ്ടായിരുന്നു, ഉറുമ്പുകുട്ടനും, ഈച്ചക്കുട്ടിയും, അണ്ണാറക്കണ്ണനും, പിന്നെ പക്ഷിപ്പെണ്ണും.

അടുത്ത സുഹൃത്തുക്കൾ ആയിരുന്നു ഇവർ. അതിൽ പക്ഷിമാത്രം കുറച്ച് അഹങ്കാരിയായിരുന്നു. കൂട്ടുകാർ വളരെ സ്നേഹത്തോടെ പക്ഷിച്ചങ്ങാതിയെ ഉപദേശിക്കാറുണ്ട്. പക്ഷേ ആ ഉപദേശം അവൾക്കു തീരെ ഇഷ്ടമില്ലെന്നു മാത്രം. കൂട്ടുകാരിയെ എങ്ങിനെയെങ്കിലും നന്മയുള്ളവൾ ആക്കണമെന്ന് കൂട്ടുകാർക്ക് വളരെ ആഗ്രഹമുണ്ടായിരുന്നു.

എന്നും അവർ ഒത്തുകൂടാറുള്ള പുഴയുടെ തീരത്ത് ഉറുമ്പുകുട്ടനും, ഈച്ചക്കുട്ടിയും അണ്ണാറക്കണ്ണനും ഒരു ദിവസം എത്തി. പക്ഷേ പക്ഷിച്ചങ്ങാതിയെ മാത്രം കണ്ടില്ല. അവർക്ക് ആകെ പരിഭ്രമമായി, അവൾക്ക് എന്തെങ്കിലും ആപത്ത് പറ്റിയിരിക്കുമോ? അണ്ണാറക്കണ്ണൻ കരയാൻ തുടങ്ങി, അത് കണ്ട് ഈച്ചക്കുട്ടിയും കരച്ചിൽ ആരംഭിച്ചു. ഉറുമ്പുകുട്ടൻ ഇത്തിരി ധൈര്യശാലിയാണ്. അവൻ പറഞ്ഞു:

“നിങ്ങൾ ഇങ്ങനെ കരയരുത്, ധൈര്യത്തോടെ നിൽക്കൂ. അവളെ കണ്ടെത്താം.”

ഇതുകേട്ട് ഈച്ചക്കുട്ടി മൂക്കുപിഴിഞ്ഞു, അണ്ണാറക്കണ്ണൻ മുഖംതുടച്ചു. ഉറുമ്പ് പറഞ്ഞു,

“വരൂ കൂട്ടുകാരേ, നമുക്കൊന്നു പോയി നോക്കാം.”

അവരങ്ങനെ കിളിച്ചങ്ങാതിയെ അന്വേഷിച്ചിറങ്ങി. അവർ വഴിയിൽ കണ്ടവരോടെല്ലാം ചോദിച്ചു, പക്ഷേ ആരും പക്ഷിപ്പെണ്ണിനെ കണ്ടിട്ടില്ല.

അങ്ങിനെ അവർ മുന്നോട്ടു നടക്കവേ പെട്ടെന്ന് ഈച്ചക്കുട്ടി പറഞ്ഞു,

“എല്ലാവരും നിൽക്ക്, അതാ മാവിന്റെ മുകളിൽ അവൾ!”

എല്ലാവരും സന്തോഷത്തോടെ നോക്കി, അതാ പക്ഷിച്ചങ്ങാതി മാമ്പഴം കൊത്തിത്തിന്നുന്നു. അവർ സന്തോഷത്തോടെ ‘പക്ഷിപ്പെണ്ണേ...’ എന്നു വിളിച്ചു.

പക്ഷേ അവർ വന്നത് അവൾക്ക് ഇഷ്ടമായില്ല, അതുകൊണ്ട് അവരെ കണ്ടിട്ടുമവൾ സ്നേഹം കാണിച്ചില്ല.

കൂട്ടുകാർക്ക് വളരെ സങ്കടം ആയി, ഉറുമ്പുകുട്ടന് ദേഷ്യവും.

“കൂട്ടുകാരേ, ഇവളെ ഒരു പാഠം പഠിപ്പിക്കണം.”

ഉറുമ്പുകുട്ടൻ അവരുടെ ചെവിയിൽ സ്വകാര്യം പറഞ്ഞു. എന്നിട്ട് മൂന്നുപേരും കൂടി അവളുടെ അടുത്തുചെന്നു.

“ഞങ്ങൾക്കും മാമ്പഴം തരുമോ?” ഈച്ച ചോദിച്ചു.

“ഇത് എനിക്കുള്ളതാണ്.”

അപ്പോൾ ഉറുമ്പുകുട്ടൻ അണ്ണാറക്കണ്ണനെ നോക്കി. അണ്ണാറക്കണ്ണൻ പറഞ്ഞു:

“നീ എത്ര സുന്ദരിയാണ്.”

പക്ഷിച്ചങ്ങാതി അഹങ്കാരത്തോടെ ചിറകു കുടഞ്ഞു. അപ്പോൾ ഈച്ചക്കുട്ടി പറഞ്ഞു:

“നീ ആകാശത്തിനു കീഴെ പറക്കുന്നതു കാണാൻ എന്തു ചന്തമാണ്, ഒരുപാട് അകലെ

THALIRU
October 2024, Volume 31, Issue No. 10, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan

വരെ നിനക്ക് പറക്കാൻ കഴിയും”

പക്ഷേ ഉറുമ്പു പറഞ്ഞു,

“ഇല്ല. അവൾക്ക് കഴിയില്ല.”

പക്ഷിക്കു ദേഷ്യമായി.

“നീ പറയ്, എത്ര ദൂരം വേണമെങ്കിലും ഞാൻ പറന്നു കാണിക്കാം.”

“ശരി, എങ്കിൽ നീ അങ്ങ് അകലെയുള്ള മലമുകളിൽ പോയിവരൂ.”

അവൾ അഹങ്കാരത്തോടെ പറക്കാൻ തുടങ്ങി. അവൾ കണ്ണിൽനിന്ന് മറഞ്ഞപ്പോൾ കൂട്ടുകാർ പൊട്ടിച്ചിരിച്ച്, മാമ്പഴം മുഴുവനും തിന്നുതീർത്തു.

കുറച്ചു കഴിഞ്ഞപ്പോൾ വളരെ അവശതയോടെ പക്ഷിച്ചങ്ങാതി തിരിച്ചുവന്ന് അഹങ്കാരത്തോടെ പറഞ്ഞു:

“നിങ്ങൾ കണ്ടില്ലേ, ഞാൻ അത്രയും ദൂരം പറന്നത്.”

കൂട്ടുകാർ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു,

“ഞങ്ങൾക്കറിയാം ഞങ്ങളുടെ കൂട്ടുകാരി മിടുക്കിയാണെന്ന്, പക്ഷേ ഇത്തിരി അഹങ്കാരം ഉണ്ടെന്നു മാത്രം.”

ഇതും പറഞ്ഞ് ഉറുമ്പു കുട്ടൻ പാടി,

“ആഹാ... എന്തു മധുരമീ മാമ്പഴം.

എന്തു രുചിയീ മാമ്പഴം...”

അവൾ നോക്കിയപ്പോൾ മാമ്പഴം കാണുന്നില്ല! തന്റെ അഹങ്കാരം ആണ് ഇതിനെല്ലാം കാരണം. അവൾക്ക് ലജ്ജ തോന്നി, കൂട്ടുകാരോട് മാപ്പ് പറഞ്ഞു.

“ഇനി എന്നും നമ്മൾ നല്ല കൂട്ടുകാരായാരിക്കും.”

അവൾ മൂന്നുപേരെയും കെട്ടിപ്പിടിച്ചു. അപ്പോൾ സന്തോഷംകൊണ്ട് എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു.

# തളിര് സ്കോളർഷിപ്പ് 2024 ന് കനറ ബാങ്കിന്റെ സ്പോൺസർഷിപ്പ്



**കേരള** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് 2024 ന് രണ്ടു ലക്ഷം രൂപയുടെ സ്പോൺസർഷിപ്പ് നൽകി കനറാ ബാങ്ക്.

വയനാട് ഉരുൾപൊട്ടൽ ദുരന്ത മേഖലയിലെ സ്കൂളിലെ എല്ലാ കുട്ടികളെയും തളിര് സ്കോളർഷിപ്പിന് പങ്കെടുപ്പിക്കാൻ ഈ സ്പോൺസർഷിപ്പിലൂടെ സാധ്യമാവും. ഇതുകൂടാതെ കേരളത്തിലെ മറ്റെല്ലാ ജില്ലയിലെയും സാമ്പത്തികമായി ബുദ്ധിമുട്ടു നേരിടുന്ന കുട്ടികൾ കൂടി ഈ സ്പോൺസർഷിപ്പിലൂടെ തളിര് സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി മാറും.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ കനറ ബാങ്ക് ഡിവിഷണൽ മാനേജർ കേശവമൂർത്തി ബി വി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരന് തുക കൈമാറി. കനറാ ബാങ്ക് മാനേജർ വിനോദ് വി, ഓഫീസർ അനീഷ് എസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ദീപ വി ടി, ഓഫീസ് മാനേജർ ബി എസ് പ്രദീപ് കുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970
Regd KL/TV (N)/399/2024-2026
October 2024
Published on 01-10-2024 Vol:31, Issue: 10, ₹25



## തളിര് മാസിക
## തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ**
**250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/**
**മണിയോർഡർ/ഡിഡി**
**ആയി അയക്കുക.**

**Account Number : 30583524448**
**IFS Code : SBIN0004360**
**Bank: SBI - SPL PBB,**
**Thiruvananthapuram**

## ഓൺലൈനിൽ പണമടയ്ക്കാൻ

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ
അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക
ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും
മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം
(പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ)
കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്
ഒരു കത്ത് / ഇമെയിൽ (thaliru@ksicl.org)
കൂടി അയക്കണം. **8547971483** എന്ന
നമ്പറിലേക്ക് വാട്സ്ആപ്പ് ആയും
റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.

